# ഖുർആനും
# ഇതര വേദങ്ങളും

എം.എം. അക്ബർ

# ഖുർആനും
# ഇതര വേദങ്ങളും

നിച്ച് ഓഫ് ട്രൂത്ത്

qur'anum ithara vedangalum
(qur'an and other scriptures)
malayalam
author:
m.m.akbar
publishers:
niche of truth
kalabhavan road, cochin- 18
first edition :september 2002
typesetting : creative media
cover : yoonus
printing: screen o site, cochin

**price: rs. 25/-**

**ഈ** ലോകത്തിനൊരു സ്രഷ്ടാവുണ്ട്- ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ്. നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിൻെറ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിൻെറ കണക്ക് മരണശേഷം നാം സ്രഷ്ടാവിൻെറ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തൻെറ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യൻെറ രക്ഷാമാർഗം.

നമുക്ക് ലോകസ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിൻെറ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് 'നിച്ച് ഓഫ് ട്രൂത്ത്'.

നാഥാ, സത്യമത സന്ദേശപ്രചരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിൻെറ നിർവഹണത്തിനു വേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**ഡയറക്ടർ**

മറ്റു മൃഗങ്ങളെ പോലെ ജന്മവാസന കൊണ്ട് മാത്രം ജീവിക്കുവാൻ മനുഷ്യന് കഴിയില്ല. ഒരു സാമൂഹ്യജീവി എന്ന നിലയ്ക്ക് തന്റെ ജീവിതത്തിൽ പാലിക്കേണ്ട വിധിവിലക്കുകളെ കുറിച്ച് സ്വന്തമായി ഗവേഷണം ചെയ്ത് കണ്ടു പിടിക്കുവാനുള്ള കഴിവും ദൈവം മനുഷ്യന് നൽകിയിട്ടില്ല. സാമൂഹ്യ ഘടനക്കനുസൃതമായി ധാർമിക നിയമങ്ങൾ നിർമിക്കാമെന്ന് അവകാശപ്പെടുന്നവർ ഉണ്ടാക്കിയെടുത്ത സദാചാര മൂല്യങ്ങളിലധികവും മനുഷ്യ സമൂഹത്തിന് നാശവും നഷ്ടവും മാത്രമാണ് വരുത്തി വെച്ചിരിക്കുന്നത്. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കാൻ നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന തമ്പുരാന് മാത്രമേ കഴിയൂ. ജീവിതത്തിൽ സ്വീകരിക്കേണ്ട വിധിവിലക്കുകൾ എന്തൊക്കെയാണെന്ന് പ്രായോഗികമായി അഭ്യസിപ്പിക്കുവാൻ വേണ്ടിയാണ് ദൈവം പ്രവാചകൻമാരെ പറഞ്ഞയച്ചത്. അവർ ദൈവിക ബോധനത്തിന്റെ അടിസ്ഥാനത്തിലാണ് സംസാരിച്ചിരുന്നത് എന്നതിനാലാണ് വിശ്വാസ യോഗ്യരാകുന്നത്. പ്രവാചകന്മാരിലൂടെ മാനവരാശിക്ക് ദൈവം വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചു കൊടുത്തു. മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ പാലിക്കേണ്ട മാർഗനിർദേശങ്ങളാണ് വേദഗ്രന്ഥങ്ങളിലുണ്ടായിരുന്നത്. ഇഹപര ജീവിത വിജയത്തിനാവശ്യമായ നിയമനിർദേശങ്ങളുടെ സമാഹാരമാണ് വേദം എന്നു പറയാം.

മനുഷ്യർ ഒരേ മാതാപിതാക്കളുടെ മക്കളാണ്. ആദമിന്റെയും ഹവ്വ യു ടെയും മക്കൾ. മനുഷ്യരെല്ലാം ഒരൊററ സമുദായമായിരുന്നു. ഏക നായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുകയും അവന്റെ വിധിവിലക്കു കൾ പാലിക്കുകയും ചെയ്തിരുന്ന സമുദായം. പിന്നീട് അവർ ഭിന്നി ച്ചു. ദൈവിക മാർഗനിർദേശങ്ങളിൽനിന്നുള്ള വ്യതിചലനം ഏതൊരു സമൂഹത്തിലും ഭിന്നിപ്പിനും സ്പർധയ്ക്കും മാത്രമേ നിമിത്തമാകൂ. മനുഷ്യൻ ഭിന്നിച്ചപ്പോൾ ദൈവികമായ ഐക്യത്തിന്റെ പാന്ഥാവിലേക്ക് അവരെ നയിക്കാൻ പ്രവാചകന്മാർ നിയോഗിക്കപ്പെട്ടു. ഭിന്നിപ്പിന് തീർപ്പു കൽപിക്കുവാനും യഥാർത്ഥത്തിലുള്ള ദൈവിക നിയമ നിർദേശങ്ങൾ പഠിപ്പിക്കുവാനും വേണ്ടി വേദങ്ങൾ നൽകുകയും ചെയ്തു. വേദങ്ങ ളിലെ വിധിവിലക്കുകളനുസരിച്ച് ജീവിക്കുന്ന സമൂഹത്തിൽ ഭിന്നിപ്പു ണ്ടാകുകയില്ലെന്ന് സ്പഷ്ടമാണ്.

എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ പിന്നീട് ഭിന്നിക്കുകയും പരസ്പരം സംഘട്ടനങ്ങളിലേർപ്പെടുകയും ചെയ്തുവെന്നാണ് ചരിത്ര ത്തിൽനിന്ന് നാം മനസ്സിലാക്കുന്നത്. വേദങ്ങളിലെ നിയമനിർദേശങ്ങ ളിൽ നിന്ന് അതിന്റെ അനുയായികളെന്നവകാശപ്പെടുന്നവർ അകന്നു പോയതും സ്വാർത്ഥികളായ പുരോഹിതന്മാർ ജനങ്ങളെ ചൂഷണം ചെയ്യാൻ വേണ്ടി വേദതത്വങ്ങളിലും വചനങ്ങളിൽ തന്നെയും മായം ചേർത്തതുമാണ് ഇതിന് കാരണം. അവസാനത്തെ വേദഗ്രന്ഥമായ ഖുർ ആൻ ഇക്കാര്യം വ്യക്തമാക്കുന്നത് കാണുക. "മനുഷ്യർ ഒരൊററ സമു ദായമായിരുന്നു. അനന്തരം സന്തോഷ വാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ ഭിന്നിച്ച വിഷയത്തിൽ തീർപ്പ് കൽപ്പിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചു കൊടുത്തു. എന്നാൽ വേദം നൽ കപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നു കിട്ടിയ ശേഷം അതിൽ ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാൽസര്യം മൂലമല്ലാതെ മറ്റൊന്നു കൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യ പ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താനുദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു" *(ഖുർആൻ 2:213).*

എല്ലാ പ്രവാചകന്മാർക്കും അവതരിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽ വിശ്വസിക്കേണ്ടത് സത്യവിശ്വാസികളുടെ കടമയാണ്. ഖുർആൻ പറയു ന്നത് നോക്കുക. "സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂത





നിലും അവന്റെ ദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു" *(ഖുർആൻ 4:136).*

"പറയുക, അല്ലാഹുവിലും ഞങ്ങൾക്കവതരിപ്പിക്കപ്പെട്ടതിലും ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്ത തികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ടതിലും, മൂസാക്കും ഈസാക്കും മററു പ്രവാചകന്മാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെ ട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിലാർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാണ്" *(ഖുർആൻ 3:84).*

മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളെയെല്ലാം ശരിവെച്ചു കൊണ്ടും അംഗീകരിച്ചു കൊണ്ടുമാണ് ഖുർആൻ അവതീർണമായി രിക്കുന്നത്. ഇക്കാര്യം ഖുർആൻ തന്നെ പ്രഖ്യാപിക്കുന്നത് കാണുക. "(നബിയേ) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നി രിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്" *(ഖുർആൻ 5:48).*

ഓരോ പ്രവാചകനും തനിക്കു മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥ ങ്ങളെ അംഗീകരിച്ചു കൊണ്ടാണ് കടന്നു വന്നത്. എല്ലാ പ്രവാചകൻ മാർക്കും ജനങ്ങൾക്ക് മുന്നിൽ വെക്കുവാനുണ്ടയിരുന്ന സന്ദേശത്തിന്റെ ഐക്യഭാവം കൊണ്ടാണിത്. അവർക്കെല്ലാം അടിസ്ഥാനപരമായി പഠി പ്പിക്കുവാനുണ്ടായിരുന്നത് ഒരേ ആശയാദർശങ്ങൾ തന്നെയായിരുന്നു; വേദങ്ങളുടെയെല്ലാം അടിസ്ഥാന തത്വങ്ങൾ ഒന്നു തന്നെയായിരുന്നു. അവ തമ്മിലുള്ള വ്യത്യാസം ഏതാനും ചില നിയമങ്ങളുടെ കാര്യത്തിൽ മാത്രമായിരുന്നു. ഇസ്രായിലിലേക്ക് അയക്കപ്പെട്ട പ്രവാചകനായ യേശു പറഞ്ഞതായി ഖുർആൻ രേഖപ്പെടുത്തുന്നത് നോക്കുക. "എന്റെ മുമ്പി ലുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദി ച്ചുതരുവാൻ വേണ്ടിയുമാകുന്നു (ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്)" *(ഖുർആൻ 3:50).*

ഇക്കാര്യം സുവിശേഷങ്ങളും ഉദ്ധരിക്കുന്നുണ്ട് "നിയമത്തെയോ

പ്രവാചകരെയോ റദ്ദാക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്ന് നിങ്ങൾ ധരിക്കണ്ട. റദ്ദാക്കാനല്ല, നിറവേറ്റാനാണ് ഞാൻ വന്നിരിക്കുന്നത്" *(മത്തായി.5:17).*

ഖുർആനിൽ നാല് വേദങ്ങളുടെ മാത്രമേ പേര് പറഞ്ഞിട്ടുള്ളൂ. മൂസക്ക് (അ) അവതരിപ്പിക്കപ്പെട്ട തൗറാത്തും, ദാവീദിന് (അ) അവതരിപ്പിക്കപ്പെട്ട സബൂറും, യേശുവിന് (അ) അവതരിപ്പിക്കപ്പെട്ട ഇഞ്ചീലും, മുഹമ്മദിന് (സ) അവതരിപ്പിക്കപ്പെട്ട ഖുർആനുമാണവ. എന്നാൽ ഇവയല്ലാതെയും വേദങ്ങൾ അവതരിക്കപ്പെട്ടിട്ടുണ്ടെന്നതിന് ഖുർആനിൽ സൂചനകളുണ്ട്. നൂഹ്, ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസ, ഹാറൂൻ, സകരിയ്യ, യഹ്‌യ, ഈസാ, ഇൽയാസ്, ഇസ്മാഈൽ, അൽയസഅ്, യൂനുസ്, ലൂത്വ് തുടങ്ങിയ പ്രവാചകൻമാരുടെ പേര് പറഞ്ഞ ശേഷം അല്ലാഹു നടത്തുന്ന പരാമർശം ശ്രദ്ധേയമാണ്. "നാം വേദവും വിജ്ഞാനവും പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രെ അവർ"*(ഖുർആൻ 2:213).* ഇതിൽ നിന്ന് മുകളിൽ പ്രസ്താവിക്കപ്പെട്ട പ്രവാചകൻമാരിൽ ചിലർക്കെങ്കിലും വേദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാണല്ലോ.

ഏകദൈവത്താൽ നിയോഗിക്കപ്പെട്ട പ്രവാചകൻമാരിലൂടെ അവതരിക്കപ്പെട്ടതാണ് വേദഗ്രന്ഥങ്ങളെങ്കിൽ പിന്നെയെന്തുകൊണ്ടാണ് ഇന്ന് നിലനിൽക്കുന്ന വേദങ്ങൾ തമ്മിൽ വൈരുദ്ധ്യങ്ങളും ആശയസംഘട്ടനങ്ങളുമുണ്ടായത്? ഇതിന്നുള്ള ഉത്തരവും ഖുർആൻ തന്നെ നൽകുന്നുണ്ട്.

"എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം; അതുമുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടി. അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം" *(ഖുർആൻ 2:79)*

"വേദഗ്രന്ഥത്തിലെ വാചകശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽപെട്ടതാണെന്ന് നിങ്ങൾ ധരിക്കുവാൻ വേണ്ടിയാണത്. അത് വേദഗ്രന്ഥത്തിലുള്ളതല്ല. അവർ പറയും അത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണെന്ന്. എന്നാൽ അത് അല്ലാഹുവിങ്കൽ നിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയാണ്." *(ഖുർആൻ 3:78)*





"വേദക്കാരേ, നിങ്ങളെന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടിക്കലർത്തുകയും അറിഞ്ഞു കൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യുന്നത്?" *(ഖുർആൻ 3:71).*

മനുഷ്യനിർമിത വചനങ്ങളെ ദൈവികവചനങ്ങളായി അവതരിപ്പിക്കുകയും ദൈവികവചനങ്ങളിൽ വളച്ചൊടിക്കലുകൾ നടത്തുകയും സത്യവും അസത്യവും കൂട്ടിക്കലർത്തുകയും സത്യം മറച്ചുവെക്കുകയും ചെയ്തതുകൊണ്ടാണ് വേദഗ്രന്ഥങ്ങൾ വികലമായി തീർന്നത് എന്ന വസ്തുത വ്യക്തമാക്കുന്നതാണ് മുകളിൽ സൂചിപ്പിച്ച ഖുർആൻ സൂക്തങ്ങൾ. മുൻകാല വേദങ്ങളിൽ മനുഷ്യരുടെ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന വസ്തുതയിലേക്ക് ബൈബിൾ പഴയനിയമം നിരവധി സൂചനകൾ നൽകുന്നുണ്ട്. ഉദാഹരണത്തിന് ഞങ്ങൾ മോശയുടെ നിയമത്തിന്റെ വക്താക്കളാണെന്ന അവകാശ വാദമുന്നയിച്ച യഹൂദ പുരോഹിതൻമാരോട് ജറമിയ പ്രവാചകൻ പറയുന്നതായി ബൈബിൾ ഉദ്ധരിക്കുന്ന വചനം നോക്കുക. "ഞങ്ങൾ ജ്ഞാനികൾ, കർത്താവിന്റെ നിയമം ഞങ്ങളുടെ പക്കലുണ്ട് എന്നുപറയാൻ നിങ്ങൾക്ക് എങ്ങനെ കഴിയും? എന്നാൽ ഇതാ വേദജ്ഞരുടെ വ്യാജതൂലിക അതിനെ അസത്യമാക്കിയിരിക്കുന്നു". *(യിരെമ്യ8:8)* വേദജ്ഞരെന്നവകാശപ്പെട്ടവർ ന്യായപ്രമാണത്തെ തിരുത്തുകയും വ്യാജമാക്കുകയും ചെയ്തുവെന്നാണല്ലോ ഈ വചനം വ്യക്തമാക്കുന്നത്.

പ്രവാചകൻമാരുടെ പേരിൽ മററു പലരും എഴുതിയുണ്ടാക്കിയ പുസ്തകങ്ങളാണ് ബൈബിളിലുള്ളതെന്ന വസ്തുത ബൈബിൾ പണ്ഡിതൻമാർ സമ്മതിച്ചിട്ടുണ്ട്. പ്രഗൽഭ ബൈബിൾ പണ്ഡിതനായ റവ: എ.സി. ക്ലേയിറ്റൺ എഴുതുന്നത് കാണുക. "പുരാതന ഗ്രന്ഥകർത്താക്കളിൽ ചിലർ വിശിഷ്ടമായ ഒരു ഉപദേശത്തെ പ്രതിപാദിക്കുന്നതിന് ആഗ്രഹിച്ചാൽ അവർ തങ്ങൾ പറയുന്ന ഉപദേശം ദാവീദ്, ഹനോക്, യശയ്യാവ് മുതലായ മഹാൻമാർ പറയുന്നുവെന്ന് ഭാവിച്ച് വാസ്തവത്തിൽ തങ്ങൾ തന്നെ എഴുതുന്നവയെ ആ മഹാൻമാർ എഴുതിയതെന്ന് പറയുന്നത് അബദ്ധമാണെന്ന് വിചാരിച്ചിരുന്നില്ല." *(ബൈബിൾ നിഘണ്ടു: പുറം 523).*

ബൈബിൾ പണ്ഡിതനായ പി.ടി.കുരുവിളയും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. "മിക്ക പ്രവചനങ്ങളിലും പ്രവാചകൻമാരുടെ വ്യക്തമായുള്ള അരുളപ്പാടുകളും അവരുടെ ജീവചരിത്ര സംഭവങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്.

എന്നാൽ മിക്ക പ്രവചനങ്ങളും അവയിൽ നാമകരണം ചെയ്തിട്ടുള്ള പ്രവാചകൻമാർ രചിച്ചിട്ടുള്ളതല്ലെന്നും, അവ അവരുടെ ശിഷ്യഗണങ്ങളോ മററു സമ്പാദകരോ എഴുതിയിട്ടുള്ളതാണെന്നും കരുതപ്പെടുന്നു" *(ബൈബിൾ നൂററാണ്ടുകളിലൂടെ. പുറം 8).*

വേദഗ്രന്ഥങ്ങളെയെല്ലാം ശരിവെക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഖുർആൻ പക്ഷേ, തന്നിഷ്ടത്തിനനുസരിച്ച് വിശുദ്ധ വേദങ്ങളിൽ കൈക്രിയകൾ നടത്തിയ പൗരോഹിത്യത്തെ അതിശക്തമായി അപലപിക്കുന്നുണ്ട്. മുമ്പ് അവതരിപ്പിച്ച വേദഗ്രന്ഥങ്ങളെല്ലാം തിരുത്തപ്പെടുകയോ മറച്ചുവെക്കപ്പെടുകയോ മാററപ്പെടുകയോ ചെയ്തപ്പോഴാണ് ദൈവം തമ്പുരാൻ അവസാനത്തെ വേദഗ്രന്ഥമായ ഖർആൻ അവതരിപ്പിച്ചത്. പുരോഹിതൻമാർ മറച്ചുവെച്ച ദൈവികനിയമങ്ങൾ വെളിപ്പെടുത്തുകയും അവർ പ്രയാസപൂർണമാക്കിയ മതനിയമങ്ങൾ ലഘൂകരിക്കുകയും ചെയ്തുകൊണ്ടാണ് അത് അവതീർണമായത്. മുമ്പുള്ള വേദഗ്രന്ഥങ്ങളെ മുഴുവൻ കാത്തുരക്ഷിക്കുന്നതാണ് ഖുർആൻ എന്നാണ് അത് സ്വയം പരിചയപ്പെടുത്തുന്നത്. മാനുഷിക കരവിരുതുകളാൽ വികലമാക്കപ്പെട്ട വേദഗ്രന്ഥങ്ങളിലെ യഥാർത്ഥ ദൈവികവിധികൾ വ്യക്തമാക്കുകയും മനുഷ്യവചനങ്ങളിൽ നിന്ന് അവയെ വേർതിരിച്ച് മനസ്സിലാക്കിത്തരികയും ചെയ്യുന്ന ഖുർആൻ സത്യത്തിൽ വേദഗ്രന്ഥങ്ങളെ അവയുടെ ആശയതലത്തിൽ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യം ഖുർആൻ തന്നെ വ്യക്തമാക്കുന്നത് കാണുക. "(നബിയേ), നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്. അതിനാൽ നീ അവർക്കിടയിൽ നാം അവതരിപ്പിച്ചതനുസരിച്ച് വിധി കൽപിക്കുക. തനിക്ക് വന്നുകിട്ടിയ സത്യത്തെ വിട്ട് നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപററിപ്പോകരുത്" *(ഖുർആൻ 5:48).*

"വേദക്കാരേ, വേദഗ്രന്ഥത്തിൽ നിന്ന് നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്ന പലതും നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നുകൊണ്ട് നമ്മുടെ ദൂതൻ നിങ്ങൾക്കടുത്ത് വന്നിരിക്കുന്നു. പലതും അദ്ദേഹം മാപ്പാക്കുകയും ചെയ്യുന്നു.നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു" *(ഖുർആൻ 5:15).*

കൈകടത്തലുകൾക്ക് വിധേയമായ മററു വേദഗ്രന്ഥങ്ങളിൽ നിന്ന് ഖുർആനിനെ വ്യതിരിക്തമാക്കുന്നതെന്തൊക്കെയാണ്?. അതിന്റെ സവി





ശേഷതകളെന്തൊക്കെയാണ?. അതുമാത്രമാണ് ലക്ഷണമൊത്ത വേദഗ്രന്ഥമെന്ന് എങ്ങനെ പറയാനാകും?. നാം പരിശോധിക്കുക.

## <u>അവകാശ വാദം</u>

ആദ്യം ആട്ടിടയനും പിന്നെ കച്ചവടക്കാരനുമായിരുന്ന ഒരു മനുഷ്യനായിരുന്നു മുഹമ്മദ് (സ). ജനിക്കുന്നതിന് മുമ്പേ പിതാവും ഏഴ് വയസ്സുള്ളപ്പോൾ മാതാവും മരണപ്പെട്ട അദ്ദേഹം തികച്ചും അനാഥനായാണ് തന്റെ ബാല്യകാല ജീവിതം മുന്നോട്ടു നയിച്ചത്. സത്യസന്ധതയ്ക്ക് തന്റെ ചെറുപ്പം മുതൽക്കേ പ്രസിദ്ധനായിരുന്നു മുഹമ്മദ് (സ). അദ്ദേഹത്തിന്റെ ജീവിതത്തിൽ എപ്പോഴെങ്കിലും ഒരു കളവ് പറഞ്ഞതായോ വഞ്ചന നടത്തിയതായോ ആരും ആരോപിച്ചിട്ടില്ല. നാൽപത് വയസ്സുവരെ അദ്ദേഹം യാതൊരു സാഹിത്യാഭിരുചിയും പ്രകടിപ്പിച്ചിട്ടില്ല. നിരക്ഷരനായ അദ്ദേഹത്തിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള ഒരു സാഹിത്യസൃഷ്ടിയുണ്ടായിട്ടുമില്ല.

മുഹമ്മദിന് (സ) നാൽപത് വയസ്സുള്ളപ്പോഴാണ് വിശുദ്ധ ഖുർആൻ അവതരിക്കപ്പെടാനാരംഭിച്ചത്. അറബി സാഹിത്യത്തിന് അന്നു വരെ അജ്ഞാതമായിരുന്ന അതിസുന്ദരമായ ശൈലിയാണ് ഖുർആനിന്റേത്. ഗദ്യവും പദ്യവുമല്ലാത്ത വിസ്മയാവഹമായ ശൈലി. ഖുർആനിന്റെ ഉള്ളടക്കമാകട്ടെ അതിവിശാലവും ഗഹനവുമാണ്. നിയമഗ്രന്ഥങ്ങൾ കണ്ടിട്ടില്ലാത്ത മുഹമ്മദിലൂടെ (സ) ലോകം ശ്രവിച്ച ഖുർആൻ വചനങ്ങളിൽ അതുല്യമായ നിയമനിർദേശങ്ങളുണ്ട് . മുഹമ്മദ് (സ) ചരിത്രം പഠിക്കുകയോ മുൻകാല വേദങ്ങൾ പാരായണം ചെയ്യുകയോ ചെയ്തിട്ടില്ല. എന്നാൽ ഖുർആനിൽ വ്യക്തവും സ്പഷ്ടവുമായ ചരിത്രാഖ്യാനങ്ങളും ധാർമിക സംഹിതകളും പ്രകൃതി വിവരണങ്ങളുമെല്ലാമുണ്ട്. ഈ വിവരണങ്ങളിലൊന്നും യാതൊരുവിധ അബദ്ധങ്ങളോ വൈരുദ്ധ്യങ്ങളോ ഇല്ലതാനും. എല്ലാവിധ വിജ്ഞാനീയങ്ങളിലും അഗാധമായ അറിവുള്ളവന് മാത്രമേ അത് രചിക്കാനാകൂ എന്ന വസ്തുത ഖുർആനിലൂടെ കണ്ണോടിക്കുന്ന ആർക്കും സുതരാം വ്യക്തമാകും.

ഒരു ഗ്രന്ഥത്തിന്റെ കർത്താവിനെക്കുറിച്ച് അറിയുക പ്രധാനമായും ആ ഗ്രന്ഥത്തിനകത്തുനിന്ന് തന്നെയാണ്. ഒന്നാമതായി ഗ്രന്ഥകർത്താവിന്റെ പേര് ഗ്രന്ഥത്തിലെവിടയെങ്കിലും പരാമർശിക്കപ്പെട്ടിട്ടുണ്ടോയെന്നാണ് ഇക്കാര്യം അന്വേഷിക്കുന്ന വ്യക്തി പരിശോധിക്കുക. ദൈവികഗ്രന്ഥമെന്ന് പരിചയപ്പെടുത്തപ്പെടുന്ന കുറേയധികം പുസ്തകങ്ങൾ

ഇന്ന് നിലനിൽക്കുന്നുണ്ട്. ഈ ഗ്രന്ഥങ്ങളിലേതെങ്കിലുമൊന്ന് സ്വയം ദൈവികമെന്ന അവകാശവാദം ഉന്നയിക്കുന്നുണ്ടോയെന്ന ചോദ്യം പ്രസക്തമാണ്. ഗ്രന്ഥങ്ങളുടെ അനുയായികൾ അവ ദൈവികമാണെന്ന് അവകാശപ്പെടാറുണ്ടെന്നത് ശരി തന്നെ. എന്നാൽ ഇങ്ങനെ അവകാശവാദമുന്നയിക്കപ്പെടാറുള്ള ഗ്രന്ഥങ്ങളിലൊന്നും അവ ദൈവികമാണെന്നുള്ള പ്രഖ്യാപനം കാണാറില്ല. ഇന്ന് നിലനിൽക്കുന്ന വേദഗ്രന്ഥങ്ങളിൽ മിക്കതിലും അവ മനുഷ്യരുടെ രചനയാണെന്ന് പ്രത്യക്ഷമോ പരോക്ഷമോ ആയി പരാമർശിക്കുന്നത് കാണാം. ചുരുക്കത്തിൽ ഖുർആനല്ലാത്ത വേദഗ്രന്ഥങ്ങളിലൊന്നും തന്നെ അവ ദൈവം തമ്പുരാൻ അവതരിപ്പിച്ചതാണെന്ന അവകാശവാദം ഉൾക്കൊള്ളുന്നില്ല.

ഖുർആനിന്റെ സ്ഥിതി ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അതിന്റെ വചനങ്ങൾക്കിടയിലെല്ലാം തന്നെ അതിന്റെ രചയിതാവിനെക്കുറിച്ച പരാമർശങ്ങൾ കാണാൻ കഴിയും. സ്വയം ദൈവികമെന്ന് അവകാശപ്പെടുന്ന ഏക ഗ്രന്ഥം ഖുർആനാണെന്നർഥം. അതിന്റെ ഉള്ളടക്കവും ആശയഗാംഭീര്യവും രചനാരീതിയുമെല്ലാം അതിന്റെ അവകാശവാദത്തിന്റെ സത്യതക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. ഖുർആൻ ദൈവികമാണെന്ന് സ്വയം പ്രഖ്യാപിക്കുന്ന ഏതാനും വചനങ്ങൾ കാണുക.

“തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു” *(ഖുർആൻ 26:191).*

“ഈ ഗ്രന്ഥത്തിന്റെ അവതരണം സർവ്വ ലോകരക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല”*(ഖുർആൻ 32:2).*

“പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവൻ അവതരിപ്പിച്ചതത്രെ ഇത് (ഖുർആൻ)” *(ഖുർആൻ 36:5).*

**സംരക്ഷണം**

വേദഗ്രന്ഥങ്ങളെല്ലാം അവതരിപ്പിച്ചത് സർവ്വ ലോകരക്ഷിതാവായ തമ്പുരാൻ തന്നെയാണ്. അതുകൊണ്ട് തന്നെ വേദഗ്രന്ഥങ്ങളിലെല്ലാം വിശ്വസിക്കേണ്ടത് ഒരു സത്യവിശ്വാസിയുടെ ബാധ്യതയാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. “പറയുക, അല്ലാഹുവിലും ഞങ്ങൾക്ക് അവതരിക്കപ്പെട്ടതിലും ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതരിക്കപ്പെട്ടതിലും മൂസാക്കും ഈസാക്കും മററു പ്രവാചകൻമാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ





നിന്ന് നൽക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിലാർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു”*(ഖുർആൻ 3:84).*

മോശെക്ക് അവതരിപ്പിക്കപ്പെട്ട തൗറത്തും ദാവീദിന് നൽക്കപ്പെട്ട സബൂറും യേശുവിന് അവതരിപ്പിക്കപ്പെട്ട ഇഞ്ചീലും ദൈവിക ഗ്രന്ഥങ്ങളാണെന്നും അവയിൽ മാർഗ ദർശനമുണ്ടെന്നുമുള്ള വസ്തുത ഖുർആൻ പലതവണ വ്യക്തമാക്കുന്നുണ്ട്.

“തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗ ദർശനവും പ്രകാശവുമുണ്ട്'' *(ഖുർആൻ 5:44).*

“ദാവൂദിന് നാം സബൂർ എന്ന വേദം നൽകുകയും ചെയ്തിരിക്കുന്നു” *(ഖുർആൻ 17.55).*

“സൻമാർഗ നിർദേശവും സത്യപ്രകാശവുമടങ്ങിയ ഇഞ്ചീലും നാം അദ്ദേഹത്തിന് (ഈസാക്ക്) നൽകി” *(ഖുർആൻ 5:46).*

എന്നാൽ ഈ വേദഗ്രന്ഥങ്ങളിലേതെങ്കിലും അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്ന് നിലനിൽക്കുന്നുണ്ടോ? ഇല്ലെന്ന് ബൈബിൾ പണ്ഡിതൻമാരെല്ലാം സമ്മതിക്കുന്നു.

മോശെക്ക് ദൈവം അവതരിപ്പിച്ചതായി പറയുന്ന തോറയുടെ സ്ഥിതി പരിശോധിക്കുക. മൂസാക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്തിനെക്കുറിച്ച് ഖുർആൻ പറയുന്നത് നാം കണ്ടുവല്ലോ. ദൈവം മോശെക്ക് നൽകിയ നിയമ പുസ്തകമാണ് തോറയെന്ന വസ്തുത ബൈബിളും സമ്മതിക്കുന്നുണ്ട്.

“കർത്താവ് മോശെയോട് കൽപിച്ച നിയമത്തിലെ (തോറ) ചട്ടം ഇതാണ്.” *(സംഖ്യ 31:21)*

“യോർദാന്റെ മറുകരയിൽ മോവാബ് ദേശത്ത് വെച്ച് മോശെ ഈ നിയമം (തോറ) വിശദീകരിക്കാൻ തുടങ്ങി” *(ആവർത്തനം1:5).*

ബൈബിൾ പഴയ നിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളാണ് മോശെയുടെ ന്യായപ്രമാണമായി അറിയപ്പെടുന്നത്. ഉൽപത്തി, പുറപ്പാട്, സംഖ്യ, ലേവ്യ, ആവർത്തനം എന്നീ പഞ്ചപുസ്തകങ്ങൾ മോശെക്ക് ദൈവം അവതരിപ്പിച്ച ഗ്രന്ഥങ്ങളാണെന്ന് പറയാൻ ക്രിസ്ത്യൻ ഫണ്ടമെന്റലിസ്ററുകൾ പോലും സന്നദ്ധമാകാറില്ല. മോശെക്ക് ദശാബ്ദങ്ങൾക്ക് ശേഷം രചിക്കപ്പെട്ടതാണ് പഞ്ചപുസ്ത

കങ്ങളിലെ പല ഭാഗങ്ങളുമെന്ന വസ്തുത പ്രസ്തുത പുസ്തകങ്ങൾ ഒരാവർത്തി വായിച്ചാൽ ആർക്കും ബോധ്യപ്പെടും. മോശെയുടെ മരണത്തെയും ശവകുടീരത്തെയുമെല്ലാം കുറിച്ച് പരാമർശിക്കുന്ന ഭാഗങ്ങൾ പഞ്ചപുസ്തകങ്ങളിലുണ്ട്. ആവർത്തന പുസ്തകത്തിന്റെ അവസാന ഭാഗത്തുള്ള ചില പരാമർശങ്ങൾ നോക്കുക:

"അങ്ങനെ യഹോവയുടെ ദാസനായ മോശെ യഹോവയുടെ വചന പ്രകാരം അവിടെ മോവാബ് ദേശത്തുവെച്ച് മരിച്ചു. അവർ അവനെ മോവാബ് ദേശത്ത് ബേത്പെയോറിനെതിരെയുള്ള താഴ്വരയിൽ അടക്കി. എങ്കിലും ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരുമറിയുന്നില്ല. മോശെ മരിക്കുമ്പോൾ അവന് നൂററിയിരുപത് വയസ്സായിരുന്നു.. . . . . . . . . . . . . . . . . . . . . . . മോശെയെപ്പോലെ ഒരു പ്രവാചകൻ ഇസ്റായേലിൽ പിന്നെയുണ്ടായിട്ടില്ല" *(ആവർത്തനം 34:5-12).*

മോശെക്ക് ദൈവം അവതരിപ്പിച്ച തോറാ പുസ്തകം ഇന്നുള്ള പഞ്ചപുസ്തകമല്ലെന്നും ഇതിനെക്കാൾ ചെറിയ ഒരു ഗ്രന്ഥമായിരുന്നു എന്നുമുള്ള വസ്തുത ബൈബിൾ പണ്ഡിതൻമാർ അംഗീകരിക്കുന്നുണ്ട്. റവ. എ.സി.ക്ലെയിററൺ എഴുതുന്നത് കാണുക: "പഴയ നിയമത്തിൽ ആദ്യത്തെ അഞ്ച് പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രമാണങ്ങളെ നാം പര്യാലോചിച്ചാൽ പുരാതന ജനങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ന്യായപ്രമാണം ഒരു ചെറിയ ഗ്രന്ഥത്തിൽ അടങ്ങിയിരുന്നുവെന്ന് മനസ്സിലാകും" *(റവ.എ.സി.ക്ലെയിററൺ, ബൈബിൾ നിഘണ്ടു. പുറം 244).*

"യഹോവയെ മാത്രം ആരാധിക്കണമെന്ന് മോശെ ജനങ്ങളോട് ഉപദേശിച്ചതോടു കൂടി അവർ അവനെ ആരാധിക്കേണ്ട മുറയും ഉപദേശിച്ചു. പുറപ്പാട്, ലേവ്യ പുസ്തകം, ആവർത്തന പുസ്തകം എന്നീ ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിരിക്കുന്ന ന്യായപ്രമാണങ്ങളിൽ മോശെ എഴുതിയത് കുറച്ചേയുള്ളുവെന്ന് പറയാമെങ്കിലും എബ്രായർ കൈകൊണ്ട ന്യായപ്രമാണത്തിന് മോശെ എഴുതിയ പ്രമാണങ്ങൾ ആധാരമായിരുന്നുവെന്നുള്ളത് നിസ്സംശയമാണ്" *(Ibid പുറം 408).*

"ഇപ്രകാരം ന്യായം വിധിക്കുന്ന വിഷയത്തിൽ യഹോവയുടെ ഇഷ്ടം അിറഞ്ഞവർ പറഞ്ഞ തീരുമാനത്തിനും വിശുദ്ധ സ്ഥലത്തിൽ മോശെ ഗ്രഹിച്ച തീരുമാനങ്ങൾക്കും കൂടി ന്യായപ്രമാണം എന്നർഥമുള്ള (തോറാ) എന്നു പേരു പറഞ്ഞു വന്നു. വിശിഷ്യാ, സിനായ് മലയിൽ യഹോവയോട് മോശെ നേരിട്ട് മനസ്സിലാക്കിയ പ്രമാണങ്ങളെ കുറിക്കുന്നതിന് ഈ പദം ഉപയോഗിച്ചു.. .. . . . . . . . . . . . പിൽകാലത്ത് ഈ കർണപരമ്പരമായ പ്രമാണങ്ങളെല്ലാം എഴുത്തിലായപ്പോൾ ഈ പ്രമാണങ്ങൾ അടങ്ങിയിട്ടുള്ള പഴയ നിയമത്തിലെ ആദ്യഭാഗമായ അഞ്ച് പുസ്തകങ്ങൾക്കൂടി (തോറാ) അഥവാ ന്യായപ്രമാണം എന്നു പേരു പറഞ്ഞു തുടങ്ങി" *(പുറം.244).*

മോശെ പ്രവാചകന് ദൈവം അവതരിപ്പിച്ചതായി ബൈബിളും ഖുർആനും പരാമർശിക്കുന്ന നിയമപുസ്തകത്തിന്റെ പല ഭാഗങ്ങളും ഇന്നുള്ള പഞ്ചപുസ്തകങ്ങളിൽ ഉണ്ടെങ്കിലും തോറയിലില്ലാത്ത പലതും ഈ പുസ്തകങ്ങളിൽ ഉണ്ടെന്ന വസ്തുത ഇതിൽ നിന്ന് സുതരാം വ്യക്തമാണല്ലോ.

ദാവീദിന്റേതായി അിറയപ്പെടുന്ന സങ്കീർത്തനങ്ങളുടെ സ്ഥിതിയും തഥൈവ. ദാവൂദ് നബിക്ക് സബൂറെന്ന വേദം നൽകിയതായി ഖുർആനും ബൈബിളിലെ ചില പരാമർശങ്ങളും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ബൈബിൾ പഴയ നിയമത്തിലുള്ള സങ്കീർത്തന പുസ്തകത്തിലെ പല അധ്യായങ്ങളും ദാവീദ് രചിച്ചതല്ലെന്ന് അവയുടെ തലക്കെട്ടുകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. ദാവീദ് എഴുതിയതെന്ന് തല വാചകമുള്ള മുപ്പത്തിയഞ്ച് സങ്കീർത്തനങ്ങൾ തന്നെ അദ്ദേഹം രചിച്ചതാണെന്ന് ഖണ്ഡിതമായി പറയാനാവില്ലെന്നാണ് പണ്ഡിതൻമാരുടെ അഭിപ്രായം *(റവ:എ.സി.ക്ലെയിററൺ: ബൈബിൾ നിഘണ്ടു, പുറം 604, 605).*

പുരോഹിതൻമാരും ദേവാലയ ഗായകരുമായിരിക്കണം സങ്കീർത്തനങ്ങളുടെ കർത്താക്കളെന്നാണ് ബൈബിൾ വിജ്ഞാനകോശം പറയുന്നത് *(ഡോ: മാത്യു വെള്ളാനിക്കൽ (ചീഫ് എഡി): ബൈബിൾ വിജ്ഞാന കോശം. പുറം 906).*

ഈസാ നബിക്ക് അവതരിപ്പിച്ചതായി ഖുർആൻ പറയുന്ന ഇഞ്ചീലിന്റെ സ്ഥതി ഇതിനെക്കാൾ കഷ്ടമാണ്. ഒരുപാട് കൈകടത്തലുകൾക്ക് വിധേയമായവയാണെങ്കിലും മോശെയുടെ തോറായുടെയും ദാവീദിന്റെ സങ്കീർത്തനങ്ങളുടെയും പേരിൽ ചില ഗ്രന്ഥങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാൽ യേശുവിന് അവതരിക്കപ്പെട്ട ഗ്രന്ഥം പേരിന് പോലും ഇന്ന് ഉപലബ്ധമല്ല. യേശു തനിക്ക് അവതരിക്കപ്പെട്ട 'ദൈവത്തിന്റെ സുവിശേഷം' പ്രസംഗിച്ചുകൊണ്ടാണ് തന്റെ സമുദായത്തെ സത്യമാർഗത്തിലേക്ക് ക്ഷണിച്ചതെന്ന് ബൈബിൾ പുതിയ നിയമം വ്യക്തമാക്കു

ന്നുണ്ട്. ഏതാനും വചനങ്ങൾ കാണുക.

“യോഹന്നാൻ ബന്ധനസ്ഥനായ ശേഷം യേശു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്ക് വന്നു. അവൻ പറഞ്ഞു. കാലം തികഞ്ഞു. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിക്കൂ. സുവിശേഷത്തിൽ വിശ്വസിക്കൂ” *(മർക്കോസ് 1: 14-15).*

“ആദ്യമേ തന്നെ സുവിശേഷം എല്ലാ ജനതകളോടും പ്രസംഗിക്കപ്പെടണം” *(മർക്കോസ്. 13:10).*

“എനിക്ക് വേണ്ടിയും സുവിശേഷത്തിന് വേണ്ടിയും വീടിനെയോ സഹോദരൻമാരെയോ സഹോദരിമാരെയോ അമ്മയെയോ അച്ഛനെയോ മക്കളെയോ വയലുകളെയോ ഉപേക്ഷിച്ച ഒരാൾക്ക് ഇപ്പോൾ, ഇക്കാലത്തുതന്നെ, നൂറു മടങ്ങ് പ്രതിഫലം ലഭിക്കാതിരിക്കുകയില്ല” *(മർക്കോസ് 10:29).*

ഇതിൽ നിന്ന് യേശുവിന് അവതരിക്കപ്പെട്ട ഗ്രന്ഥത്തിന്റെ പേരാണ് ‘സുവിശേഷം’ എന്ന് വ്യക്തമാകുന്നുണ്ട്. ഇഞ്ചീൽ എന്ന അറബി പദത്തിന്നർത്ഥം സുവിശേഷം എന്നാണ്. യേശുവിന് അവതരിക്കപ്പെട്ട ദൈവത്തിന്റെ സുവിശേഷത്തെയാണ് ഖുർആൻ ഇഞ്ചീൽ എന്നു വിളിച്ചിരിക്കുന്നത്. ഈ സുവിശേഷമോ അതിന്റെ പേരിലുള്ള ഏതെങ്കിലും ഒരു ഗ്രന്ഥമോ ഇന്ന് നിലനിൽക്കുന്നില്ല. പുതിയ നിയമത്തിലെ ഗ്രന്ഥങ്ങളെല്ലാം യേശുവിന് ശേഷം പതിററാണ്ടുകൾ കഴിഞ്ഞ് രചിക്കപ്പെട്ടവയാണ്. ആധുനിക ബൈബിൾ പണ്ഡിതൻമാരിൽ പ്രമുഖനായ റെയ്മണ്ട് ഇ.ബ്രൗൺ എഴുതുന്നത് കാണുക. “എന്താണ് സുവിശേഷങ്ങൾ എന്ന ചോദ്യത്തിനുള്ള സമ്പൂർണ മറുപടിയായി അവിടുത്തെ വാക്കുകൾ, ചെയ്തികൾ, പീഡാനുഭവം, മരണം, ഉയിർത്തെഴുന്നേൽപ് എന്നിവ ഉൾപ്പെടെ യേശുവിനെ പററി പ്രചാരത്തിലിരുന്ന പാരമ്പര്യം ആററിക്കുറുക്കിയെടുത്ത സത്താണവ എന്ന് ഞാൻ പറയും. ഈ സത്ത് സംഘടിപ്പിച്ചതും അതിന്റെ രൂപ ഭാവങ്ങൾ എഡിററു ചെയ്തതും ഒന്നാം നൂററാണ്ടിന്റെ അവസാനത്തെ മൂന്നു ദശകങ്ങളിൽ ജീവിച്ച സുവിശേഷകനായിരുന്നു. താൻ മുന്നിൽ കണ്ട ക്രൈസ്തവ വായനക്കാരുടെ ആധ്യാത്മികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം” *(Responses to 101 Questions on the Bible, Page. 57,58).*

പുതിയ നിയമ പുസ്തകങ്ങൾ രചിച്ചവർക്ക് തങ്ങളുടെ തലമുറക്ക്





യേശുവിനെ സംബന്ധിച്ച അറിവ് നൽകുക മാത്രമായിരുന്നു ലക്ഷ്യമെന്നും തങ്ങൾ ഒരു വേദഗ്രന്ഥം രചിക്കുകയാണെന്ന് അവരാരും ഒരിക്കലും കരുതിയിരുന്നില്ലയെന്നും പണ്ഡിതൻമാർ വ്യക്തമാക്കുന്നുണ്ട്. “പുതിയ നിയമ പുസ്തകങ്ങളുടെ കർത്താകളാരും തന്നെ അവർ ആദ്യകാല ക്രിസ്തീയ ജീവിതത്തിന് നൽകിയ സംഭാവനയായി രചിച്ച പുസ്തകങ്ങൾ ഒരു ഗ്രന്ഥ ശേഖരത്തിന്റെ ഭാഗമാകുമെന്നോ എല്ലായിടത്തും എല്ലാ സമയത്തുമുള്ള ക്രൈസ്തവർക്ക് അംഗീകൃതമാകുമെന്നോ വിചാരിച്ചുകൊണ്ടല്ല അവയൊന്നും രചിച്ചത്. ഓരോരുത്തരും ചില പ്രത്യേക അനുവാചകർക്ക് വേണ്ടി ചില പ്രത്യേക അവസരങ്ങൾ മനസ്സിൽ കണ്ടുകൊണ്ട് എഴുതിയതാണവ. ഈ അർത്ഥത്തിൽ പുതിയ നിയമ രേഖകൾ ആ സന്ദർഭത്തിലെ സാഹിത്യങ്ങളാണ്” *(Harper's Bible Dictionary, Page 700).*

ഹൈന്ദവ വേദങ്ങളുടെ സ്ഥിതിയും മറിച്ചല്ല. ഹൈന്ദവ ഗ്രന്ഥങ്ങളിൽ ഏററവും പ്രാമാണികമായി അറിയപ്പെടുന്നത് ചതുർവേദ സംഹിതകളാണ്. ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവ വേദം എന്നിവയാണ് വേദങ്ങൾ. ‘അനാലേഖ്യ സരസ്വതി’ അഥവാ എഴുതപ്പെടാത്ത വിദ്യയെന്നു വിളിക്കപ്പെട്ടിരുന്ന വേദങ്ങളിൽ അനേകം മന്ത്രങ്ങളുണ്ടായിരുന്നു. അവയിൽ പലതും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. സത്യവൃത പട്ടേൽ എഴുതുന്നു: ഹിന്ദുമതത്തിന്റെ പ്രാഥമിക സ്രോതസ്സ് വേദമാണ്. എല്ലാ വിഭാഗങ്ങളും വേദത്തോട് കൂറു പുലർത്തുകയും അതിന്റെ ആധികാരികത അംഗീകരിക്കുകയും ചെയ്യുന്നു. ചില വേദവാക്യങ്ങൾ നഷ്ടപ്പെട്ടുപ്പോയിട്ടുണ്ടെങ്കിലും ഇപ്പോൾ നിലനിൽക്കുന്നവ തന്നെ അനേകമാണ് (Satyavarta Patel: Hinduism: Religion and way of life, Page 5.).

വേദത്തിലെ എല്ലാമന്ത്രങ്ങളും ഇന്ന് ലഭ്യമല്ലെങ്കിലും ഉള്ള മന്ത്രങ്ങൾ തന്നെയാണ് വേദമെന്ന് വ്യാഖ്യാനിച്ച് സംതൃപ്താവുകയാണ് ഹൈന്ദവ പണ്ഡിതന്മാർ. സാധുശീലൻ കെ. പരമേശ്വരൻ പിള്ള എഴുതുന്നു: ‘അസംഖ്യവൈവേദാഃ അനാദീ വേദം അസംഖ്യം മന്ത്രങ്ങളോട് കൂടിയുള്ളതാണ്. ഇപ്പോൾ ഉപലബ്ധമായ മന്ത്രസമൂഹങ്ങൾ പരിമിതമാണെങ്കിലും, അതുതന്നെയാണ് വേദം *(സാധുശീലൻ കെ. പരമേശ്വരൻ പിള്ള:ഹിന്ദു ധർമ്മ പരിചയം, പേജ് 164).*

വേദം പല പ്രാവശ്യങ്ങളിലായി നഷ്ടപ്പെട്ടതായും ഋഷിമാരിൽ പലരും അതിനെ വീണ്ടെടുക്കുന്നതുമായിട്ടുള്ള അനേകം പ്രസ്താവനകൾ കാണാൻ കഴിയും. വാൽമീകി രാമായണത്തിൽ ഹനുമാൻ പറയുന്ന

തായി ഉദ്ധരിക്കുന്നു: 'നഷ്ടപ്പെട്ടുപോയ വേദത്തെ വീണ്ടെടുത്ത് കൊണ്ടു വന്നത് പോലെ ഞാൻ സീതയെ കൊണ്ടുവരാം' (താമഹം ആനയിഷ്യാമി നഷ്ടം വേദാശ്രുതി മിവ) *(വാൽമീകി രാമായണം: കിഷ്കിന്ധാകാണ്ഡം 6-5)*. വിഷ്ണു പറയുന്നതായി മഹാഭാരതം ഉദ്ധരിക്കുന്നു: "വേദ ശ്രുതി നഷ്ടപ്പെട്ടപ്പോൾ ഞാനവയെ വീണ്ടെടുത്തുകൊണ്ടു വന്നു. അവയെ ബ്രാഹ്മണങ്ങളും മന്ത്രങ്ങളും കൊണ്ട് പൂർണമാക്കി. ഇത് പണ്ട് കൃതയുഗത്തിലും ഞാൻ ചെയ്തതാണ്" (യദാ വേദ ശ്രുതിർനഷ്ടമായാ പ്രത്യാഹൃതാ പുനഃസവേദാഃ സശ്രുതി കാഴ്ച കൃതാഃപൂർവ്വം കൃതേയുഗേ) *(മഹാഭാരതം: ശാന്തി പർവ്വം 348-56.)*. ഇങ്ങനെ പല പുരാണങ്ങളിലും ഇതിഹാസങ്ങളിലുമെല്ലാം വേദം നഷ്ടപ്പെട്ടതായും അതു വീണ്ടെടുത്തതായുമുള്ള പരാമർശങ്ങൾ കാണാം. അനാലേഖ്യ സരസ്വതി അഥവാ എഴുതപ്പെടാത്ത വിദ്യയായിരുന്നു വേദം എങ്ങനെയാണ് നഷ്ടപ്പെട്ടതെന്ന് മനസ്സിലാകുന്നില്ല. ക്ഷേമത്തിന്റെയും ക്ഷാമത്തിന്റെയും അത്യുച്ചാവസ്ഥകളിൽ ജ്ഞാനസംരക്ഷണത്തിന് സാധ്യമാകാതെ വന്നതുകൊണ്ടായിരിക്കണം വേദനഷ്ടം സംഭവിച്ചത് എന്നാണ് പല പണ്ഡിതന്മാരും വ്യാഖ്യാനിക്കുന്നത്. മനസ്സിൽ നിന്ന് മനസ്സുകളിലേക്ക് പകർന്ന് കൊടുത്തിരിക്കുന്ന വിദ്യ എങ്ങനെയാണ് നഷ്ടപ്പെടുക? വേദം ആദ്യകാലത്തുതന്നെ ലിഖിത രൂപത്തിലായിരുന്നുവെങ്കിൽ ഈ നഷ്ടപ്പെടലിന് അർഥമുണ്ടാകുമായിരുന്നു. പൗരാണികമായ പല പുസ്തകങ്ങളും നഷ്ടപ്പെട്ടതിന് ഇന്ന് തെളിവുകളുണ്ടല്ലോ. ഇങ്ങനെ പല പ്രാവശ്യം നഷ്ടപ്പെടുകയും വീണ്ടെടുക്കപ്പെടുകയും ചെയ്ത വേദങ്ങ ളിൽ യാതൊരു മാറ്റവും വന്നിട്ടില്ലെന്ന് സ്പഷ്ട മായി പറയാൻ തെളിവുകളെവിടെ? 'സഹസ്രാബ്ദങ്ങൾക്ക് ശേഷവും വേദങ്ങളിൽ വ്യത്യാസമൊന്നും വന്നിട്ടില്ല' *(നരേന്ദ്ര ഭൂഷൻ: വൈദിക സാഹിത്യ ചരിത്രം, പുറം 38)* എന്ന പ്രസ്താവനക്ക് വസ്തുനിഷ്ഠമായ തെളവുകളുടെ പിൻബലമില്ലെന്നർഥം.

വേദങ്ങൾക്ക് പാഠഭേദങ്ങളോ മാറ്റത്തിരുത്തലുകളോ ഉണ്ടായിട്ടില്ലെന്ന വാദവും അടിസ്ഥാനരഹിതമാണ്. വേദങ്ങൾക്ക് അപ്രമാദിത്വമവകാശപ്പെടാമെന്ന് സ്ഥാപിക്കാൻ വേണ്ടി പുസ്തകമെഴുതിയ നരേന്ദ്ര ഭൂഷൻ തന്നെ അദ്ദേഹത്തിൻെറ ചില വാദങ്ങൾ സ്ഥാപിക്കാൻ വേണ്ടി വേദങ്ങളിൽ മാറ്റത്തിരുത്തലുകളുണ്ടയിട്ടുണ്ടെന്ന് സമ്മതിക്കുന്നുണ്ട്. 'ക്രമേണ പാഠാന്തരങ്ങളും ശാഖകളും നിലവിൽ വരികയും ലോപിക്കുകയും ചെയ്തു. ചിലർ ബ്രാഹ്മണങ്ങളെയും വേദത്തിൽ ഇൾപ്പെടു





ത്തി. ഇങ്ങനെ സംഹിതയും ബ്രാഹ്മണങ്ങളുമെല്ലാം കൂടിക്കുഴഞ്ഞപ്പോൾ വ്യാസൻ അവയെ പുനർനിർണയം ചെയ്തിരിക്കാം. അങ്ങനെയാവാം വ്യാസൻ വേദം പകുത്തെന്ന കഥ നിലവിൽ വരുന്നത്' *(അതേ പുസ്തകം പുറം 51)* 'ഇവയിൽ നിന്ന് നമുക്ക് അനുമാനിക്കാവുന്നത് സംഹിതകളും ബ്രാഹ്മണങ്ങളും കൂടിക്കുഴഞ്ഞ് അസ്സൽ വേദമേത് പ്രവചനമേത് ശാഖയേത് എന്ന് തിരിച്ചറിയാനാവതെ വന്ന ഒരു കാലഘട്ടമുണ്ടായിരുന്നുവെന്നാണ് *(അതേ പുസ്തകം പുറം 53)*.

ഉപനിഷത്തുകൾ രചിക്കപ്പെട്ടതിന്ശേഷം അവയിൽ കൂട്ടിച്ചേർക്കലുകളും മാറ്റത്തിരുത്തലുകളും നടന്നിരിക്കാനുള്ള സാധ്യതയും നിഷേധിക്കാനാവില്ല. അദ്വൈതചിന്തക്കുള്ള പ്രമാണമായി ഉദ്ധരിക്കപ്പെടാറുള്ള ഛാന്ദോഗ്യോപനിഷത്തിലെ സ ആത്മാ ത്വം അസി (ആത്മാവ് നീ തന്നെയാണ്) എന്ന പ്രയോഗം പിന്നീട് കടന്നുകൂടിയതാണെന്നും യഥാർഥത്തിൽ സ ആത്മാ അ തത്ത്വമസി (ആത്മാവ് നീയല്ല) എന്നാണുള്ളതെന്നും ദ്വൈതാചാര്യനായ മാധ്വൻ വാദിച്ചിരിന്നു *(കെ. ദാമോദരൻ: ഭാരതീയ ചിന്ത, പുറം 400)*. അദ്വൈതാചാര്യനായ ശ്രീ ശങ്കരനാകട്ടെ തന്റെ ദർശനത്തിന്റെ അടിസ്ഥാന ശിലയായി അവതരിപ്പിക്കുന്നത് ബൃഹദാരണ്യകോപനിഷത്തിലെ അഹം ബ്രഹ്മാസ്മി എന്ന വചനവും ഛന്ദോഗ്യത്തിലെ തത്ത്വമസി എന്ന വാചകവുമാണ്.

ഖുർആനിന്റെ സ്ഥിതി ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. അത് അവതരിക്കപ്പെട്ട രൂപത്തിൽ തന്നെ ഇന്നും നിലനിൽക്കുന്നു. മുഹമ്മദ് നബിക്ക് (സ) നാൽപത് വയസ്സുള്ളപ്പോഴാണ് ഖുർആനിന്റെ അവതരണമാരംഭിച്ചത്. അന്നുതുടങ്ങി അദ്ദേഹത്തിന്റെ വിയോഗത്തിനിടയ്ക്കുള്ള ഇരുപത്തിമൂന്ന് സംവൽസരങ്ങൾക്കുള്ളിൽ വ്യത്യസ്തമായ അവസരങ്ങളിലാണ് ഖുർആൻ സൂക്തങ്ങൾ അവതരിക്കപ്പെട്ടത്. ഈ സൂക്തങ്ങൾ അവതരിപ്പിക്കപ്പെടുമ്പോൾ തന്നെ രേഖപ്പെടുത്താനായി നബി (സ) ഏതാനും അനുചരൻമാരെ പ്രത്യേകമായി ഏൽപിച്ചിരുന്നു. ഓരോ സൂക്തവും അവർക്ക് പറഞ്ഞുകൊടുക്കുമ്പോൾ ഏത് അധ്യായത്തിൽ എത്രാമത്തെ സൂക്തമായാണ് അത് രേഖപ്പെടുത്തേണ്ടത് എന്നും പ്രവാചകൻ (സ) അവർക്ക് നിർദേശം നൽകിയിരുന്നു. അക്കാലത്ത് എഴുതാനുപയോഗിച്ചിരുന്ന പനയോല, എല്ലുകൾ, തോല്, മരപ്പലക, മിനുസമുള്ള കല്ലുകൾ എന്നിവയിലായിരുന്നു അവർ ഖുർആൻ സൂക്തങ്ങൾ എഴുതി വെച്ചിരുന്നത്. പ്രവാചകന്റെ ജീവിതകാലത്തു തന്നെ അധ്യായങ്ങളും വചനങ്ങളുമെല്ലാം ഇന്ന് നിലവിലുള്ള രീതി

യിൽ പാരായണം ചെയ്തുകൊണ്ട് വിശുദ്ധഗ്രന്ഥത്തിന്റെ ക്രോഡീകരണവും കൂടി ലോകത്തെ അറിയിച്ചു. ദൈവിക നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ അവസാനത്തെ വേദഗ്രന്ഥത്തിന്റെ ക്രോഡീകരണം കൂടി നിർവഹിച്ചുകൊണ്ടാണ് അന്തിമ പ്രവാചകൻ ഈ ലോകത്തുനിന്ന് വിട പറഞ്ഞത്. ഈ ക്രോഡീകരണം അല്ലാഹു തന്റെ ബാധ്യതയായി ഏറ്റെടുത്തിട്ടുണ്ടെന്ന് ഖുർആൻ തന്നെ പ്രഖ്യാപിക്കുന്നുണ്ട്. 'തീർച്ചയായും അതിന്റെ (ഖുർആനിന്റെ) ക്രോഡീകരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു' *(ഖുർആൻ 75:17).*

ഖുർആൻ സൂക്തങ്ങൾ അന്നുനിലവിലുള്ള രീതിയിൽ രേഖപ്പെടുത്തിയതോടൊപ്പം തന്നെ അവ അവതരിപ്പിക്കപ്പെടുന്ന ക്രമത്തിൽ മനഃപാഠമാക്കിയ പ്രവാചകാനുചരൻമാരുമുണ്ടായിരുന്നു. എന്നാൽ പ്രവാചകന്റെ ജീവിതകാലത്ത് ഖുർആൻ ഗ്രന്ഥരൂപത്തിൽ സമാഹരിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതാന്ത്യം വരെ ഖുർആൻ സൂക്തങ്ങൾ അവതരിപ്പിക്കപ്പെടാൻ സാധ്യതയുള്ളപ്പോൾ അത്തരമൊരു സമാഹരണം അസാധ്യമായിരുന്നു എന്നു പറയുന്നതായിരിക്കും ശരി. എന്നാൽ മനഃപാഠമാക്കിയ അനുചരൻമാരുടെ ഹൃദയങ്ങൾക്കകത്ത് അത് ഗ്രന്ഥരൂപത്തിൽ തന്നെ രേഖപ്പെടുത്തപ്പെട്ടിരുന്നു.

പ്രവാചകവിയോഗത്തിന് ശേഷം ഒന്നാം ഖലീഫയായ അബൂബക്കറിന്റെ (റ) കാലത്ത് മതഭ്രഷ്ടരുമായി യമാമയിൽ വെച്ച് നടന്ന യുദ്ധത്തിൽ ഖുർആൻ മനഃപാഠമാക്കിയിരുന്ന കുറേയേറെ മഹത്തുക്കൾ രക്തസാക്ഷികളായി. അപ്പോൾ ഉമറുബ്നുൽ ഖത്വാബിന്റെ (റ) നിർദേശപ്രകാരം അബൂബക്കർ (റ) ഖുർആൻ ക്രോഡീകരിച്ച് ഒരു ഗ്രന്ഥരൂപത്തിലാക്കാൻ തീരുമാനിച്ചു. ഖുർആൻ സൂക്ഷ്മമായി ഹൃദിസ്ഥമാക്കിയിരുന്ന സൈദുബ്നു സാബിത്തിനെയാണ് ഈ കൃത്യം അദ്ദേഹം ഏൽപിച്ചത്. അദ്ദേഹം ഏൽപിക്കപ്പെട്ട കൃത്യം ഭംഗിയായും സൂക്ഷ്മമായും നിർവഹിച്ചു. സൈദ് സമാഹരിച്ച് ഒരു ഗ്രന്ഥത്തിന്റെ ചട്ടക്കൂടിലാക്കിയ ഖുർആനിന്റെ ആദ്യത്തെ കോപ്പി അബൂബക്കർ (റ) സൂക്ഷിച്ചുവെച്ചു.

ഇസ്‌ലാം നാനാദിക്കുകളിലേക്കും പ്രചരിച്ചപ്പോൾ വ്യത്യസ്ത പ്രദേശങ്ങളിലെ ശൈലീവ്യത്യാസത്തിനനുസരിച്ച് ഖുർആൻ പാരായണത്തിൽ ജനങ്ങൾ ചില സ്വരഭേദങ്ങൾ വരുത്തുന്നതായി ശ്രദ്ധിക്കപ്പെട്ടു. ഇത് പരിഹരിക്കാനായി മൂന്നാം ഖലീഫയായിരുന്ന ഉസ്മാൻ (റ) നാല് പ്രമുഖൻമാരെ ഖുർആൻ പകർപ്പുകളുണ്ടാക്കാൻ ചുമതലപ്പെടുത്തി.





അബൂബക്കറിന്റെ (റ) കാലത്ത് ക്രോഡീകരിക്കപ്പെട്ട ഖുർആൻ കോപ്പിയെ അവലംബമാക്കിയും അത് ചെയ്ത സൈദുബ്നു സാബിത്തിന്റെ മേൽനോട്ടത്തിലുമായിരുന്നു പ്രസ്തുത കോപ്പികളുടെ നിർമാണം നടന്നത്. ആ കോപ്പികളിലൊന്ന് ഉസ്മാൻ (റ) സൂക്ഷിക്കുകയും മററു മൂന്നെണ്ണം കൂഫ, ബസ്വറ, ശാം എന്നിവിടങ്ങളിലേക്ക് അയക്കുകയും ചെയ്തു. ഈ പ്രതികളിലൊന്ന് താഷ്കന്റിലെ ഉസ്ബക് ചരിത്ര മ്യൂസിയത്തിൽ ഇന്നും സൂക്ഷിച്ചുവെച്ചിട്ടുണ്ട്. പ്രസ്തുത കോപ്പിയുമായി യാതൊരു വ്യത്യാസവും ഇന്ന് ഉപയോഗിക്കപ്പെടുന്ന ഖുർആൻ കോപ്പികളിലൊന്നും കാണുവാൻ സാധ്യമല്ല.

ഖുർആനിന്റെ ആദ്യകാലം മുതൽ തന്നെയുള്ള നിലനിൽപ് അതിൽ എന്തെങ്കിലും രീതിയിലുള്ള കൈകടത്തലുകൾ വന്നു ഭവിക്കാതിരിക്കാൻ പ്രത്യേകം സംരക്ഷണമുള്ള രീതിയിലായിരുന്നു. മററു വേദഗ്രന്ഥങ്ങളെ പോലെ ഏതാനും ചില വ്യക്തികളിൽ പരിമിതമായിരുന്നില്ല ഖുർആനിന്റെ ഉപയോഗം. മുസ്‌ലിം സമൂഹത്തിൽ വ്യാപകമായും പരസ്യമായും ഉപയോഗിക്കപ്പെട്ടിരുന്ന ഗ്രന്ഥമായിരുന്നു അത്. ദിനേനയുള്ള അഞ്ച് നമസ്കാരങ്ങളിലും രാത്രി നമസ്കാരത്തിലുമെല്ലാം ഖുർആൻ ആവർത്തിച്ചുപാരായണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ആദ്യകാലം മുതൽ ഇന്നുവരെയുള്ള മുസ്‌ലിംകളെല്ലാം തങ്ങളുടെ മത സാമൂഹ്യ രംഗങ്ങളിലെ നിയമാവലിയായി സ്വീകരിക്കുന്ന ഗ്രന്ഥമാണത്. അതുകൊണ്ട് തന്നെ അതിൽ ആരെങ്കിലും വല്ല തിരുത്തുകളും വരുത്തിയാൽ അതിശീഘ്രം കണ്ടുപിടിക്കപ്പെടും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന ആയിരക്കണക്കിന് മുസ്‌ലിംകൾ അത് പൂർണമായി ഹൃദിസ്ഥമാക്കിയിട്ടുണ്ട്. തലമുറകളായി തുടർന്നുവരുന്നതാണ് ഈ ഹൃദിസ്ഥമാക്കൽ. ഖുർആനിനെ പോലെ ജനകീയമായി ഹൃദിസ്ഥമാക്കപ്പെട്ട മറെറാരു ഗ്രന്ഥവുമില്ലെന്നതാണ് വസ്തുത. അതുകൊണ്ട് തന്നെ അതിൽ ഏതെങ്കിലും വിധത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകളുണ്ടാകാൻ യാതൊരു സാധ്യതയുമില്ല.

മാററത്തിരുത്തലുകളൊന്നും കൂടാതെ ലോകാവസാനം വരെ ഖുർആൻ പൂർണമായി സംരക്ഷിക്കാമെന്ന് ദൈവം തമ്പുരാൻ തന്നെ മനുഷ്യർക്ക് വാഗ്ദാനം നൽകിയിട്ടുള്ളതാണ്. 'തിർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം തന്നെ അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്' *(ഖുർആൻ 15:9).* ഇത്തരമൊരു വാഗ്ദാനം മറെറാരു വേദഗ്രന്ഥത്തിന്റെ കാര്യത്തിലും നൽകിയതായി കാണാൻ

കഴിയില്ല. പ്രസ്തുത വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടതിന് കഴിഞ്ഞ പതിനാല് നൂററാണ്ട് കാലത്തെ ചരിത്രം സാക്ഷിയാണ്. കൈകടത്തലുകളോ മാററത്തിരുത്തലുകളോ നടക്കാതെ അവതരിപ്പിക്കപ്പെട്ട രൂപത്തിൽ തന്നെ ഇന്നും നിലനിൽക്കുന്ന വേദ ഗ്രന്ഥമെന്ന ഖ്യാതി ഖുർആനിന് മാത്രം അവകാശപ്പെട്ടതാണ്.

**<u>വൈരുദ്ധ്യങ്ങൾ</u>**

മനുഷ്യകൃതികളിൽ വൈരുദ്ധ്യങ്ങളുണ്ടാകുക സ്വാഭാവികമാണ്. ഒരാളുടെ തന്നെ കൃതികൾ തമ്മിൽ വൈരുദ്ധ്യങ്ങളുണ്ടാകാറുണ്ട്. മനുഷ്യവിജ്ഞാനത്തിന്റെ പരിമിതിയാണിത് കാണിക്കുന്നത്. കാലം മുന്നോട്ട് പോകുംതോറും പുതിയ പുതിയ വിജ്ഞാന സ്രോതസ്സുകൾ മനുഷ്യൻ കണ്ടെത്തുകയും അവയുടെ അടിസ്ഥാനത്തിൽ അവന്റെ അറിവിന്റെ ചക്രവാളം വികസിക്കുകയും ചെയ്യുന്നത് കൊണ്ടാണിത്. എഴുതുന്നത് വ്യത്യസ്ത വ്യക്തികളാണെങ്കിൽ വൈരുദ്ധ്യങ്ങൾക്കുള്ള സാധ്യത വർധിക്കുന്നു. ഒരേ വിഷയത്തിൽ തന്നെ വ്യത്യസ്ത വ്യക്തികൾക്കുള്ള കാഴ്ചപ്പാടുകൾ വ്യത്യസ്തമാകുന്നതാണ് ഇതിന് കാരണം.

മനുഷ്യകൃതികൾക്കുള്ള ഈ പരിമിതി ഒരിക്കലും ദൈവികഗ്രന്ഥത്തിന് ഉണ്ടായിക്കൂടാ. ഒരേയൊരു ദൈവത്തിന്റെ പരാമർശങ്ങൾ തമ്മിൽ യാതൊരു വിധ വൈരുദ്ധ്യങ്ങളുമുണ്ടാകുകയില്ല. അവൻ സർവജ്ഞനായത് കൊണ്ടുതന്നെ മനുഷ്യവചനങ്ങളുടെ പരിമിതികളൊന്നും ദൈവികവചനത്തിന് ഉണ്ടാകാൻ പാടില്ല. സർവകാലജ്ഞാനിയായ സ്രഷ്ടാവ് വൈരുദ്ധ്യങ്ങൾ പറയുകയോ? അതൊരിക്കലുമുണ്ടാകുകയില്ല.

എന്നാൽ വേദഗ്രന്ഥങ്ങളായി ഇന്ന് വ്യവഹരിച്ചു പോരുന്ന കൃതികളധികവും വൈരുദ്ധ്യങ്ങളാൽ നിബിഢമാണ്. അവയിൽ മനുഷ്യരുടെ കരവിരുതുകൾ നടന്നിട്ടുണ്ടെന്നതിന് വ്യക്തമായ തെളിവാണിത്. ഒരേ സംഭവം തന്നെ വ്യത്യസ്ത വ്യക്തികൾ വിവരിക്കുമ്പോൾ വൈരുദ്ധ്യങ്ങളുണ്ടാകും. വേദഗ്രന്ഥങ്ങളിലെ വൈരുദ്ധ്യങ്ങൾ ഇങ്ങനെയുള്ളവയാണ്. എന്നാൽ വേദവചനങ്ങൾ ദൈവിക വെളിപാടുകളാണെന്നും അവ ദൈവനിശ്വാസിതമായി എഴുതപ്പെട്ടതാണെന്നും വിശ്വസിക്കുമ്പോഴാണ് പ്രശ്നങ്ങൾ തലപൊക്കുന്നത്. ദൈവിക വെളിപാടിൽ വൈരുദ്ധ്യങ്ങളുണ്ടെന്ന് വന്നാൽ അത് ദൈവത്തിന്റെ സർവജ്ഞത ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലേക്കാണ് നയിക്കപ്പെടുക. ദൈവനിശ്വാസിതമായി എഴുതപ്പെട്ട പുസ്തകങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ടെന്ന്





പറയുന്നത് ദൈവം ചില വിഷയങ്ങളിൽ അറിവില്ലാത്തവനാണെന്ന് പറയുന്നതിന് തുല്യമാണ്. സ്രഷ്ടാവായ ദൈവം സർവജ്ഞനും സർവശക്തനുമാണ്. അവന്റെ വചനങ്ങളിൽ വൈരുദ്ധ്യമുണ്ടാകുകയില്ല. ദൈവികവചനങ്ങളെന്ന പേരിൽ പ്രത്യക്ഷപ്പെടുന്ന ഗ്രന്ഥങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ടെങ്കിൽ അവ യഥാർഥത്തിൽ ദൈവത്തിൽ നിന്നുള്ളതല്ല. ഈ വൈരുദ്ധ്യങ്ങൾ തന്നെയാണ് ഇതിനുള്ള വ്യക്തമായ തെളിവ്.

ബൈബിളിന്റെ കാര്യം തന്നെ എടുക്കുക. പഴയ നിയമത്തിലും പുതിയ നിയമത്തിലുമെല്ലാം ഒട്ടനവധി വൈരുദ്ധ്യങ്ങൾ നമുക്ക് കാണാൻ കഴിയും. ഇസ്റായീലിന്റെ ജനസംഖ്യയെടുക്കാൻ ദാവീദിനെ പ്രേരിപ്പിച്ചത് കർത്താവാണെന്ന് 2 ശാമുവേൽ 24:1 ഉം, സാത്താനാണെന്ന് 1 ദിനവൃത്താന്തം 21:1 ഉം പറയുന്നു. സിറിയക്കാരുടെ എഴുന്നൂറ് തേരാളികളെയും നാൽപതിനായിരം കുതിരപ്പടയാളികളെയുമാണ് ദാവീദ് വധിച്ചതെന്ന് 2 ശാമുവേൽ 10:18 ൽ പറയുന്നതിന് വിരുദ്ധമായി ഏഴായിരം തേരാളികളെയും നാൽപതിനായിരം കാലാൾ പടയാളികളെയുമാണെന്ന് 1 ദിനവൃത്താന്തം 19:18 ൽ പരാമർശിച്ചിരിക്കുന്നത് കാണാം. അഹസ്യാവ് ഭരണം തുടങ്ങുമ്പോൾ അയാൾക്ക് ഇരുപത്തിരണ്ട് വയസ്സായിരുന്നുവെന്ന് 2 രാജാക്കൻമാർ 8:26 പറയുമ്പോൾ നാൽപത്തിരണ്ട് വയസ്സായിരുന്നുവെന്നാണ് 2 ദിനവൃത്താന്തം 22:2 പറയുന്നത്. പതിനെട്ടാം വയസ്സിലാണ് യഹോയാക്കീൻ രാജാവായതെന്ന് 2 രാജാക്കൻമാർ 24:8 ലും എട്ടാം വയസ്സിലാണെന്ന് 2 ദിനവൃത്താന്തം 36:9ലും പറയുന്നു. സോളമന് കുതിരകളെ കെട്ടാൻ എത്ര ലായങ്ങളുണ്ടായിരുന്നു എന്ന കാര്യത്തിൽ വരെ പഴയ നിയമ പുസ്തകങ്ങൾ തർക്കത്തിലാണ്. നാൽപതിനായിരമെന്ന് 1 രാജാക്കൻമാർ 4:26 ലും നാലായിരമെന്ന് 2 ദിനവൃത്താന്തം 9:25 ലും പറയുന്നു. ഇങ്ങനെ പഴയ നിയമത്തിലെ പുസ്തകങ്ങൾ തമ്മിൽ എത്രയെത്ര വൈരുദ്ധ്യങ്ങൾ !!!

പുതിയ നിയമത്തിന്റെ അവസ്ഥയും തഥൈവ. യേശുവിന്റെ വംശാവലിയിലും ജീവിത വിവരണങ്ങളിലും കുരിശുമരണ കഥനത്തിലുമെല്ലാം നിരവധി വൈരുദ്ധ്യങ്ങളുണ്ട്. യേശുവിന്റെ വംശാവലിയിൽ മത്തായിയുടെ സുവിശേഷ പ്രകാരം ദാവീദ് മുതൽ യേശുവിന്റെ പിതാവായി അറിയപ്പെട്ടിരുന്ന യോസഫ് വരെ ഇരുപത്തിയേഴ് പേരാണുള്ളതെങ്കിൽ ലൂക്കോസ് പ്രകാരം ഇത് നാൽപത്തിരണ്ട് പേരാണ് *(മത്തായി 1:6-16 ഉം ലൂക്കോസ് 3:23-31 ഉം നോക്കുക).* ക്രിസ്തുവിന്റെ ജനനം ദാവീദിന്റെ പുത്രനായ ശലമോന്റെ പുത്രപാരമ്പര്യത്തിലാണെന്ന് മത്തായി

പറയുമ്പോൾ നാഥാന്റെ പുത്രപാരമ്പര്യത്തിലാണെന്ന് ലൂക്കോസ് അഭിപ്രായപ്പെടുന്നത്. യേശുപിതാവായ യോസേഫിന്റെ പിതാവ് യാക്കോബാണെന്നാണ് മത്തായി പറയുന്നത്. ലൂക്കോസ് പ്രകാരം ഇത് ഹേലിയാണ്. ഇത്തരം വൈരുദ്ധ്യങ്ങൾ യേശുവിന്റെ ഉപദേശങ്ങളിലും ജീവിതത്തിലുമെല്ലാം ആരോപിക്കപ്പെട്ടിട്ടുണ്ട്. യേശുവിന്റെ അവസാനത്തെ വാചകമെന്തായിരുന്നുവെന്ന് പറയുന്നിടത്ത് വരെ സുവിശേഷകർത്താക്കൾ വൈരുദ്ധ്യം പുലർത്തുന്നുണ്ട്. 'ഏലി ഏലി ലമ്മാ സബക്താനീ, അതായത് എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു. എന്ന് ഉറക്കെ നിലവിളിച്ചുകൊണ്ടാണ് അദ്ദേഹം ജീവൻ വെടിഞ്ഞതെന്ന്' മത്തായി (27:5-50) പറയുമ്പോൾ 'എല്ലാം പൂർത്തിയായിരിക്കുന്നു' എന്ന് പറഞ്ഞ് തല ചായ്ച്ച് ശാന്തിയോടെയാണ് അദ്ദേഹം ആത്മാവിനെ സമർപിച്ചതെന്നാണ് യോഹന്നാൻ (19:28-30) പ്രസ്താവിക്കുന്നത്. ഇത്തരം വൈരുദ്ധ്യങ്ങൾ ബൈബിൾ പണ്ഡിതൻമാർക്ക് എന്നും തലവേദനയുണ്ടാക്കിയിട്ടുള്ളതാണ്. 'വൈരുദ്ധ്യങ്ങളിലേക്കല്ല, ഇസ്റയേലിന്റെ രക്ഷകനെന്ന യഹൂദ സങ്കൽപം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നത് യേശുവിലാണെന്ന സുവിശേഷകൻമാരുടെ സന്ദേശങ്ങളിലേക്കാണ് നാം ശ്രദ്ധ ചെലുത്തേണ്ടത്' *(Harper's Bible Dictionary, Page.336)* എന്ന് ന്യായീകരിക്കുകയാണ് അവർ ചെയ്തുപോന്നിട്ടുള്ളത്.

ബ്രഹ്മവും പ്രപഞ്ചവും തമ്മിൽ പരമാത്മാവും ജീവാത്മാവും തമ്മിലുള്ള ബന്ധത്തെകുറിച്ച ബോധം ഉപനിഷത്തുക്കൾക്കു മുമ്പുതന്നെയുണ്ടായിരുന്നു. ആ ബോധത്തിന്റെ അടിത്തറയിലാണ് ഇവയുടെ രചന നിർവഹിക്കപ്പെട്ടിരിക്കുന്നത്. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധത്തെകുറിച്ച ചർച്ചകൾ വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ ചിന്താധാരകളുടെ ഉൽപത്തിക്ക് നിമിത്തമായി. അദ്വൈതവാദവും ദ്വൈതസിദ്ധാന്തവും ഉപനിഷത്തുകളിൽ തന്നെ കാണാൻ കഴിയുന്നു. ശ്രീ രാഹുൽ സാംകൃത്യായൻ എഴുതുന്നു: 'ഉപനിഷത്തുക്കളിലെ ജ്ഞാതരും അജ്ഞാതരുമായ പണ്ഡിതൻമാർ തമ്മിൽ അഭിപ്രായ വ്യത്യാസമുള്ളവരാണ്. അവരിൽ ചിലർ ആരുണിയെയും അദ്ദേഹത്തിന്റെ ശിഷ്യൻ യാജ്ഞവൽക്യനെയും പോലെ അദ്വൈത വിജ്ഞാനവാദികളായിരുന്നു. മറ്റുള്ളവർ ദ്വൈതവാദികളുമായിരുന്നു. മൂന്നാമതൊരുകൂട്ടർ ശരീരരൂപത്തിൽ ബ്രഹ്മത്തിന്റെയും ജഗത്തിന്റെയും അദ്വൈതഭാവത്തെ സ്വീകരിച്ചു. ഇത്തരം ദാർശനികന്മാരുടെ ചിന്തകളെ അവരുടെ ശിഷ്യന്മാരും ശാഖകളും ഗ്രഹിച്ച്, അടുത്ത തലമുറക്ക് ഉപദേശിച്ചു വന്നതിന്റെ സംഗ്രഹമാണ് ഉപനിഷത്തുകൾ' *(രാഹുൽസാംകൃത്യായൻ : വിശ്വദർശനങ്ങൾ,പേ:559).* അതുകൊണ്ടാണ് ഉപനിഷത്തുക്കളെ അടിസ്ഥാനപ്പെടുത്തുന്ന വേദാന്തദർശനത്തിൽ തന്നെ വ്യത്യസ്ത ഉൾപിരിവുകൾ ഉണ്ടായത്. ദ്വൈതവും അദ്വൈതവും വിശിഷ്ടാദ്വൈതവും ദ്വൈതാദ്വൈതവുമെല്ലാം സ്ഥാപിക്കാൻ അതിന്റെ ആചാര്യന്മാർ ഉപനിഷത്തുക്കളെയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. ശ്രീ ശങ്കരനും മാധ്വനും, രാമാനുജനുമെല്ലാം ഉപനിഷത്പണ്ഡിതന്മാരാണ്. അവർ ചിന്താപരമായി വിരുദ്ധചേരികളിലാണ് നിൽക്കുന്നത്. പക്ഷേ, ഇവരുടെയെല്ലാം പ്രമാണം ഉപനിഷത്തുകളാണ്. അവർ തങ്ങളുടെ വാദങ്ങൾക്കനുകൂലമായ തെളിവുകൾ കൊണ്ടുവരുന്നത്. ഉപനിഷത്തുകളിൽ നിന്ന് തന്നെയാണ്.





ഖുർആനിന്റെ അവസ്ഥ ഇതിൽ നിന്ന് തികച്ചും വ്യത്യസ്ഥമാണ്. സുദീർഘമായ ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വിഭിന്നങ്ങളായ പരിതസ്ഥിതികളിലാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്നത്. പക്ഷേ, അതിൽ ഭിന്നതയോ വൈരുദ്ധ്യങ്ങളോ കാണപ്പെടുന്നില്ല. ഖുർആനിലെ പ്രതിപാദ്യവിഷയങ്ങളാകട്ടെ വളരെ വിപുലവും ബൃഹത്തുമാണ്. ദൈവിക ഏകത്വത്തെക്കുറിച്ച പ്രതിപാദനം, പരലോക ജീവിതത്തിലെ സംഭവങ്ങൾ, പ്രവാചക കഥനങ്ങൾ, പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച വിവരണങ്ങൾ, ചരിത്ര പാഠങ്ങൾ, കുടുംബ കാര്യങ്ങൾ, സാമൂഹ്യ നിയമങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ അതിലുൾക്കൊള്ളുന്നു. ഇവയെല്ലാം അവതരിപ്പിക്കപ്പെടുന്നതോ വ്യത്യസ്ഥ പരിതസ്ഥിതികളിലും അവസരങ്ങളിലും വെച്ച്. എന്നിട്ടും അതിൽ യാതൊരുവിധ വൈരുദ്ധ്യങ്ങളും കാണപ്പെടുന്നില്ലെന്നത് ഒരു അത്ഭുതം തന്നെയാണ്. ഖുർആൻ ദൈവികഗ്രന്ഥമാണെന്നതിന് വ്യക്തമായ തെളിവുകൂടിയാണിത്. സർവോന്നതനായ ദൈവം പറയുന്നു. 'അവർ ഖുർആനിനെ കുറിച്ച് ചിന്തിക്കുന്നില്ലേ? അത് അല്ലാഹുവല്ലാത്ത വല്ലവരുടെയും പക്കൽ നിന്നുള്ളതായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യങ്ങൾ കണ്ടെത്തുമായിരുന്നു' *(ഖുർആൻ.4.82).*

## ധാർമികത

സ്വതന്ത്രമായ കൈകാര്യ കർതൃത്വത്തിന് കഴിവ് നൽകപ്പെട്ട ഭൂമിയിലെ ഏകജീവിയാണ് മനുഷ്യൻ. അവനൊഴിച്ചുള്ള എല്ലാ ജീവികളും പ്രകൃതിയുടെ ഭാഗം മാത്രമാണ്. പ്രകൃതിയിൽ ഇടപെടാനോ മാററങ്ങൾ വരുത്താനോ അവയ്ക്കൊന്നും സാധ്യമല്ല. എന്നാൽ മനുഷ്യന്റെ സ്ഥിതി ഇതല്ല. പ്രകൃതിയെ ഒരു പരിധി വരെ നിയന്ത്രിക്കാൻ അവന് കഴിയും. അവന്റെ പ്രവർത്തനങ്ങൾക്ക് രണ്ടുതരം ഫലങ്ങൾ സൃഷ്ടി

ക്കാനാകും. നന്മയുടെയും തിന്മയുടെയും ഫലങ്ങൾ. നന്മയുടെ ഫലങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളാണ് അവൻ ചെയ്യേണ്ടത്. തിന്മയിൽ നിന്ന് മനുഷ്യൻ അകന്നു നിൽക്കണം. എങ്കിലേ അവന് മനുഷ്യത്വത്തിന്റെ ഉദാത്തീകരണം സാധിക്കുവാൻ കഴിയൂ. മനുഷ്യാസ്തിത്വത്തെ പ്രഭാപൂരിതമാക്കണമെങ്കിൽ അവൻ നന്മ ചെയ്യുകയും തിന്മയിൽ നിന്ന് അകന്നുനിൽക്കുകയും വേണം. എന്താണ് നന്മ? എന്താണ് തിന്മ?. ഇതുപഠിപ്പിക്കുവാൻ വേണ്ടിയാണ് പ്രവാചകൻമാർ നിയോഗിക്കപ്പെട്ടത്. വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടതും ഇതിനുവേണ്ടി തന്നെ.

മനുഷ്യരെ വിമലീകരിക്കാനുതകുന്ന പ്രായോഗിക നിയമങ്ങൾ അവതരിപ്പിക്കാൻ ദൈവികമാർഗദർശനത്തിന് മാത്രമെ കഴിയൂ. ഭൗതികദർശനങ്ങളുടെ പ്രധാനപ്പെട്ട പരാജയമിവിടെയാണ്. മാനുഷിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഭൗതികമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് നിയമങ്ങളാവിഷ്കരിക്കുകയാണ് ഭൗതിക പ്രത്യയശാസ്ത്രങ്ങൾ ചെയ്തത്. മനുഷ്യന്റെ അറിവും കഴിവും പരിമിതമായതുകൊണ്ടു തന്നെ അവയ്ക്കൊന്നും സ്ഥായിയായ ധാർമിക നിർദേശങ്ങൾ നൽകുവാൻ കഴിയുകയില്ല. ഈ വസ്തുതയാണ് ഇവയുടെ പരാജയം വ്യക്തമാക്കുന്നത്. എത്ര ബലിഷ്ഠമായ താത്ത്വിക അടിത്തറയിൽ സ്ഥാപിക്കപ്പെട്ടതായിരുന്നാലും മനുഷ്യനിർമിത നിയമങ്ങൾക്ക് സ്ഥായിയായ നിലനിൽപില്ലെന്ന സത്യം ഇരുപതാം നൂററാണ്ടിന്റെ തത്ത്വശാസ്ത്രമെന്ന് വിശേഷിപ്പിക്കപ്പെട്ട കമ്യൂണിസത്തിന്റെ തകർച്ച വ്യക്തമാക്കുന്നുണ്ട്. മനുഷ്യനെ കുറിച്ചും അവന്റെ ചുററുപാടുകളെക്കുറിച്ചും വ്യക്തവും സൂക്ഷ്മവുമായി അറിയാവുന്നവന് മാത്രമേ അവന്ന് ആത്യന്തികമായി നന്മയായി ഭവിക്കുക എന്താണെന്ന് പറയാൻ കഴിയൂ. ദൈവം വേദഗ്രന്ഥങ്ങളിലൂടെ പഠിപ്പിച്ച നിയമ നിർദേശങ്ങൾ മനുഷ്യന് നന്മ മാത്രമെ പ്രദാനം ചെയ്യൂവെന്ന് പറയുന്നത് ഇതുകൊണ്ടാണ്.

മനുഷ്യരെ ധാർമികനിർദേശങ്ങൾ പഠിപ്പിക്കേണ്ട വേദഗ്രന്ഥങ്ങൾ മാനുഷിക കരവിരുതുകൾക്ക് വിധേയമാക്കപ്പെട്ടപ്പോൾ അവയിൽ അധാർമികമായ ഉപദേശങ്ങൾ സ്ഥാനം പിടിച്ചതായി കാണാൻ കഴിയും. ഇത് സ്വാഭാവികമാണ്. വേദഗ്രന്ഥങ്ങളിൽ കൈകടത്തലുകൾ നടത്തിയവർ മനുഷ്യരായതുകൊണ്ട് തന്നെ അവർ മുന്നോട്ടുവെക്കുന്ന നിയമ നിർദേശങ്ങൾക്ക് പരിധികളും പരിമിതികളുമുണ്ടാകും. അവർക്ക് നന്മയെന്ന് തോന്നിയ കാര്യങ്ങൾ ആത്യന്തികമായി മനുഷ്യർക്ക് തിന്മ





യായി തീരാനും തിന്മയെന്ന് തോന്നിയ കാര്യങ്ങൾ നന്മയായി തീരാനും സാധ്യതയുണ്ട്. അവരുണ്ടാക്കിയ നിയമങ്ങൾക്ക് അവരുടെ കാലത്ത് പ്രസക്തിയുണ്ടായിരുന്നിരിക്കാം. അവരുടെ വീക്ഷണത്തിൽ അവ പ്രായോഗികമായിരിക്കാം. എന്നാൽ പിൽകാലത്തുള്ളവർക്ക് അവ അപ്രസക്തവും അപ്രായോഗികവുമായി അനുഭവപ്പെടും. അതുകൊണ്ടാണ് മതഗ്രന്ഥങ്ങളിൽ കാണുന്ന നിയമ നിർദേശങ്ങളിൽ ചിലവ അപ്രായോഗികവും അപമാനവികവുമായി അനുഭവപ്പെടുന്നത്.

ഖുർആനിലെ മാർഗനിർദേശങ്ങൾ ഇതിൽനിന്ന് തികച്ചും വ്യത്യസ്ഥമാണ്. അവ അന്യൂനവും സാർവ കാലികവുമാണ്. ഖുർആൻ തന്നെ അത് പ്രദാനം ചെയ്യുന്ന ധാർമിക ക്രമം കിടയറ്റതാണെന്ന് സ്വയം അവകാശപ്പെടുന്നുണ്ട്. ജനങ്ങൾക്ക് മുഴുവൻ മാർഗദർശനം നൽകുവാനും നേർവഴി കാണിക്കുവാനും സത്യാസത്യ വിവേചനത്തിന് ഉപയുക്തമാക്കുവാനും കഴിയുന്ന ദൈവിക പ്രമാണമാണ് ഖുർആനെന്നാണ് അതിന്റെ അവകാശവാദം.

“ജനങ്ങൾക്ക് മാർഗദർശനമായികൊണ്ടും നേർവഴി കാണിക്കുന്നതും സത്യവും അസത്യവും വേർതിരിച്ചുകാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായി കൊണ്ടും വിശുദ്ധ ഖുർആൻ അവതിരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ” *(ഖുർആൻ 2:185).*

“തീർച്ചയായും ഈ ഖുർആൻ ഏററവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു” (17:9).

ജന്തുസഹജമായ വ്യഗ്രതയോടെ ഭൗതികസുഖങ്ങൾ വാരിക്കൂട്ടാൻ ശ്രമിക്കുന്നവർക്ക് ഖുർആൻ ശക്തമായ താക്കീത് നൽകുന്നുണ്ട്. ഭൗതികജീവിതം നശ്വരമാണെന്നും ഇവിടുത്തെ സുഖദുഃഖങ്ങൾ താൽക്കാലികം മാത്രമാണെന്നും ഇഹലോക സൗഖ്യത്തിന് വേണ്ടി അനശ്വരമായ പരലോകജീവിതത്തിലെ ദുരിതങ്ങൾ വാങ്ങരുതെന്നുമുള്ള താക്കീത്. ഈ താക്കീത് ശ്രവിച്ചുകൊണ്ട് ദൈവികവിധിവിലക്കുകൾ സ്വീകരിക്കാൻ സന്നദ്ധരാകുന്നവർക്ക് മാർഗദർശനം നൽകുന്ന ഗ്രന്ഥമാണ് ഖുർആൻ എന്നുകൂടി അത് സ്വയം അവകാശപ്പെടുന്നു. ധാർമികതയുടെ ചട്ടക്കൂടിൽ ജീവിതത്തെ ക്രമീകരിക്കുന്നതാണ് മനുഷ്യമഹത്വത്തിന്റെ നിദാനമെന്ന് മനസ്സിലാക്കാത്തവരെ സംബന്ധിച്ചിടത്തോളം

ഖുർആനിന്റെ വിധിവിലക്കുകൾ പ്രസക്തങ്ങളായി അനുഭവപ്പെട്ടുകൊള്ളണമെന്നില്ല. എന്നാൽ മനുഷ്യത്വത്തിന്റെ ഉദാത്തീകരണത്തിലൂടെയാണ് ജീവിത സാക്ഷാൽകാരം നേടേണ്ടത് എന്ന് കരുതുന്നവരെ സംബന്ധിച്ചിടത്തോളം ഖുർആനിലെ വിധിവിലക്കുകൾ ഓരോന്നും അമൂല്യങ്ങളാണ്. അവർക്ക് എല്ലാ അർഥത്തിലുമുള്ള മാർഗനിർദേശക ഗ്രന്ഥമാണ് ഖുർആൻ. ഖുർആൻ സ്വയം അവകാശപ്പെടുന്നതും ഇതുതന്നെയാണല്ലോ. “ഇതാകുന്നു ഗ്രന്ഥം, അതിൽ സംശയമേയില്ല, സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്.” *(ഖുർആൻ 2:2).*

ഒരു സമ്പൂർണ വേദഗ്രന്ഥമായ ഖുർആൻ ദൈവികമതത്തിന്റെ വിശ്വസപരമായ അടിത്തറകളെ കുറിച്ചും ആചാരവിധികളെ കുറിച്ചും വിശദീകരിക്കുന്നതോടൊപ്പം തന്നെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ദൈവികനിയമങ്ങൾ പാലിച്ച് ജീവിച്ചുകൊണ്ട് എങ്ങനെ ഒരാൾക്ക് പൂർണ മനുഷ്യനായിത്തീരാമെന്ന് വ്യക്തവും കൃത്യവുമായി പഠിപ്പിച്ചുതരികയും ചെയ്യുന്നുണ്ട്. എന്തൊക്കെയാണ് ജീവിതത്തെ വിമലീകരിക്കുന്ന നന്മകളെന്നും എന്തൊക്കെയാണ് ജീവിതത്തെ വികൃതമാക്കുന്ന തിന്മകളെന്നും ഖുർആൻ നമുക്ക് പറഞ്ഞു തരുന്നു.

മനുഷ്യനെന്ന നിലയിൽ ഒരാളിലുണ്ടായിരിക്കേണ്ട എല്ലാ നന്മകളെക്കുറിച്ചും ഖുർആനും അതിന്റെ വിശദീകരണമായ പ്രവാചക ജീവിതവും പറഞ്ഞുതരുന്നുണ്ട്. മനുഷ്യരോടെല്ലാം കാരുണ്യത്തോടെ പെരുമാറണം.ദുരിതമനുഭവിക്കുന്നവരെ സഹായിക്കണം. അനാഥകൾക്കും അഗതികൾക്കും താങ്ങും തണലുമായി വർത്തിക്കണം. അന്യരെപ്പറ്റി നല്ലതുമാത്രം പറയണം. വിനയത്തോടുകൂടി പെരുമാറണം. മാതാപിതാക്കളോടുള്ള പെരുമാറ്റം മാന്യമായിരിക്കണം. കുഞ്ഞുങ്ങളോട് കാരുണ്യവും വാത്സല്യവും കാണിക്കണം. ഭാര്യഭർത്താക്കന്മാർ പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും അവകാശങ്ങൾ അനുവദിച്ച് കൊടുക്കുകയും ചെയ്യണം. സാമ്പത്തികരംഗത്ത് വിശുദ്ധിയോടു കൂടി പെരുമാറണം. കച്ചവടത്തിൽ സത്യസന്ധത ഉണ്ടായിരിക്കണം. ഇങ്ങനെ പോകുന്നു നിർദേശങ്ങൾ ഇവയിലൊന്നെങ്കിലും മനുഷ്യമഹത്വത്തിന് നിരക്കാത്തതാണെന്ന് ചൂണ്ടിക്കാണിക്കാൻ ആർക്കെങ്കിലും കഴിയുമോ?

ഖുർആനിലെ വിലക്കുകൾ പരിശോധിച്ചാലും സ്ഥിതി ഇതുതന്നെയെന്ന് നമുക്ക് ബോധ്യമാകും. മദ്യപിക്കരുത്, വ്യഭിചരിക്കരുത്, മോഷ്ടി





ക്കരുത്, കള്ളം പറയരുത്, വഞ്ചിക്കരുത്, ചൂതാട്ടം നടത്തരുത്. പലിശ വാങ്ങുകയോ കൊടുക്കുകയോ അരുത്, ധൂർത്തടിക്കരുത്, അന്യായമായി ഒരു തുള്ളി രക്തം പോലും ചിന്തരുത്. ചാരിത്രവതികളെകുറിച്ച് അപവാദം പറയരുത്. അനാഥകളുടെ ധനം അന്യായമായി ഭക്ഷിക്കരുത്, തെറിപറയരുത്, ആരുടെയും അവകാശങ്ങൾ ഹനിക്കരുത്, മായം ചേർക്കരുത്. അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുത്, അസൂയയും വിദ്വേഷവും വെച്ചുപുലർത്തരുത്, ഏഷണിയും പരദൂഷണവും പാടില്ല. സ്വജന പക്ഷപാതം പാടില്ല- ഇങ്ങനെയുള്ളവയാണ് വിലക്കുകൾ. ഈ വിലക്കുകളിലേതെങ്കിലും മനുഷ്യപുരോഗതിക്ക് മുമ്പിൽ വിലങ്ങുതടിയായി നിൽക്കുന്നുവെന്ന് പറയാൻ ആരെങ്കിലും ധൈര്യപ്പെടുമോ?

സാന്മാർഗിക നിർദേശങ്ങളോടൊപ്പം പ്രായോഗിക പദ്ധതി കൂടി ഖുർആൻ അവതരിപ്പിക്കുന്നു എന്നതാണ് അതിനെ അതുല്യമാക്കുന്ന ഒട്ടനവധി സവിശേഷതകളിലൊന്ന്. തിന്മകൾക്ക് മരണാനന്തരം ലഭിക്കുവാനിരിക്കുന്ന ദൈവിക ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പു നൽകികൊണ്ട് കുറ്റകൃത്യങ്ങൾ ഇല്ലാതാക്കുന്നതിനാവശ്യമായ മാനസികാവസ്ഥ സൃഷ്ടിക്കുന്നതോടൊപ്പം തന്നെ കുറ്റവാളികൾക്ക് ഭരണകൂടം നൽകേണ്ട ഭൗതിക ശിക്ഷയെക്കുറിച്ചും ഖുർആൻ വിവരിക്കുന്നു. സുദൃഢമായ ഒരു കരാറെന്ന നിലയിൽ വൈവാഹിക ബന്ധം പ്രശ്നരഹിതമായി മുന്നോട്ട് നീക്കുവാനാവശ്യമായ ധാർമിക മാർഗനിർദേശങ്ങൾ നൽകുന്നതോടൊപ്പം അവയിൽ തർക്കങ്ങൾ ഉടലെടുക്കുകയാണെങ്കിൽ എങ്ങനെ പരിഹരിക്കപെടണമെന്നതിനെക്കുറിച്ച പ്രായോഗിക നിർദേശങ്ങളും ഖുർആൻ ഉൾക്കൊള്ളുന്നു.

ഉപദേശങ്ങളും നിർദേശങ്ങളും മാത്രം നൽകികൊണ്ട് പിൻവാങ്ങുകയല്ല പ്രത്യുത, അത് പ്രദാനം ചെയ്യുന്ന സാന്മാർഗിക ക്രമം പ്രായോഗികമാണെന്ന് വിശുദ്ധമായ ഒരു സമൂഹത്തിന്റെസൃഷ്ടി സാധിച്ചുകൊണ്ട് തെളിയിക്കുകയാണ് ഖുർആൻ ചെയ്തിട്ടുള്ളത്. കിടയറ്റ ഒരു സാന്മാർഗിക ക്രമം അവതരിപ്പിക്കുക മാത്രമല്ല, അത് പ്രായോഗികമാണെന്ന് തെളിയിക്കുക കൂടി ചെയ്ത ഗ്രന്ഥമാണ് ഖുർആൻ എന്നർഥം.

മറ്റു മതഗ്രന്ഥങ്ങളും മാതൃകായോഗ്യമായ സാന്മാർഗിക സംവിധാനത്തെക്കുറിച്ച് സംസാരിക്കുന്നില്ലേ?

എല്ലാ മതഗ്രന്ഥങ്ങളും ചില ധാർമിക നിർദേശങ്ങൾ നൽകുന്നുണ്ടെന്നത് ശരിയാണ്. പ്രവാചകന്മാർ പ്രബോധനം ചെയ്ത ആദർശത്തിന്റെ

അവശിഷ്ടങ്ങൾ സ്ഥിതി ചെയ്യുന്ന മതഗ്രന്ഥങ്ങളിലെ ധാർമിക നിർദേശങ്ങളിൽ ചിലവ ഖുർആനികാധ്യാപനങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടെന്നതും നേരാണ്. എന്നാൽ ഖുർആനിലെ ധാർമിക നിർദേശങ്ങൾക്ക് മറ്റു മത ഗ്രന്ഥങ്ങളുടേതിൽ നിന്ന് അടിസ്ഥാനപരമായ പില അന്തരങ്ങളുണ്ട്. അവയിങ്ങനെ സംഗ്രഹിക്കാം.

ഒന്ന്: ഖുർആനിൽ ദൈവികമായ വിധിവിലക്കുകൾ മാത്രമെയുള്ളൂ. മറ്റുമതഗ്രന്ഥങ്ങളിൽ ദൈവികമായ വിധിവിലക്കുകൾ പരാമർശിക്കുന്നുണ്ടെങ്കിലും അതോടൊപ്പം തന്നെ പുരോഹിതന്മാർ നിർമിച്ച നിയമങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ഇവ രണ്ടും ഏതൊക്കെയാണെന്ന് വേർതിരിച്ച് മനസ്സിലാക്കാൻ കഴിയാത്തവണ്ണം അവ കൂടിക്കുഴഞ്ഞാണിരിക്കുന്നത്.

രണ്ട്: ഖുർആനിലെ വിധിവിലക്കുകൾ നൂറ് ശതമാനം മാനവികമാണ്. മറ്റു പല മത ഗ്രന്ഥങ്ങളിലും മാനവികമല്ലാത്ത വിധിവിലക്കുകൾ ഉൾക്കൊള്ളുന്നു. ഉദാഹരണത്തിന് ബൈബിളിൽ കൊറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ് എഴുതുന്നു: 'സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതാണ് പുരുഷന് നല്ലത്'(1 കൊരി 7:1).'വിവാഹത്തിൽ നിന്ന് തന്നെ ഒഴിഞ്ഞ് നിൽക്കുന്നത് ഏറെ നല്ലത്' (7:38). മനുഷ്യർ മുഴുവൻ ഏറ്റവും വലിയ ഈ നന്മ സ്വീകരിച്ചിരുന്നവെങ്കിൽ മനുഷ്യകുലം തന്നെ ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ നാമാവശേഷമാകുമായിരുന്നു. ഇത്തരം മാനവികമല്ലാത്ത ഉപദേശങ്ങളൊന്നും ഖുർആനിൽ കാണുക സാധ്യമല്ല.

മൂന്ന്: ഖുർആനിലെ വിധിവിലക്കുകളിൽ അക്രമത്തിനോ അനീതിക്കോ വേണ്ടിയുള്ള കൽപനകളൊന്നും ഉൾക്കൊള്ളുന്നില്ല. മറ്റു ചില മതഗ്രന്ഥങ്ങളിൽ അക്രമത്തിനും അനീതിക്കും വേണ്ടിയുള്ള ആഹ്വാനങ്ങൾ കാണാം. ഉദാഹരണത്തിന് കൗഷീതകി ബ്രാഹ്മണോപനിഷത്തിൽ ഇന്ദ്രൻ പറയുന്നതായി ഉദ്ധരിക്കുന്നു. ''ന മാതൃവധേന ന പൃതൃ വധേന ന സ്തേയേനന ഭ്രൂണഹത്യയോ നാസ്യ പാപം ചന ചകൃഷോ മുഖാന്നീലം വേതീതി'' (3:1).

(മാതൃവധം, പിതൃവധം, മോഷണം, ഭ്രൂണഹത്യ തുടങ്ങിയ പാപങ്ങൾ ചെയ്തുകൊണ്ടിരുന്നാലും എന്റെയാളുകൾക്ക് യാതൊരു ശങ്കയുമുണ്ടാവരുത്).

നാല്: ഖുർആനിലെ നിയമ നിർദേശങ്ങളിൽ യാതൊരു രീതിയിലുള്ള ഉച്ചനീചത്വങ്ങളുമില്ല. മററു ചില മതഗ്രന്ഥങ്ങളിലെ നിയമങ്ങളിൽ താഴ്ന്ന ജാതിക്കാരനും ഉയർന്ന ജാതിക്കാരനുമെന്ന വേർതിരിവ് പ്രകടമാണ്. ഉദാഹരണത്തിന് ആക്ഷേപത്തിന് മനുസ്മൃതി വിധിച്ചിട്ടുള്ള ശിക്ഷകൾ ശ്രദ്ധിക്കുക. 'ബ്രാഹ്മണനെ ശകാരിക്കുന്ന ക്ഷത്രയന് നൂറ് പണവും വൈശ്യന് ഇരുനൂറ് പണവും ശൂദ്രന് ചാട്ടവാറടിയുമാണ് ശിക്ഷ. ബ്രാഹ്മണൻ ക്ഷത്രിയനെ ശകാരിച്ചാൽ അമ്പത് പണവും വൈശ്യനെയാണെങ്കിൽ ഇരുപത്തിയഞ്ച് പണവും ശൂദ്രനെയാണെങ്കിൽ പന്ത്രണ്ട് പണവുമാണ് ശിക്ഷ *(മനുസ്മൃതി 8:267, 268).*

അഞ്ച്: ഖുർആനിൽ അപ്രായോഗികമായ വിധി വിലക്കുകൾ ഒന്നും തന്നെയില്ല. മറ്റു മതഗ്രന്ഥങ്ങളിലെ വിധിവിലക്കുകളിൽ ചിലവ അപ്രായോഗികങ്ങളാണ്. വിവാഹമോചനത്തെക്കുറിച്ച ബൈബിളിലെ കൽപന കാണുക: 'തന്റെ ഭാര്യയുമായി വിവാഹമോചനം നടത്തി മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചരിച്ചിരിക്കുന്നു *(ലൗക്കോസ് 16:18).*

വിവാഹമോചനം പാടില്ലന്ന ബൈബിളിലെ ഈ നിയമം അപ്രായോഗികമാണെന്ന് ഇന്ന് ക്രൈസ്തവ സഭകൾ തന്നെ സമ്മതിക്കുന്നുവെന്നതാണ് വാസ്തവം. വിവാഹമോചനം അനുവദിക്കുന്നതിന് വേണ്ടി സഭകൾ നടത്തുന്ന നിയമനിർമാണം അതാണല്ലൊ കാണിക്കുന്നത്.

ആറ് : ഖുർആൻ വിവരിച്ചുകാണിക്കുന്ന സാന്മാർഗിക ക്രമത്തിന്റെ പ്രയോക്താക്കളാവുകവഴി വിശുദ്ധമായിത്തീർന്ന പ്രവാചകന്മാരുടെ ചരിത്രമാണ് അത് വിവരിക്കുന്നത്. മറ്റു മത ഗ്രന്ഥങ്ങൾ പ്രവാചകന്മാർ വിശുദ്ധരായിരുന്നുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അവരുടെ ജീവിതം വിവരിക്കപ്പെട്ടിരിക്കുന്നത് വളരെ മോശമായ രീതിയിലാണ്. മദ്യപിച്ച് നഗ്നനാകുന്ന നോഹും (ഉൽപത്തി 9:20-23) മദ്യപിച്ച് പുത്രിമാരുമായി ശയിക്കുന്ന ലോത്തും (ഉൽപത്തി 19:31-36) ചതിയനായ യാക്കോബും (ഉൽപത്തി 27:1-36) അന്യസ്ത്രീകളെ സ്വന്തം കിടക്കയിലേക്ക് നയിക്കുന്ന ദാവീദും (2 ശാമുവേൽ 11:1-20) മാതൃകാ യോഗ്യരാണോ? ഹൈന്ദവ പുരാണങ്ങളിൽ മഹത്വ്യക്തികളെപ്പറ്റി വിവരിച്ചിട്ടുള്ളതും തഥൈവ. ശംബുകനെന്ന ശൂദ്രനെ വധിക്കുകയും (വാൽമീകി രാമായണം യുദ്ധകാണ്ഡം) പൂർണ ഗർഭിണിയായ ഭാര്യയെ കാട്ടിൽ ഉപേക്ഷിക്കുകയും (ഉത്തര കാണ്ഡം) ചെയ്ത ശ്രീരാമനെയും ഗോപികാവസ്ത്രാപഹരണം മുതൽ യുദ്ധത്തിൽ അക്രമവും വഞ്ചനയും സ്വീകരിക്കുക വരെ ചെയ്ത ശ്രീകൃഷ്ണനെയുമാണ് നാം പുരാണങ്ങളിൽ കാണുന്നത്. ഈ നിലയിൽ ഇവർ ധർമ സംസ്ഥാകരായിരിന്നുവെന്ന്

പറയാനാകുമോ? വിശുദ്ധ ഖുർആനാകട്ടെ എല്ലാ പ്രവാചകന്മാരും വിശു ദ്ധരും മാതൃകായോഗ്യരുമായിരുന്നുവെന്നാണ് പഠിപ്പിക്കുന്നത്. ഖുർ ആൻ മുന്നോട്ട് വെക്കുന്ന ചരിത്രം ഇതിന് സാക്ഷിയുമാണ്.

<u>പ്രായോഗികത:</u>

മനുഷ്യരെ മാനവികത പഠിപ്പിക്കുവാൻ വേണ്ടിയാണ് പ്രവാചകൻ മാർ നിയോഗിക്കപ്പെട്ടത്. ദൈവികമായ മാർഗദർശനപ്രകാരം ജീവിച്ചു കൊണ്ടുമാത്രമെ മാനവികതയുടെ ഉന്നത നിലവാരത്തിലെത്തിച്ചേരാൻ കഴിയൂ. ദൈവിക ഗ്രന്ഥങ്ങളിലെ നിയമ നിർദേശങ്ങളെല്ലാം മനുഷ്യരെ സത്യസന്ധരും സൽഗുണസമ്പന്നരുമാക്കുന്നതിന് വേണ്ടിയുള്ളതായി രുന്നു. പ്രസ്തുത നിയമങ്ങൾ വ്യക്തിയെ വിമലീകരിക്കുകയും കുടും ബത്തെ വിശുദ്ധീകരിക്കുകയും സമൂഹത്തെ പ്രകാശമാനമാക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ അവ തികച്ചും പ്രായോഗികമായിരുന്നു. അപ്രായോഗികമായ കുറെ നിയമങ്ങൾ അടിച്ചേൽപിക്കുന്നതു വഴി ഒരി ക്കിലും ശാശ്വതമായ ശാന്തിയും സമാധാനവും കൈവരിക്കാനാവില്ല. അത്തരം നിയമങ്ങൾക്ക് കാലാതിവർത്തിയായി നിലനിൽക്കുവാനും കഴിയില്ല. ഭൗതിക പ്രത്യയ ശാസ്ത്രങ്ങൾ മുന്നോട്ട് വച്ച നിയമനിർദേ ശങ്ങൾ ഒറ്റനേട്ടത്തിൽ സുന്ദരമായിരുന്നുവെങ്കിലും അവ തികച്ചും അപ്രായോഗികമായിരുന്നതിനാലാണല്ലൊ അവയ്ക്ക് ചരിത്രത്തെ അ തിജീവിക്കുവാൻ കഴിയാതെ പോയത്.

പ്രവാചകന്മാരിലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളിലെ നിയ മനിർദേശങ്ങളെല്ലാം പ്രായോഗികമായിരുന്നു. എന്നാൽ മനുഷ്യരുടെ കൈകടത്തലുകൾ പ്രസ്തുത ഗ്രന്ഥങ്ങളിലുണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ പ്രസ്തുത രചനകൾ നടത്തിയവരുടെ വീക്ഷണത്തിന്റെ പരിമി തികൾ അവയിലെ നിർദേശങ്ങളിൽ കാണാൻ കഴിയും. അത്തരം നിയ മനിർദേശങ്ങൾ പലപ്പോഴും അത് എഴുതപ്പെട്ട കാലത്ത് മാത്രം പ്രായോ ഗികമായിരിക്കും; അല്ലെങ്കിൽ അതെഴുതിയ വ്യക്തിയുടെ വീക്ഷണ ത്തിൽ പ്രായോഗികമായിരിക്കും. സാർവകാലികത്വമവകാശപ്പെടാൻ അത്തരം നിയമനിർദേശങ്ങൾക്കൊന്നും കഴിയുകയില്ലെന്നാണ് വാ സ്തവം.

ഉദാഹരണത്തിന് വിവാഹമോചനത്തെകുറിച്ച ബൈബിൾ പുതിയ നിയമത്തിന്റെ അനുശാസന നോക്കുക: 'ചാരിത്ര ലംഘനം എന്ന കാര ണത്താലല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണി





യാക്കുന്നു. അങ്ങനെ ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചരിക്കുന്നു,' *(മത്തായി 5:32)* 'വിവാഹിതരോട് ഞാൻ കൽപിക്കുന്നു. ഞാനല്ല, കർത്താവു തന്നെ കൽപിക്കുന്നു. ഭാര്യ ഭർത്താവിനെ പി രിയരുത്. അവൾ പിരിയുന്നുവെങ്കിൽ ഒറ്റക്ക് കഴിയണം. അല്ലെങ്കിൽ ഭർത്താവുമായി രമ്യപ്പെടേണം. ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുകയും അരുത്.' *(1 കൊരിന്ത്യർ 7:10,11)*

ഇവയിൽ അടങ്ങിയ വിധികൾ താഴെ പറയുന്നവയാണ്:

1. ചാരിത്ര്യ ലംഘനം എന്ന കാരണത്താലല്ലാതെ ഭാര്യയെ ഉപേക്ഷി ക്കുവാൻ പാടില്ല.

2. ഭാര്യ ഒരു കാരണവശാലും ഭർത്താവിനെ ഉപേക്ഷിച്ചുകൂടാ.

3. അവൾ ഭർത്താവുമായി പിരിയേണ്ടിവന്നാൽ പിന്നെ ഒറ്റയ്ക്കു കഴിയണം.

4. ഒരു വിവാഹമോചിതയെ ആരും വിവാഹം ചെയ്യരുത്.

5. വിവാഹമോചിതയുമായുള്ള വിവാഹത്തിലൂടെ നടക്കുന്ന ലൈംഗിക ബന്ധം വ്യഭിചാരമാണ്.

ഈ നിയമങ്ങൾ അപ്രായോഗികമാണെന്ന് പറയേണ്ടതില്ലല്ലൊ. താ ഴെ പറയുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ഈ നിയമത്തിന്റെ വക്താക്കൾക്ക് കഴിയുന്നില്ലെന്നതാണ് വാസ്തവം.

1. കുടുംബബന്ധം വൈകാരികമായ ഭാര്യാ ഭർതൃബന്ധത്തിന്റെ കെട്ടുറപ്പിന്റെ അടിത്തറയിലാണ് കരുപ്പിടിപ്പിക്കപ്പെടുന്നത്. ചാരിതൃ ലംഘ നമെന്ന പ്രശ്നമല്ലാതെ തന്നെ തമ്മിൽ ഒന്നിച്ചു പോകാൻ പറ്റാത്ത നിര വധി പ്രശ്നങ്ങൾ ഭാര്യഭർത്താക്കന്മാർ തമ്മിലുണ്ടാകാറുണ്ട്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള യാതൊരു മാർഗരേഖയും ബൈ ബിൾ നൽകുന്നില്ല. മനസ്സുകൾ തമ്മിൽ അകന്നു കഴിഞ്ഞ- ഒരിക്കലും യോജിപ്പിക്കാൻ കഴിയാത്തവിധം അകന്നുപോയ വ്യക്തികളെ, വിവാഹം കഴിച്ചുവെന്നതിന്റെ പേരിൽ മാത്രം നിത്യനരകത്തിൽ കഴിയുവാൻ വിധി ക്കുന്നത് സംഗതമാണോ? മനസ്സ് അകന്ന മാതാപിതാക്കളോടൊപ്പം വള രുന്ന കുഞ്ഞുങ്ങളുടെ മാനസികാവസ്ഥയെന്തായിരിക്കും? വൈവാഹി ക ബന്ധത്തെ ഒരിക്കലും വേർപെടുത്താനാവാത്ത ബന്ധനമാക്കുക വഴി സ്ത്രീക്കും പുരുഷനും ചിലപ്പോഴെങ്കിലുമുണ്ടാവാറുള്ള അതീവ ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുവാൻ ബൈബിളിന്

കഴിയുന്നുണ്ടോ? എന്താണ് പരിഹാരം?.

2. അനിവാര്യമായ സാഹചര്യത്തിൽ ഭർത്താവിനെ ഉപേക്ഷിക്കേണ്ടിവന്നാൽ പിന്നെ ഭാര്യ വേറെ വിവാഹം കഴിക്കാൻ പാടില്ലെന്നാണ് പൗലോസിന്റെ അധ്യാപനം. അങ്ങനെ വിവാഹമോചനം നേടിയവളെ ആരു സംരക്ഷിക്കണമെന്ന് പുതിയ നിയമം പഠിപ്പിക്കുന്നില്ല. വിവാഹമോചനം ചെയ്തതിന് ശേഷം അവളുടെ ജൈവികാവശ്യമായ ലൈംഗിക തൃഷ്ണയും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള അഭിവാഞ്ഛയും തീർക്കുവൻ പ്രായോഗികമായ മറ്റു മാർഗങ്ങളൊന്നും നിർദേശിക്കാതെ അവൾ ഒറ്റക്ക് കഴിയണം എന്ന കൽപന പുറപ്പെടുവിപ്പിക്കുന്ന പൗലോസിന്റെ വീഷണം മാനവികമായ കാഴ്ചപാടിൽ ക്രൂരതയല്ലേ? ഈ പ്രശ്നങ്ങൾക്ക് ബൈബിളിന് വല്ല പരിഹാരവും നിർദേശിക്കാനുണ്ടോ?.

3. ഒരാൾ വിവാഹമോചനം ചെയ്തവളെ മറ്റൊരാൾ വിവാഹം ചെയ്യരുതെന്ന കൽപനയ്ക്കുള്ള ന്യായീകരണമെന്താണ്? ഒരു ക്രിസ്തുമത വിശ്വാസിനിയായ സ്ത്രീയെ ക്രൂരനായ, പ്രായോഗികമായി ദൈവനിഷേധിയായ ഭർത്താവ് വിവാഹമോചനം ചെയ്തുവെന്നിരിക്കട്ടെ, അയാളെ സംബന്ധിച്ചടത്തോളം ബൈബിളിന്റെ വിലക്കുകൾ ബാധകമല്ലല്ലോ. അത്തരമൊരു സ്ത്രീ പരിശുദ്ധമായ കുടുംബജീവിതം നയിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവളുടെ മുമ്പിൽ നിയമം അപ്രായോഗികമായിത്തീരുകയില്ലേ? അവൾക്ക് മറ്റെന്തു മാർഗമാണ് ബൈബിളിന് നിർദേശിക്കാനുള്ളത്?.

4. ഒരു വിവാഹമോചിതയെ മറ്റൊരു പുരുഷൻ വിവാഹം ചെയ്താൽ അത് വ്യഭിചാരത്തിന് തുല്യമാണെന്ന വാദത്തിന് എന്തു ന്യായീകരണമാണുള്ളത്? അങ്ങനെ ഒരു വിവാഹം നടന്നാൽ അവർ തമ്മിലുള്ള ലൈംഗിക ബന്ധം നിയപരമാക്കുവാൻ എന്തു മാർഗമാണ് ബൈബിളിന് നിർദേശിക്കാനുള്ളത്?

ഇതേ പോലെത്തന്നെയാണ് മറ്റു മതഗ്രന്ഥങ്ങളിലെ വിധിവിലക്കുകളിൽ ചിലതിന്റെയും സ്ഥിതി. അവ അപ്രായോഗികമായ നിയമങ്ങൾ ഉൾക്കൊള്ളുന്നവയാണ്. വിധവയോട് മനുസ്മൃതി നിഷ്കർഷിക്കുന്നതിങ്ങനെയാണ്. 'ഭർത്താവ് മരിച്ചശേഷം പരിശുദ്ധമായ കിഴങ്ങ്, ഫലം, പുഷ്പം തുടങ്ങിയ ആഹാരങ്ങൾ കൊണ്ട് ദേഹത്തിന് ക്ഷയം വരുത്തി കാലം കഴിക്കേണ്ടതാണ്. കാമവികാരോദ്ദ്യേശത്തോടെ മറ്റൊരു പുരുഷന്റെ പേരു പറയരുത്. ഭർത്താവിന്റെ മരണത്തിന് ശേഷം ജീവിതാവസാനം വരെ സഹനശീലയായും പരിശുദ്ധയായും ബ്രഹ്മധ്യാനമുള്ളവളായും മധുമാംസഭക്ഷണം ചെയ്യാത്തവളായും ഉൽകൃഷ്ടമായ പവിത്രതയുടെ ധർമത്തെ ആഗ്രഹിക്കുന്നവളായും ഇരിക്കേണ്ടതാകുന്നു *(മനുസ്മൃതി 5:157,158).*





യൗവ്വനത്തിൽ തന്നെ ഭർത്താവ് മരണപ്പെടുക വഴി വിധവകളായിത്തിരുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഈ നിയമം അടിച്ചേൽപ്പിക്കുന്ന ക്രൂരതയെക്കുറിച്ച് പറയേണ്ടതില്ല. അവൾക്ക് വിവാഹം നിഷേധിക്കപ്പെടുന്നത് അധാർമികതകളിലേക്ക് നയിക്കപ്പെടുവാൻ കാരണമാകും. അങ്ങനെ ഈ നിയമത്തിന്റെ ഭവിഷ്യത്തുകൾ വ്യക്തികളും സമൂഹവും അനുഭവിക്കാൻ നിർബന്ധിതരാവും. ഒരു നല്ല സമൂഹത്തിന്റെ സൃഷ്ടിക്ക് വിഘാതമായി നിൽക്കുന്നവയാണ് ഉത്തരം നിയമങ്ങൾ; അതുകൊണ്ട് തന്നെ അപ്രായോഗികവും.

ഖുർആനിലെ നിയമങ്ങളുടെ സ്ഥതിയിതല്ല. അതിലെ നിയമനിർദേശങ്ങളൊന്നും അപ്രായോഗികമല്ല. മാനവികമായ ഏത് അളവുകോൽ വെച്ചു നോക്കിയാലും ഖുർആനിലെ നിയമങ്ങളിൽ അധാർമികമോ അപ്രായോഗികമോ ആയ യാതൊന്നും കാണാൻ കഴിയുകയില്ല.

എല്ലാ അർഥത്തിലും പ്രായോഗികമായ ഒരു ഗ്രന്ഥമാണ് ഖുർആൻ എന്നു പറയാൻ പറ്റുമോ?.

അതെ, ഖുർആൻ എല്ലാ അർഥത്തിലും പ്രായോഗികമായ ഒരു ഗ്രന്ഥമാണ്. മാനവ സമൂഹത്തെ സത്യത്തിന്റെയും ധർമത്തിന്റെയും മാർഗത്തിലൂടെ നയിച്ചുകൊണ്ട് ഐക്യപ്പെടുത്തുകയെന്ന വേദഗ്രന്ഥത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം സാക്ഷാൽകരിക്കാനുതകുന്ന ഒരൊറ്റ ഗ്രന്ഥം മാത്രമെ ഇന്ന് നിലനിൽക്കുന്നുള്ളു. അത് ഖുർആനാണ്. അത് പ്രദാനം ചെയ്യുന്ന ധാർമിക നിയമങ്ങൾ നൂറുശതമാനവും പ്രായോഗികമാണ്. ധാർമികതയിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യ സംവിധാനത്തിന്റെ നിർമിതിക്കാവശ്യമായ പ്രായോഗിക നിയമങ്ങൾ നൽകുന്നത് ഖുർആൻ മാത്രമാണെന്നുള്ളതാണ് വാസ്തവം.

**ഖുർആൻ പ്രായോഗികമാണെന്നതിന് എന്താണ് തെളിവ്?**

ഖുർആൻ സൃഷ്ടിച്ച വിപ്ലവമാണ് ഖുർആൻ പ്രായോഗിമാണെന്നുള്ളതിനുള്ള ഏറ്റവും വലിയ തെളിവ്. ഖുർആനിന്റെ അവതരണത്തിന്

മുമ്പും പിമ്പുമുള്ള അറേബ്യൻ സമൂഹത്തിന്റെ അവസ്ഥകൾ പരിശോധിച്ചാൽ ഖുർആനിന്റെ പ്രായോഗികത നമുക്ക് ബോധ്യമാകും.

അന്ധവിശ്വാസങ്ങൾ സൃഷ്ടിച്ച അധമത്വം പേറിക്കൊണ്ടിരുന്ന, മദ്യത്തിലും മദിരാക്ഷിയിലും മയങ്ങിക്കിടന്നിരുന്ന, ഗോത്ര മഹിമയുടെ പേരിൽ തമ്മിലടിച്ച് ചോരചിന്തുന്നതിൽ യാതൊരു വൈമനസ്യവുമില്ലാതിരുന്ന, അറിവിന്റെ രംഗത്ത് 'വട്ടപൂജ്യം' മാത്രമായിരുന്ന, ചികിൽസാ രംഗത്ത് ഒന്നുമല്ലാതിരുന്ന, കാർഷികമായി പിന്നോക്കം നിന്നിരുന്ന, രാഷ്ട്രീയവും സൈനികവുമായി അസംഘടിതരായിരുന്ന ഒരു സമൂഹം. ഇതാണ് ഖുർആനിന്റെ അവതരണതിനു മുമ്പുള്ള അറേബ്യയുടെ ചിത്രം.

ഖുർആനിന്റെ അവതരണത്തിന് ശേഷമുള്ള അറേബ്യയെ നാം നോക്കുമ്പോൾ സംസ്കാരങ്ങളെ വെല്ലുന്ന ഒരു പുതിയ സംസ്കാരത്തിന്റെ വാഹകരെയാണ് നമുക്കവിടെ കാണാൻ കിഴിയുന്നത്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അന്നത്തെ അതികായന്മാരായ ഗ്രീക്കുകാരെക്കാൾ ആരംഗത്ത് ഉയർന്ന് നിൽക്കാൻ അവർക്ക് സാധിച്ചു. അലക്സാൻഡ്രിയയെക്കാൾ വലിയ സാംസ്കാരിക കേന്ദ്രമായി ബാഗ്ദാദ് മാറി. നൂറ്റാണ്ടുകളുടെ രാഷ്ട്രീയ നായകത്വമുണ്ടായിരുന്ന റോമിനെയും പേർഷ്യയെയും അവർ വിറപ്പിച്ചു. ഗോത്രകലഹങ്ങളിൽ തമ്മിൽ തല്ലി രക്തം ചിന്തിയിരുന്ന അറബികൾ ഐക്യത്തിന്റെ പതാക വാഹകരായിത്തീർന്നു. ധർമവും അധർമവുമെന്താണെന്ന് അറിയാതിരുന്ന അവർ ധാർമിക തത്വങ്ങളുടെ പ്രചാരകരായി മാറി. ലോകത്തിന് മുഴുവൻ മാതൃകായോഗ്യമായി അറേബ്യൻ സമൂഹത്തെ മാറ്റിയെടുക്കാൻ വിശുദ്ധഖുർആന് സാധിച്ചു. അതും കേവലം 23 വർഷം കൊണ്ട്.

സാംസ്കാരിക രംഗത്ത് വട്ടപ്പൂജ്യത്തിലായിരുന്ന ഒരു ജനതയെ വെറും ഇരുപത്തിമൂന്ന് വർഷങ്ങൾ കൊണ്ട് മാനവികതയുടെ പരമശീർഷത്തിലെത്തിക്കുവാൻ കഴിഞ്ഞ ഗ്രന്ഥമാണ് ഖുർആൻ. ഇതിനു തുല്യമായി ലോകത്തെ പരിവർത്തിപ്പിക്കുവാൻ കഴിഞ്ഞ മറ്റൊരു ഗ്രന്ഥം മാനവചരിത്രത്തിലെവിടെയുമുണ്ടായിട്ടില്ല.മനുഷ്യരെ നേർമാർഗത്തിലേക്ക് നയിക്കുന്ന വിഷയത്തിൽ ഖുർആനിനെ പോലെ പ്രായോഗികമായ മറ്റൊരു രചനയുമില്ലെന്ന വസ്തുതയാണ് ഇവിടെ വ്യക്തമാകുന്നത്.

ഖുർആനിലെ നിയമങ്ങളിലേതെങ്കിലും അപ്രായോഗികമാണെന്ന് വസ്തുനിഷ്ഠമായി തെളിയിക്കുവാൻ അതിന്റെ വിമർശകർക്കൊന്നും കഴിയുന്നില്ലെന്നതാണ് വാസ്തവം.





**അമാനുഷികത:**

സർവശക്തനായ സ്രഷ്ടാവിനാൽ നിയുക്തരാവുന്ന പ്രവാചന്മാർക്ക് തങ്ങളുടെ പ്രവാചകത്വത്തിന്റെ സത്യത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി ചില അമാനുഷിക ദൃഷ്ടാന്തങ്ങൾ ദൈവം നൽകിയിരുന്നതായി വേദഗ്രന്ഥങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. അവർ ജീവിച്ചിരുന്ന സമൂഹത്തിലെ ജനങ്ങൾക്ക് അവരുടെ പ്രവാചകത്വത്തെകുറിച്ച അവകാശവാദം ശരി തന്നെയാണെന്ന് ബോധ്യപ്പെടുത്തുകയായിരുന്നു പ്രസ്തുത ദൃഷ്ടാന്തങ്ങളുടെ ഉദ്ദേശ്യം. മൂസാ നബിക്ക്(അ)ക്ക് നൽകപ്പെട്ട സർപ്പമായി മാറുന്ന വടി ഒരുദാഹരണമാണ്. മരിച്ചവരെ ജീവിപ്പിക്കുവാൻ യേശുവിന് നൽകിയ കഴിവ് മറ്റൊരുദാഹരണം.

ഇത്തരം അത്ഭുതങ്ങൾ പ്രവാചകന്മാരുടെ ജീവിത കാലത്തുമാത്രം നിലനിന്നവയാണ്. അവർക്കുശേഷം ആ അത്ഭുതങ്ങളൊന്നും നിലനിന്നിട്ടില്ല. നിലനിൽക്കുകയുമില്ല. അന്തിമ പ്രവാചകനിലൂടെ വെളിപ്പെട്ട അത്ഭുതത്തിന്റെ സ്ഥതിയിതല്ല. അത് അദ്ദേഹത്തിന്റെ ദൗത്യം പോലെത്തന്നെ അവസാനനാളുവരെ നിലനിൽക്കുന്നതാണ്. ഖുർആനാണ് പ്രസ്തുത അമാനുഷിക ദൃഷ്ടാന്തം. അവസാന നാളുവരെയുള്ള ആർക്കും ഖുർആൻ പരിശോധിക്കാം. അതിലെ അത്ഭുതങ്ങൾ ആസ്വദിക്കാം. അങ്ങനെ മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വം സത്യമാണോയെന്ന് തീർച്ചപ്പെടുത്താം. ഒരേ സമയം വേദഗ്രന്ഥവും അമാനുഷിക ദൃഷ്ടാന്തവുമായ ഖുർആൻ അവസാനത്തെ നാളുവരെ നിലനിൽക്കുന്ന അത്ഭുതങ്ങളുടെ അത്ഭുമാണ്.

ഖുർആനിനെ അമാനുഷിക ദൃഷ്ടാന്തമാക്കുന്നതെന്താണ്?

ഖുർആനിലെ ആശയങ്ങളും ശൈലിയും ഭാഷയുമെല്ലാം അത്ഭുതം തന്നെയാണ്. അറബ് സാഹിത്യത്തിലെ അതികായന്മാർക്കിടയിലേക്കാണ് ഖുർആനിന്റെ അവതരണം. പതിനാല് നൂറ്റാണ്ടുമുമ്പത്തെ കവിതകൾ അറബ് സാഹിത്യത്തിലെ മാസ്റ്റർ പീസുകളാണിന്നും. അവർക്കിടയിൽ ജനിച്ചു വളർന്ന ഒരു നിരക്ഷരനിലൂടെയാണ് ഖുർആൻ ലോകം ശ്രവിക്കുന്നത്. അദ്ദേഹമാകട്ടെ നാൽപതുവയസ്സുവരെ യാതൊരു സാഹിത്യാഭിരുചിയും കാണിക്കാത്ത വ്യക്തിയും. ഖുർആനിന്റെ സാഹിത്യമേന്മയെ സംബന്ധിച്ച് അത് അവതരിക്കപ്പെട്ട സമൂഹത്തിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. വിശ്വാസികളും അവിശ്വാസികളുമായ അറബികളെല്ലാം ഖുർആനിന്റെ ഉന്നതമായ സാഹിത്യമൂല്യം അംഗീക

രിക്കുന്നവരായിരുന്നു. അത് മാരണമാണെന്നും പൈശാചിക വചനങ്ങളാണെന്നും പറഞ്ഞ് അതിന്റെ ദൈവികത അംഗീകരിക്കാതെ മാറി നിൽക്കുകയായിരുന്നു അവിശ്വാസികൾ ചെയ്തതെന്നുമാത്രം.

ഖുറൈശി ഗോത്രനേതാവും അറബി സാഹിത്യത്തിലെ അജയ്യനുമായിരുന്ന വാലീദുബ്നു മുഗീറയോട് ഖുർആനിനെതിരെ പരസ്യ പ്രസ്താവന നടത്തണമെന്നാവശ്യപ്പെട്ട അബൂജഹലിന് അദ്ദേഹം നൽകിയ മറുപടി ശ്രദ്ധേയമാണ്. 'ഞാനെന്താണ് പറയേണ്ടത്? ഗദ്യത്തിലും പദ്യത്തിലും ജിന്നുകളുടെ കാവ്യങ്ങളിലും അറബിഭാഷയുടെ മറ്റേതൊരു സാഹിത്യ ശാഖയിലും നിങ്ങളെക്കാൾ എനിക്ക് അറിവുണ്ട്; ദൈവമാണ് സത്യം! ഈ മനുഷ്യൻ സമർപ്പിക്കുന്ന വചനങ്ങൾക്ക് അവയിൽ ഒന്നിനോടും സാദൃശ്യമില്ല. ദൈവമാണെ, അവന്റെ വചനങ്ങൾക്ക് വിസ്മയാവഹമായ ഒരു മാധുര്യവും പ്രത്യേകമായ ഒരു ഭംഗിയുമുണ്ട്. അതിന്റെ കൊമ്പുകളും ചില്ലകളും ഫലങ്ങൾ നിറഞ്ഞതും മുരട് പശിമയാർന്ന മണ്ണിൽ ഊന്നി നൽക്കുന്നതുമാണ്. തീർച്ചയായും ഇത് സർവ വചനങ്ങളെക്കാളും ഉന്നതമാണ്. അതിനെ താഴ്ത്തിക്കാണിക്കാൻ മറ്റൊരു വചനത്തിനും സാധ്യമല്ല. അതിന്റെ കീഴിൽ അകപ്പെടുന്ന സകലതിനെയും അത് തകർത്ത്കളയും, തീർച്ച.'

ഖുർആനിന്റെ ശൈലിയും ഭാഷയും സാഹിത്യവുമെല്ലാം അതുല്യമാണ്. അനുകരണത്തിന് അതീതമാണ്. അതിസുന്ദരമാണ്. ഖുർആനിലെ ഓരോ സൂക്തവും അത്യാകർഷകവും ശ്രോതാവിന്റെ മനസ്സിൽ മാറ്റത്തിന്റെ വേലിയേറ്റമുണ്ടാക്കുന്നതുമാണ്. ഇത് അറബിയറിയാവുന്ന ആധുനികരും പൗരാണികരുമായ വിമർശകരെല്ലാം സമ്മതിച്ചിട്ടുള്ളതാണ്.

ഒരു കാര്യം അമാനുഷിക ദൃഷ്ടാന്തമാകുന്നത് അത് അജയ്യമാകുമ്പോഴാണ്. മോശെപ്രവാചകൻ തന്റെ വടി നിലത്തിട്ടപ്പോൾ അത് ഉഗ്രസർപ്പമായി മാറി. പ്രസ്തുത ദൈവികദൃഷ്ടാന്തത്തോട് മത്സരിക്കാനായി വന്ന മാന്ത്രികന്മാരുടെ വടികളും കയറുകളുമെല്ലാം പ്രസ്തുത സർപ്പം വിഴുങ്ങി. ഇത് ഖുർആനിലും ബൈബിളിലുമെല്ലാം വിവരിക്കുന്നുണ്ട് *(ഖുർആൻ 26:38-45, പുറപ്പാട് 7: 11-13).*

ഖുർആൻ ഉന്നതമായ സാഹിത്യനിലവാരം പുലർത്തുകയും മനുഷ്യമനസ്സുകളെ സ്വാധീനിക്കുകയും ചെയ്യുന്നു. അതോടൊപ്പം അത് മാനവരാശിയോട് അത്യുജ്ജലമായ വെല്ലുവിളി നടത്തുന്നു. അതിന് സമാന്ത





രമായ ഒരു രചന നിർവഹിക്കുവാനാണ് പ്രസ്തുത വെല്ലുവിളി. ഈ വെല്ലുവിളിക്കുമുമ്പിൽ മറ്റു സാഹിത്യകൃതികളെല്ലാം മോശെയുടെ സർപ്പിത്തിനു മുമ്പിലെ മാന്ത്രികപ്പാമ്പുകളെപ്പോലെ നിസ്സഹായരായി നിൽക്കുകയാണ്.

ഖുർആൻ ആദ്യം വെല്ലുവിളിച്ചത് അതേപോലെ ഒരു ഗ്രന്ഥം കൊണ്ടുവരുവാനാണ്. ഖുർആൻ പറഞ്ഞു: 'പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരുകയില്ല. അവരിൽ ചിലർ ചിലർക്കു പിന്തുണ നൽകുന്നവരായാൽ പോലും' (17:88).

ഖുർആനിന് തുല്യമായ ഒരു ഒരു ഗ്രന്ഥം കൊണ്ടുവരുന്നതിന് വേണ്ടിയുള്ള വെല്ലുവിളിക്കുമുമ്പിൽ അറബി സാഹിത്യകാരന്മാരെല്ലാം മുട്ടുമടക്കി. എങ്കിലും ഖുർആൻ കെട്ടിച്ചമച്ചതാണെന്നും മാരണമാണെന്നുമുള്ള പ്രചാരണങ്ങൾ അവർ തുടർന്നു. അവരോട് അത് വീണ്ടും വെല്ലുവിളിച്ചു: 'അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചുവെന്നാണോ അവർ പറയുന്നത്? എന്നാൽ ഇതുപോലുള്ള പത്ത് ആധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങളെ സഹായിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (10:13).

ഖുർആനിലെ പത്ത് അധ്യായങ്ങൾക്ക് തുല്യമായ അധ്യായങ്ങളെങ്കിലും രചിച്ചുകൊണ്ട് അത് മനുഷ്യനിർമിതമാണെന്ന വാദം സ്ഥാപിക്കുവാനുള്ള ഖുർആനിന്റെ വെല്ലുവിളിക്ക് ഉത്തരം നൽകാൻ സമകാലികരായ മനുഷ്യർക്കൊന്നും കഴിഞ്ഞില്ല. എന്നാൽ അവിശ്വാസികൾ ഖുർആൻ മുഹമ്മദിന്റെ രചനയാണെന്ന പ്രചാരണം നിർത്തിയതുമില്ല. അപ്പോൾ ഖുർആൻ വീണ്ടും പറഞ്ഞു: 'അതല്ല അദ്ദേഹം അതു കെട്ടിച്ചമച്ചുവെന്നാണോ നിങ്ങൾ പറയുന്നത്? പറയുക: എന്നാൽ അതിനു തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ' (10:38).

ഈ വെല്ലുവിളികൾക്കൊന്നിനും മറുപടി നൽകുവാൻ അന്നു ജീവിച്ചിരുന്ന സാഹിത്യകാരന്മാർക്കൊന്നും കഴിഞ്ഞില്ല. അവരിൽ പലരും അതിനു ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു പിൻവാങ്ങേണ്ടി വന്നു. ഖുർ

ആൻ അവസാനനാളുവരെയുള്ള മുഴുവൻ മനുഷ്യർക്കുമുള്ള ദൃഷ്ടാന്ത മാണല്ലൊ. അതുകൊണ്ട് തന്നെ മുഴുവൻ മാനവസമൂഹത്തോടുമായി ഈ വെല്ലുവിളി ഒരിക്കൽ കൂടി ആവർത്തിച്ചു. "നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെപ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേതുപോലുള്ള ഒരധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാ ഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ. നിങ്ങൾക്കത് ചെയ്യാനായില്ലെങ്കിൽ - നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയില്ല- മനുഷ്യരും കല്ലു കളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തു സൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കു വേണ്ടി ഒരുക്കപ്പെട്ടതാകു ന്നു അത്" (2:23,24).

ദൈവമൊഴിച്ചുള്ള മുഴുവൻ പേരും ഒരുമിച്ചുകൂടിയാൽ പോലും ഖുർആനിലെ ഏറ്റവും ചെറിയ അധ്യായത്തിനു തുല്യമായ ഒരു രചന പോലും കൊണ്ടുവരാൻ കഴിയില്ലെന്നാണ് വെല്ലുവിളി. ഈ വെല്ലുവിളി ക്ക് ഉത്തരം നൽകാൻ അറേബ്യൻ സാഹിത്യ തറവാട്ടിലെ കാരണവന്മാർ ക്ക് കഴിഞ്ഞില്ല. ഇന്നും ആ വെല്ലുവളി ലോകത്തിനുമുമ്പിൽ സ്പഷ്ട മായി നിലനിൽക്കുന്നു.മാനവരാശിയുടെ കർണപുടങ്ങളിൽ ഖുർആനി ന്റെ വെല്ലുവളി അലയടിച്ചുകൊണ്ടിരിക്കുന്നു. മറ്റുവേദഗ്രന്ഥങ്ങളുടെ ഭാഷകളെപ്പോലെ ഖുർആനിന്റെ ഭാഷ ഒരു നിർജ്ജീവ ഭാഷയല്ല. അത് സജീവമായയൊരു സംസാരഭാഷയാണ്. അറബി സംസാരിക്കുന്നവരായ ഒരുപാട് അമുസ്‌ലിംകളുണ്ട്. ഇസ്‌ലാമിന്റെ കഠിന വിരോധികളായ കുറെ അറബി സാഹിത്യകാരന്മാർ ഇന്നുമുണ്ട്. അവർക്കൊന്നും തന്നെ ഖുർആ നിന്റെ ഈ വെല്ലുവിളിക്കു മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല. ഇനിയൊട്ട് കഴിയുകയുമില്ല.

ഖുർആൻ കേവലമായ ഒരു മാനുഷിക രചനയായിരുന്നുവെങ്കിൽ ഇത്തരമൊരു വെല്ലുവിളി നടത്താൻ അതിനു സാധിക്കുമായിരുന്നില്ല. മനുഷ്യർ മുഴുവൻ ഒന്നിച്ചു ചേർന്നാൽ പോലും തന്റെ രചനയിലെ ഒരു അധ്യായത്തിനു തുല്യമായ ഒരെണ്ണം കൊണ്ടുവരാൻ കഴിയില്ലെന്ന് പറയാൻ ഒരു മനുഷ്യന് ധൈര്യം വരുന്നതെങ്ങനെ? ഖുർആനിന്റെ അമാനുഷികത പ്രകടമാക്കപ്പെടുന്നത് ഈ വെല്ലുവിളിയാണ്. ഈ വെല്ലു വിളിയില്ലായിരുന്നുവെങ്കിൽ ഖുർആനിക സാഹിത്യത്തിനു മാത്രമായി അമാനുഷികതയുണ്ടെന്ന് പറയാൻ കഴിയുകയില്ലായിരുന്നുവെന്നർഥം; മറ്റേത് ഉന്നതമായ സാഹിത്യ കൃതിയെയും പോലെ.





സാമൂഹ്യമാറ്റത്തിന് നിമിത്തമാകുന്ന രീതിയിൽ വ്യക്തിയെ പരിവർ ത്തിപ്പിക്കുവാൻ കഴിയുന്നതാകണം സാഹിത്യമെന്ന വീക്ഷണത്തിന്റെ അളവുകോൽ ഉപയോഗിച്ച് പരിശോധിച്ചാലും ഖുർആൻ ഒരു കുറ്റമറ്റ സാഹിത്യ കൃതിയാണെന്ന് പറയുവാൻ കഴിയും. ശ്രോതാവിന്റെ ബുദ്ധി ക്ക് തൃപ്തിയും മനസ്സിന് സമാധാനവും നൽകുന്നതോടൊപ്പം അവന്റെ ഹൃദയത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുകയും കൂടി ചെയ്യുന്നവയാണ് ഖുർ ആൻ സൂക്തങ്ങൾ. മനുഷ്യമനസ്സുകളെ സ്വാധീനിക്കുവാനും അവയിൽ പരിവർത്തനത്തിന്റെ ആന്ദോളനങ്ങൾ സൃഷ്ടിക്കുവാനുമുള്ള ഖുർആ നിന്റെ കഴിവ് അതിന്റെ പല സവിശേഷതകളിലൊന്നാണ്.

മുഹമ്മദ് നബി(സ) ഒരിക്കൽ കഅ്ബയുടെ സമീപം വെച്ച് ഖുർ ആൻ പാരായണംചെയ്യുകയാണ്. ശ്രോതാക്കളിൽ മുസ്‌ലിംകളും അമു സ്‌ലിംകളുമെല്ലാമുണ്ട്. സൂറത്തുന്നജ്മിലെ സാഷ്ടാംഗത്തിന്റെ സൂക്തം ഓതിക്കൊണ്ടിരിക്കെ അല്ലാഹുവിന്റെ കൽപന പ്രകാരം നബി(സ) സാ ഷ്ടാംഗം ചെയ്തു. അവിടെ കൂടിയിരുന്ന മുഴുവൻ ആളുകളും സാഷ് ടാംഗം ചെയ്തുപോയി. ഉമയ്യത്തുബ്നു ഖലഫ് എന്ന അഹങ്കാരിയൊഴി കെ. ഖുർആനിന്റെ സ്വാധീന ശക്തി ! അതിന്റെ കഠിന വിരോധികൾ പോലും അതിന്റെ ആജ്ഞയനുസരിച്ച് സാഷ്ടാംഗം ചെയുന്ന അവസ്ഥ!!

ലബിദുബ്നു റബീഅഃ നബി(സ)യുടെ കാലത്ത് അറേബ്യയിലെ അതി പ്രഗത്ഭനായ സാഹിത്യകാരനായിരുന്നു. അദ്ദേഹത്തിന്റെ അതി സുന്ദരമായ ഒരു കവിത കഅ്ബയുടെ വാതിലിൻമേൽ പറ്റിച്ചുവെച്ചി രുന്നു. അങ്ങനെ വെക്കുന്നത് ഒരു വെല്ലുവിളിയാണ്. പ്രസ്തുത കവി തയെ വെല്ലുവാൻ ആർക്കെങ്കിലും കഴിയുമോയെന്നാണ് വെല്ലുവിളി. അവിടെയുണ്ടായിരുന്ന ഒരു കവിക്കും അതിന്നടുത്ത് ഒരു കവിത ഒട്ടിച്ച് വെക്കാൻ ധൈര്യമുണ്ടായിരുന്നില്ല. അത്രയ്ക്ക് മനോഹരമായിരുന്നു ആ കവിത. എന്നാൽ അതിനടുത്തു തന്നെ ഏതാനും ഖുർആൻ സൂ ക്തങ്ങൾ എഴുതിത്തൂക്കുവാൻ പ്രവാചകാനുചരന്മാർ തയാറായി. ത ന്റെ വെല്ലുവിളിക്ക് ഉത്തരം നൽകിയവനെ പരിഹസിക്കാനുള്ള വെമ്പ ലോടെ ലബീദ് ഖുർആൻ വചനങ്ങൾ വായിച്ചു. ഏതാനും വചനങ്ങൾ വായിച്ചതേയുള്ളൂ. അദ്ദേഹം ഖുർആനിന്റെ വശ്യതയിൽ ആകൃഷ്ട നായി ഇസ്‌ലാം മതം സ്വീകരിച്ചു. പുച്ഛത്തോടെ നോക്കുന്നവന്റെ മനസ്സിൽ പോലും മാറ്റം സൃഷ്ടിക്കുവാനുള്ള ഖുർആനിന്റെ കഴിവാണ് ഇവിടെ പ്രകടമായത്.

ഉമറുബ്നുൽ ഖത്വാബിന്റെ ഇസ്‌ലാം ആശ്ലേഷം ചരിത്രപ്രസിദ്ധ

മാണ്. മുഹമ്മദ് നബി(സ) യുടെ തലയെടുക്കുവാനായി ഊരിയ വാളും കൊണ്ട് പുറപ്പെട്ട ഉമറി(റ)ന്റെ മനസ്സ് മാറ്റിയത് സഹോദരിയിൽ നിന്നും ലഭിച്ച ഫലകത്തിലെ ഖുർആൻ വചനങ്ങളുടെ വശ്യതയും ആശയഗാംഭീര്യവുമായിരുന്നു.

ജുബൈറുബ്നു മക്തൂം എന്ന ബഹുദൈവവിശ്വാസി ഒരിക്കൽ വഴിയിലൂടെ നടന്നുപോവുകയാണ്. മുഹമ്മദ് നബി(സ) മഗ്രിബ് നമസ്കാരത്തിൽ സൂറത്തു ത്വൂർ ഓതിക്കൊണ്ടിരിക്കുന്നത് അദ്ദേഹം കേട്ടു. അതിലെ ഓരോ പദവും അദ്ദേഹത്തിന്റെ ഹൃദയത്തിൽ പതിഞ്ഞു. അതിന്റെ മനോഹാരിത അദ്ദേഹത്തെ ആകർഷിച്ചു. അതിന്റെ സ്വാധീനത്തിൽ അദ്ദേഹം അതിശയിച്ചു. അവിടെ വെച്ചുതന്നെ അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ!

ഖുർആനിന്റെ മനോഹരവും വശ്യവുമായ ശൈലിയെപ്പറ്റി മക്കാ മുശ്രിക്കുകൾ ബോധവാന്മാരായിരുന്നു. പ്രസ്തുത മനോഹാരിതയാണ് പാരമ്പര്യമതത്തിൽ നിന്ന് ജനങ്ങൾ കൊഴിഞ്ഞു പോകുവാൻ ഇടയാക്കുന്നത് എന്ന് അവർക്ക് അറിയാമായിരുന്നു. നാടുവിടാനൊരുങ്ങിയ അബൂബക്കർ (റ) നെ തിരിച്ചു കൊണ്ടുവന്ന ഇബ്നുദുഗ്നയോട് മക്കാനിവാസികൾ പറഞ്ഞത് ഇപ്രകാരമായിരുന്നു. 'അബൂബക്കർ ഉറക്കെ ഖുർആൻ പാരായണം ചെയ്യുകയും ഞങ്ങളുടെ സ്ത്രീകളും കുട്ടികളും അത് കേൾക്കുവാൻ ഇടവരികയും ചെയ്യരുത്. എങ്കിൽ മാത്രമെ ഇവിടെ താമസമാക്കാൻ അബൂബക്കറിനെ ഞങ്ങൾ അനുവദിക്കുകയുള്ളൂ.'

ഖുർആനിന്റെ ഈ സ്വാധീന ശക്തിയാണല്ലോ ജനങ്ങളെ ഇസ്ലാമിലേക്ക് ആകർഷിച്ചത്. അന്ധകാരത്തിന്റെ അഗാധ ഗർത്തങ്ങളിൽ ജീവിച്ചിരുന്ന ഒരു സമൂഹത്തെ കേവലം 23 വർഷക്കാലം കൊണ്ട് ലോകത്തിന് മുഴുവൻ മാതൃകായോഗ്യരായ സമുദായമാക്കിയതിന് പിന്നിൽ പ്രവർത്തിച്ചത് ഖുർആനിന്റെ ഈ അമാനുഷികതയായിരുന്നവെന്നതാണ് സത്യം.

<u>പ്രവചനങ്ങൾ</u>

സെമിറ്റിക് മത ഗ്രന്ഥങ്ങളും പ്രവചനങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട്. ദൈവദൂതന്മാരെ പ്രവാചകന്മാർ എന്നാണ് വിളിച്ച് വന്നിരുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഭാവിയിൽ നടക്കാനിരിക്കുന്ന പല കാര്യങ്ങളും മുൻകൂട്ടി പറഞ്ഞ പല പ്രവാചകന്മാരെയുംക്കുറിച്ച് ബൈബിൾ പഴയ നിയമം നമുക്ക് പറഞ്ഞുതരുന്നുണ്ട്. ദൈവത്താൽ





നിയോഗിക്കപ്പെട്ട പ്രവാചകന്മാരും കള്ള പ്രവാചകന്മാരും തമ്മിലുള്ള പ്രധാനപ്പെട്ട വത്യാസമായി ബൈബിൾ പഴയ നിയമം പരിചയപ്പെടുത്തുന്നത് പ്രവചനങ്ങളാണ്. സത്യപ്രവാചകന്റെ പ്രവചനങ്ങൾ പുലരുമ്പോൾ കള്ള പ്രവാചകന്റെ പ്രവചനങ്ങളൊന്നും യഥാരൂപത്തിൽ സംഭവിക്കുകയില്ലെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. യിരമ്യാ പ്രവാചകൻ പറയുന്നത് കാണുക: 'സമാധാനം പ്രവചിക്കുന്ന പ്രവാചകന്റെ കാര്യത്തിലാകട്ടെ അയാളുടെ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണ് എന്ന് അറിയാം *(യിരമ്യാ 28:29).*

ഒരു പ്രവാചകൻ ദൈവിക നിർദേശപ്രകാരമാണോ സംസാരിക്കുന്നത് എന്ന് അറിയുവാനുള്ള മാനദണ്ഡമായി പരിചയപ്പെടുത്തുന്നതും പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. ആവർത്തന പുസ്തകം പഠിപ്പിക്കുന്നു. :'ഒരു പ്രവാചകൻ കർത്താവിന്റെ നാമത്തിൽ സംസാരിച്ചിട്ട് ആ വചനം യാഥാർഥ്യമാകാതിരിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്താൽ, ആ വചനം കർത്താവ് അരുൾ ചെയ്തിട്ടുള്ളതല്ല. പ്രവാചകൻ അത് തോന്ന്യാസമായി പറഞ്ഞതാണ്. നീ അയാളെ ഭയപ്പെടേണ്ടതില്ല *(ആവർത്തനം 18:22).*

പ്രവാചകന്മാരെ തിരിച്ചറിയുന്നതിന് നിർദേശിക്കപ്പെട്ട ഈ മാനദണ്ഡങ്ങൾ വെച്ച് ഇന്ന് നിലനിൽക്കുന്ന വേദഗ്രന്ഥങ്ങൾ പരിശോധനക്ക് വിധേയമാക്കിയാൽ പ്രവാചകന്മാരുടേതല്ലാത്ത വചനങ്ങൾ അവരിൽ ആരോപിക്കപ്പെട്ടിട്ടുണ്ടോയെന്ന് മനസ്സിലാക്കാൻ കഴിയും. ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണെന്ന് ഉറപ്പുള്ള പ്രവാചകന്മാരുടേതായി ഉദ്ധരിക്കപ്പെട്ട വചനങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ അവ ഒരിക്കലും പ്രവാചകന്മാർ പറഞ്ഞവയല്ലെന്നും അവരുടെ മേൽ ആരോപിക്കപ്പെട്ടവയാണെന്നും മനസ്സിലാക്കാം. അപ്പോൾ അത് ഉദ്ധരിക്കുന്ന ഗ്രന്ഥത്തിന്റെ വിശ്വാസ്യതക്ക് മങ്ങലേൽക്കുന്നു. പ്രവാചന്മാരുടേതല്ലാത്ത വചനങ്ങൾ അവരുടെ പേരിൽ ഉദ്ധരിക്കപ്പെടുന്നുണ്ടെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാവുക. പിന്നെയെങ്ങനെയാണ് പ്രവാചക പ്രബോധനങ്ങൾ മനസ്സിലാക്കാനായി ഈ ഗ്രന്ഥങ്ങളെ ആശ്രയിക്കുക?.

ബൈബിൾ പുതിയ നിയമത്തിൽ യേശുവിന്റേതായി ഉദ്ധരിക്കപ്പെട്ടിട്ടുള്ള പല പ്രവചനങ്ങളും പൂർത്തീകരിക്കപ്പെട്ടിട്ടില്ലെന്ന് സൂക്ഷ്മ വിശകലനത്തിൽ നിന്ന് സുതരാം ബോധ്യമാകും. യേശുവിന്റേതായി മത്തായി ഉദ്ധരിക്കുന്ന ഒരു പ്രവചനം നോക്കുക: 'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. യുഗസമാപ്തിയിലെ പുനർജീവിതത്തിൽ, മനുഷ്യ

പുത്രൻ തന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ, എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിച്ചുകൊണ്ട് പന്ത്രണ്ട് സിംഹാസനത്തിൽ ഇരിക്കും' *(മത്തായി 19:28).*

യേശുവിന്റെ ഈ പ്രവചനം തന്റെ അപ്പോസ്തലന്മാരെക്കുറിച്ചാണ്. ആരൊക്കെയാണ് ഈ പന്ത്രണ്ട് അപ്പോസ്തലന്മാർ? മത്തായി പറയുന്നു: 'പത്രോസ് എന്നുവിളിക്കപ്പെടുന്ന ശിമയോൻ, അയാളുടെ സഹോദരൻ ആന്ത്രയോസ്, സെബദിയുടെ പുത്രൻ യാക്കോബ്, അയാളുടെ സഹോദരൻ യോഹന്നാൻ, ഫിലിപ്പോസ്, ബർത്തലോമിയോ, തോമസ്, ചുങ്കക്കാരൻ മത്തായി, ഹൽവൈയുടെ പുത്രൻ യാക്കോബ്, തദ്ദയോസ്, കാനാൻകാരനായ ശിമയോൻ, യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ ഇസ്ക്കറിയാത്ത്' *(മത്തായി 10:2-4).*

യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളാണ്അദ്ദേഹത്തെ ഒറ്റിക്കൊടുത്ത യൂദാസ്. മരണാനന്തര ജീവിതത്തിൽ ഈ യൂദാസ് അടക്കമുള്ള പന്ത്രണ്ട് ശിഷ്യന്മാർ ഇസ്റായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെ വിധിച്ചുകൊണ്ട് പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരിക്കുമെന്ന് യേശു പ്രവചിച്ചുവെന്നാണ് മത്തായി പറയുന്നത്. യേശുവിന്റെ കാലത്തുതന്നെ ഈ പ്രവചനം പൊളിഞ്ഞുവെന്നല്ലേ ഇതിനർത്ഥം. ദൈവദാസനായ യേശുവിനെ ഒറ്റികൊടുക്കുക വഴി ദൈവകോപത്തിന് നിമിത്തമായവനായാണ് സുവിശേഷങ്ങളുടെ അവസാനഭാഗവും അപ്പോസ്തല പ്രവർത്തികളുമെല്ലാം യൂദാസിനെ പരിചയപ്പെടുത്തുന്നത്. സ്വന്തം ഗുരുവിനെ ഒറ്റികൊടുത്തുകൊണ്ട് ശാപഗ്രസ്ഥനായ യൂദാസ് പുനരുത്ഥാനനാളിൽ ഇസ്രായീലിന്റെ ഒരു ഗോത്രത്തിന് ന്യായം വിധിച്ചുകൊണ്ട് സിംഹാസനത്തിലിരിക്കുമെന്നോ? ഇല്ല, അതൊരിക്കലുണ്ടാവുകയില്ലയെന്ന് യേശുവിനെ ആദരിക്കുന്ന ആരും മറുപടി പറയും. അപ്പോൾ യേശുവിന്റേതായി മത്തായി ഉദ്ധരിച്ചിരിക്കുന്ന പ്രവചനമോ? അങ്ങനെയൊരു പ്രവചനം യേശു ഒരിക്കലും നടത്തിയിട്ടുണ്ടാവുകയില്ല. നടത്തിയെന്നുവന്നാൽ അതിനർഥം യേശു വ്യാജപ്രവാചകനാണെന്നാണ്. സർവശക്തനിൽ ശരണം! യേശു സത്യസന്ധനായ ദൈവദൂതനായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ മത്തായി ആരോപിച്ച പല വ്യാജവചനങ്ങളിലൊന്നാണ് മുകളിൽ പറഞ്ഞ പ്രവചനമെന്നാണ് ഇതിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത്.

ഇതേപോലെത്തന്നെ യേശുവിൽ ആരോപിക്കപ്പെട്ടിരിക്കുന്ന മറ്റൊരു പ്രവചനമാണ് അദ്ദേഹത്തിന്റെ ഉയിർത്തെഴുന്നേൽപിനെ കുറിച്ചുള്ളതാണെന്ന് വ്യഖ്യാനിക്കപ്പെടുന്ന മത്തായിയുടെ സുവിശേഷത്തിലെ പ്രവചനം. അത് ഇങ്ങനെയാണ്. 'ദുഷ്ടവും അവിശ്വസ്തവുമായ തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനാ പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊരു അടയാളവും അതിനു നൽകപ്പെടുകയില്ല. യോനാ മൂന്നുരാവും മൂന്നുപകലും തിമിംഗലത്തിന്റെ ഉദരത്തിൽ ആയിരുന്നു. അതുപോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നുപകലും ഭൂമിയുടെ ഉള്ളിലായിരിക്കും' *(മത്തായി 12:39-40).*





തന്റെ കുരിശുമരണത്തിനു ശേഷം മൂന്നുരാവും മൂന്നുപകലും കല്ലറയിൽ കിടക്കുമെന്നും പിന്നിട് ഉയിർത്തെഴുന്നേൽക്കുമെന്നും യേശു പ്രവചിച്ചതാണ് ഇതെന്നാണ് വ്യാഖ്യാനം. ഇതു ശരിയാണെങ്കിൽ യേശുവിന്റെ ഈ പ്രവചനവും തെറ്റിയെന്നാണ് വരിക. വെള്ളിയാഴ്ച സായാഹ്നത്തോടെയാണ് യേശുവിന്റെ മൃതദേഹം കുരിശിൽ നിന്നിറക്കി കല്ലറയിൽ വെച്ചതെന്നാണ് സുവിശേഷങ്ങളിലെ വിവരണങ്ങൾ സൂചിപ്പിക്കുന്നത്. ഞായറാഴ്ച അതിരാവിലെ, ഇരുട്ടായിരിക്കെത്തന്നെ, മഗ്ദലനക്കാരി മറിയയും മറ്റേ മറിയയും കൂടി കല്ലറക്കരികിൽ വന്നപ്പോൾ യേശു പുനരുത്ഥാനം ചെയ്തതായി കണ്ടതായാണ് സുവിശേഷങ്ങൾ പറയുന്നത്. അപ്പോൾ ആകെ എത്ര രാവും പകലും യേശു കല്ലറക്കുള്ളിൽ കിടന്നു? രണ്ടു രാവും ഒരു പകലും മാത്രം. വെള്ളിയാഴ്ച രാത്രി. ശനിയാഴ്ച്ച പകൽ. ശനിയാഴചരാത്രി. ഞാറാഴ്ച പ്രഭാതമായപ്പോഴേക്കും കല്ലറക്കുള്ളിൽ നിന്ന് യേശുവിന്റെ ശരീരം അപ്രത്യക്ഷമായിരുന്നുവെന്നാണ് സുവിശേഷങ്ങൾ വ്യക്തമാക്കുന്നത്. അപ്പോൾ യേശു ഒരു പകലും ഒരു രാത്രിയും മാത്രമെ കല്ലറക്കുള്ളിൽ കിട ന്നിട്ടുള്ളൂ. ' മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെ ഉള്ളിലായിരിക്കും' എന്ന പ്രവചനം തെറ്റിയെന്നർഥം.

ഇതിൽ നിന്ന് തികച്ചും വ്യത്യസ്ഥമാണ് ഖുർആനിന്റെ സ്ഥിതി.

ഖുർആൻ നടത്തിയ പ്രവചനങ്ങൾ അക്ഷരം പ്രതി പുലർന്നുവെന്നതാണ് ആ വിശുദ്ധ വേദഗ്രന്ഥത്തിന്റെ പല അമാനുഷികാത്ഭുതങ്ങളിലൊന്ന്. സമാധാനം പ്രവചിക്കുന്ന പ്രവാചകന്റെ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്ന് അറിയാമെന്നയിരമ്യാ പ്രവാചകന്റെ ദീർഘദർശനത്തിന്റെ പൂർത്തീകരണം ഖുർആനിന്റെ പ്രവചനങ്ങളുടെ പൂർത്തീകരണത്തിൽ നമുക്ക് ദർശിക്കാൻ കഴിയും.

ഇസ്ലാമിക ചരിത്രത്തിലെ പ്രസിദ്ധമായൊരു സന്ധി നടക്കുകയാണ്. തങ്ങളുടെ മതകേന്ദ്രമായ കഅ്ബ സന്ദർശിക്കാനെത്തിയപ്പോൾ

വിശ്വാസികൾ അവിശ്വാസികളാൽ തടയപ്പെട്ടു. ഒരു സന്ധിയിലേർപ്പെടാൻ മുസ്‌ലിംകൾ നിർബന്ധിതരാവുകയും തികഞ്ഞ ഇഛാഭംഗത്തോടെ മടങ്ങിപ്പോവുകയും ചെയ്ത അവസരം. ഇനിയൊരിക്കിലും തങ്ങൾക്ക് മക്കയുടെ വിശുദ്ധഭൂമിയിലേക്ക് പ്രവേശിക്കാൻ കഴിയില്ലെന്ന് മുസ്‌ലിംകൾ കണക്ക് കൂട്ടിയ സന്ദർഭം. 'അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം, സമാധാനചിത്തരായിക്കൊണ്ട് തലമുണ്ഡനം ചെയ്തവരും മുടിവെട്ടിയവരുമായിക്കൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ പവിത്രമായ ദേവാലയത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും' (ഖുർആൻ 48:27). ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ ഈ പ്രവചനം സാക്ഷാത്കരിക്കപ്പെട്ടു. പ്രവാചകനും അനുയായികളും കൂടി രണ്ടു വർഷങ്ങൾക്കുശേഷം സമാധാന ചിത്തരായിക്കൊണ്ട് കഅ്ബയിൽ പ്രവേശിക്കുക തന്നെ ചെയ്തു.

മുസ്‌ലിംകൾ അക്രമം നേരിട്ടുകൊണ്ടിരിക്കുകയാണ്. അവർക്ക് അധികാരത്തെയോ ആധിപത്യത്തെയോ കുറിച്ച് ചിന്തിക്കുവാൻ പോലും വയ്യാത്ത അവസ്ഥ. സ്വന്തം നാട്ടിൽ നിന്നു പോലും അടിച്ചോടിക്കപ്പെട്ടിരുന്ന കാലം. ആ സമയത്ത് ഖുർആൻ പ്രഖ്യാപിച്ചു. 'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവർക്ക് അവൻ തൃപ്തിപ്പെട്ടു കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിന് ശേഷം നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്' (ഖുർആൻ 24:55). ദൈവത്തിന്റെ മഹത്തായ ഈ പ്രവചനം സാക്ഷാൽകരിക്കപ്പെട്ടു. മക്കയിലെ മർദകരായ മുശ്‌രിക്കുകളെയും മദീനയിലെ മുനാഫിഖുകളെയും യഹൂദ ക്രൈസ്തവരെയും ഇസ്‌ലാമിന്റെ സകലവിധ ശത്രുക്കളെയും പരാജയപ്പെടുത്തിക്കൊണ്ട് മുസ്‌ലിംകൾക്ക് ഭരണം ലഭിക്കുകയും നിർഭയത്വത്തോടെ ജീവിക്കാനാകുമെന്ന അവസ്ഥയുണ്ടാവുകയും ചെയ്തു.

അറേബ്യൻ അർധദ്വീപിന്റെ ചിലഭാഗങ്ങളിൽ ആധിപത്യം നേടാൻ വേണ്ടിയുള്ള പോരാട്ടം നടക്കുകയാണ്. വേദക്കാരായ ക്രിസ്ത്യാനികളും അഗ്നി ആരാധകരായ പേർഷ്യക്കാരും തമ്മിലായിരുന്നു യുദ്ധം. ക്രിസ്ത്യാനികളോട് മുസ്‌ലിംകളും പേർഷ്യക്കാരോട് മുശ്‌രിക്കുകളും അനുഭാവം പ്രകടിപ്പിപ്പു. ഹിജ്റ അഞ്ചാം വർഷം നടന്ന ഘോര യുദ്ധത്തിൽ റോമക്കാർ പരാചയപ്പെട്ടു. ഇനിയൊരു തിരിച്ചുവരവ് അസാധ്യമാണെന്ന് തോന്നിക്കുമാറ് അത്രയ്ക്ക് ദയനീയമായിരുന്നു ക്രൈസ്തവരുടെ പരാജയം. ബഹുദൈവാരാധകർ ഇതു മുതലെടുത്ത് മുസ്‌ലിംകളെ പരിഹസിക്കുവാൻ തുടങ്ങി. ഈ അവസരത്തിൽ ഖുർആൻ പ്രഖ്യാപിച്ചു: ' അടുത്ത നാട്ടിൽ വെച്ച് റോമക്കാർ പരാജിതരാക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ പരാജയത്തിനു ശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ അവർ വിജയം വരിക്കുന്നതാണ് '(30:1-4). ഈ പ്രഖ്യാപനം തെറ്റിയില്ല. ആറുവർഷങ്ങൾ തികയുന്നതിന് മുമ്പ് വേദക്കാരായ റോമക്കാർ അഗ്നിയാരാധകരായ പേർഷ്യക്കാരെ പരാജയപ്പെടുത്തി തങ്ങളുടെ സാമ്രാജ്യം പുനഃസ്ഥാപിച്ചു.

ഇങ്ങനെ എത്രയെത്ര പ്രവചനങ്ങൾ! ഖുർആനിന്റെ ഒരു പ്രവചനം പോലും പൂർത്തീകരിക്കപ്പെടാതിരുന്നിട്ടില്ല. ഭൂതവും ഭാവിയും വർത്തമാനവുമറിയുന്ന മഹാനായ ദൈവത്തിന്റെതാണ് ഈ ഗ്രന്ഥമെന്ന യാഥാർഥ്യം ഈ പ്രവചനപൂർത്തീകരണങ്ങളിലൂടെ നമുക്ക് തെളിഞ്ഞു കാണാം.

**<u>ശാസ്ത്രം:</u>**

ആധുനിക യുഗത്തിന്റെ പ്രധാനപ്പെട്ട മാനദണ്ഡങ്ങളിലൊന്നാണ് ശാസ്ത്രം. ഇന്ന് ഓരോ വിഷയങ്ങളിലുമുള്ള യാഥാർഥ്യം അറിയുന്നതിന് വേണ്ടി ശാസ്ത്രത്തിന്റെ അളവുകോലുകളാണ് നാം ഉപയോഗിക്കുന്നത്. വേദഗ്രന്ഥങ്ങളുടെ വിശ്വാസ്യതയും സത്യതയും പരിശോധിക്കുന്നതിനും ശാസ്ത്രീയമായ പഠനങ്ങളെ ആശ്രയിക്കാവുന്നതാണ്. ദൈവദത്തമാണ് വേദഗ്രന്ഥങ്ങളെങ്കിൽ അവയൊരിക്കലും നിരീക്ഷണങ്ങളാൽ സ്ഥിരീകരിക്കപ്പെട്ട ശാസ്ത്രവസ്തുതകളുമായി വൈരുധ്യം പുലർത്തുകയില്ല. ഇതിനർഥം, ശാസ്ത്ര വസ്തുതകളുമായി വ്യക്തമായ വൈരുധ്യങ്ങൾ പുലർത്തുന്ന പരാമർശങ്ങൾ വേദഗ്രന്ഥങ്ങളിലുണ്ടെങ്കിൽ അത് ദൈവികമായ ബോധനത്തിന്റെ അടിസ്ഥാനത്തിൽ എഴുതപ്പെട്ടതല്ലെന്നാണ്.

പ്രപഞ്ചത്തെക്കുറിച്ച വസ്തു നിഷ്ഠമായ പഠനമാണല്ലോ ശാസ്ത്രം കൊണ്ട് വിവക്ഷിക്കുന്നത്. ഇന്ദ്രിയങ്ങൾ നൽകുന്ന അറിവും പ്രസ്തുത അറിവിനെ അപഗ്രഥിച്ചുകൊണ്ട് മനുഷ്യധിഷണ എത്തിച്ചേരുന്ന നിഗമനങ്ങളും ശാസ്ത്രത്തിന്റെ പരിധിക്കകത്ത് വരുന്നു. ഈ നിഗമനങ്ങൾക്ക് മാറ്റം വരാവുന്നതാണ്. അതുകൊണ്ടു തന്നെ പ്രസ്തുത നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ വേദഗ്രന്ഥങ്ങൾ ശരിയാണെന്നോ തെറ്റാ

ണെന്നോ പറയുന്നതിലർഥമില്ല. എന്നാൽ സ്ഥിരീകരിക്കപ്പെട്ട ശാസ്ത്ര വസ്തുതകളുടെ സ്ഥിതിയിതല്ല. അവയ്ക്ക് മാറ്റമുണ്ടാവുകയില്ല. ഒരു ജല തൻമാത്രയിൽ രണ്ട് ഹൈഡ്രജൻ അണുക്കളും ഒരു ഓക്സിജൻ അണുവുമാണുള്ളതെന്നത് ഒരു ശാസ്ത്രവസ്തുതയാണ്. ഇതിൽ മാറ്റ മുണ്ടാവുകയില്ല. ഇത്തരം ശാസ്ത്ര വസ്തുതകൾക്കെതിരെയുള്ള വ്യക്ത മായ പരാമർശങ്ങൾ വേദഗ്രന്ഥങ്ങളിലുണ്ടാവുകയാണെങ്കിൽ അത് അജ്ഞരായ മനുഷ്യരുടെ അറിവില്ലായ്മയിൽ നിന്നുണ്ടായ രചനയാ ണെന്ന് കരുതുകയല്ലാതെ നിവൃത്തിയില്ല. അതല്ലെങ്കിൽ താൻ സൃഷ ടിച്ചു വിട്ട പ്രപഞ്ചത്തെക്കുറിച്ച് ദൈവത്തിന് കൃത്യമായി അറിയില്ലന്ന് പറയേണ്ടി വരും. ഇത് ദൈവനിഷേധത്തിന് സമമാണെന്ന് പറയേണ്ട തില്ലല്ലൊ.

ഇന്ദ്രിയങ്ങളുപയോഗിച്ചുള്ള പ്രകൃതി പഠനമാണ് ശാസ്ത്രം കൊണ്ട് വിവക്ഷിക്കുന്നതെന്ന് പറഞ്ഞുവല്ലൊ.വേദഗ്രന്ഥങ്ങൾ മനുഷ്യരുടെ ഇന്ദ്രിയങ്ങൾക്ക് അതീതമായ അറിവാണ് പ്രധാനമായും പ്രതിപാദിക്കു ന്നത്. ദൈവത്തെയും പരലോകത്തെയുമെല്ലാം സംബന്ധിച്ച ജ്ഞാനം ഇന്ദ്രിയങ്ങളുപയോഗിച്ച് നേടിയെടുക്കാവുന്നവയല്ല. അതുകൊണ്ടു തന്നെ അവ ശാസ്ത്രത്തിന് അതീതമാണ്. ശാസ്ത്രത്തിന്റെ രീതിയുപ യോഗിച്ചുകൊണ്ട് മാത്രം ഇന്ദ്രിയാതീതമായ അറിവിനെ അളക്കാൻ കഴി യില്ല. എന്നാൽ, ഇന്ദ്രീയാതീതമായ അറിവിനെക്കുറിച്ച വിവരണങ്ങൾ ക്കിടയിൽ വേദഗ്രന്ഥങ്ങളിൽ ചില ഭൗതിക വസ്തുതകളും പരാമർശി ക്കുന്നുണ്ട്. ഈ ഭൗതിക വസ്തുതകൾ നമ്മുടെ പരിശോധനയ്ക്ക് വിധേ യമാണ്. നമ്മുടെ പരിശോധനയിൽ, വേദഗ്രന്ഥങ്ങളിൽ പരാമർശിക്ക പ്പെട്ട ഭൗതികകാര്യങ്ങളെല്ലാം വസ്തുനിഷ്ഠയാഥാർഥ്യങ്ങൾക്ക് അനു ഗുണമാണെന്നു കണ്ടാൽ അവ ദൈവികമാണെന്ന് മനസ്സിലാക്കുകയും അവയിലെ ഇന്ദ്രിയാതീതജ്ഞാനം സത്യസന്ധമാണെന്ന് തീരുമാനിക്കു കയും ചെയ്യാവുന്നതാണ്. മറിച്ചാണെങ്കിൽ അവയിലെ ഇന്ദ്രിയാതീത ജ്ഞാനത്തിലും സംശയം ജനിക്കുന്നു. വേദഗ്രന്ഥങ്ങളിൽ പരാമർശി ക്കപ്പെട്ട ഭൗതിക കാര്യങ്ങൾ സത്യസന്ധമല്ലെന്ന് അന്വേഷണത്തിൽ നിന്ന് നമുക്ക്ബോധ്യപ്പെട്ടാൽ അതിനർഥം പ്രസ്തുത പരാമർശങ്ങൾ ദൈവികമല്ലെന്നാണ്. പൂർണമായി ദൈവികമല്ലാത്ത ഒരു സ്രോതസ്സ് നൽകുന്ന ഇന്ദ്രിയാതീതജ്ഞാനം സത്യസന്ധമാണെന്ന് പറയാൻ എന്താണ് തെളിവ്? ചുരുക്കത്തിൽ, വേദഗ്രന്ഥങ്ങളുടെ സത്യസന്ധത പരിശോധിക്കുവാനാണ് അല്ലാതെ അതിന്റെ ഉള്ളടക്കം പരിശോധിക്കു വാനല്ല ശാസ്ത്രത്തെ ഉപയോഗപ്പെടുത്തേണ്ടത്.





ഈയൊരു അടിസ്ഥാനത്തിൽ വേദഗ്രന്ഥങ്ങൾ പരിശോധനാവി ധേയമാക്കിയാൽ ഒരു വിധമെല്ലാഗ്രന്ഥങ്ങളിലും മാനുഷികമായ കര വിരുതുകൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാകും. നമ്മുടെ വ്യക്തമായ നിരീ ക്ഷണങ്ങൾ സ്ഥിരീകരിക്കുന്ന ശാസ്ത്ര വസ്തുതകളുമായി വൈരുധ്യം പുലർത്തുന്ന പരാമർശങ്ങൾ വേദഗ്രന്ഥങ്ങൾ മിക്കവയിലുമുണ്ട് എന്ന വസ്തുത പ്രസ്തുത വേദഗ്രന്ഥങ്ങളുടെ അനുയായികൾ എന്നവകാ ശപ്പെടുന്നവർ പോലും സമ്മതിക്കുന്നതാണ്. ഉദാഹരണത്തിന് ബൈ ബിൾ പണ്ഡിതനായ ഡോക്ടർ ജോസഫ് കോട്ടയ്ക്കൽ എഴുതുന്നത് കാണുക 'ബൈബിൾ മതഗ്രന്ഥമാണ്. അതിന്റെ ലക്ഷ്യം തികച്ചും മത പരവുമത്രെ. സാഹിത്യമോ ശാസ്ത്രമോ ചരിത്രമോ വിശകലനം ചെയ്യു ന്നതിന് സർവകലാശാലകളിൽ പാഠപുസ്തകമായി ഉപയോഗിക്കാൻ എഴുതപ്പെട്ടതല്ല ബൈബിളിലെ യാതൊരു പുസ്തകവും. ഇപ്പറഞ്ഞവ യെല്ലാം ബൈബിളിൽ സാന്ദർഭികമായിപ്രതിപാദിച്ചിട്ടുണ്ട്. അവ സാധാ രണ മനുഷ്യന്റെ അറിവിന് ചേർന്ന വിധമാണ് കൈകാര്യം ചെയ്തിട്ടു ള്ളത്. ആധുനികശാസ്ത്രം അവയിൽ തെറ്റുകണ്ടെന്നുവരാം. അവയുൾ ക്കൊള്ളുന്ന പാവനമായ സന്ദേശവും അവയുടെ മതപരമായ ലക്ഷ്യ വും പരിഗണിക്കുമ്പോൾ ഈ തെറ്റുകളെല്ലാം അടിസ്ഥാന രഹിതങ്ങ ളായി ഭവിക്കും.

ഉദാഹരണമായി ഏറ്റവും വിവാദവിഷയമായ ഒരു പരാമർശമെടു ക്കാം. ജോഷ്വായുടെ പുസ്തകത്തിൽ 'ഇസ്റായീല്യർ ശത്രുക്കളോട് പ്രതികാരം ചെയ്യുന്നത് വരെ സൂര്യചന്ദ്രന്മാർ നിശ്ചലമായി നില കൊണ്ടു' (ജോഷ്വ 10:13) എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതിൽ നിന്ന് സൂ ര്യൻ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗ്രഹമാണെന്ന് ആരെങ്കിലും അനുമാ നിക്കുന്നത് അവിവേകമായിരിക്കും. സൂര്യനെയോ ചന്ദ്രനെയോ സം ബന്ധിച്ച യാതൊരു വിജ്ഞാനവും പ്രദാനം ചെയ്യാൻ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നില്ല. ഇസ്രായീല്യർക്ക് അവരുടെ ശത്രുക്കളെ നിഷ്പ്രയാസം തോൽപിക്കുവാനുതകുന്ന എല്ലാ സാഹചര്യങ്ങളും അൽഭുതകരമായി ദൈവം സജ്ജീകരിച്ചുവെന്ന് മാത്രമെ ഇത് അർഥമാക്കുന്നുള്ളൂ..........

ഇതു പോലെ തന്നെ ലേവ്യ: 11:6 (ആവ: 14:7) മുയലിനെ അയവിറ ക്കുന്ന മൃഗമായിട്ട് ചിത്രീകരിച്ചിരിക്കുന്നതും ശാസ്ത്രീയമല്ല. ജന്തുശാ സ്ത്രസംബന്ധമായ വിജ്ഞാനം പ്രദാനം ചെയ്യുകയല്ല ഗ്രന്ഥകാരന്റെ ഉദ്ദേശ്യം. പലപ്പോഴും മൂക്ക് ചലിപ്പിച്ചുകൊണ്ടിരിക്കുന്ന മുയലിന്റെ സ്വഭാ

വത്തിൽ നിന്ന് അങ്ങനെ തോന്നിയതാവാം".*(ഡോ: ജോസഫ്, കോട്ട ക്കൽ: പഞ്ചഗ്രന്ഥത്തിന് ഒരു വ്യാഖ്യാനം, പുറം 12, 13).*

യഥാർഥത്തിൽ ബൈബിളിലെ ഉൽപത്തി പുസ്തകം മുതൽ തന്നെ ആധുനിക ശാസ്ത്രവുമായി വൈരുധ്യം പുലർത്തുന്ന ഒട്ടനവധി പ്രസ് താവനകൾ കാണാനാവും. ആകാശഭൂമികളുടെയും സൂര്യചന്ദ്രന്മാരു ടെയും ജീവജാലങ്ങളുടെയും മനുഷ്യന്റെയുമെല്ലാം സൃഷ്ടി ആറു ദിവ സംകൊണ്ട് പൂർത്തിയാക്കിയ ദൈവം ഏഴാമത്തെ ദിവസം വിശ്രമിച്ചു വെന്നാണ് ഉൽപത്തി പുസ്തകം ( 1:1-2:2) പറയുന്നത്. ഓരോ ദിവസവും നടത്തിയതായി പറയപ്പെടുന്ന സൃഷ്ടിക്രമം ഇങ്ങനെയാണ്.

ഒന്നാം ദിവസം : ആകാശം, ഭൂമി, വെളിച്ചം, പകൽ. രാത്രി

രണ്ടാം ദിവസം : മുകളിലെ ജലവും ഭൂമിയിലെ ജലവും വേർതിരി ച്ചു. അവയ്ക്കു നടുവിലെ കമാനത്തിന് ആകാശം എന്ന് പേരിട്ടു.

മൂന്നാം ദിവസം : കര, കടൽ, സസ്യങ്ങൾ

നാലാം ദിവസം : സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ

അഞ്ചാം ദിവസം : ജല ജീവികൾ, പക്ഷികൾ

ആറാം ദിവസം : കരജന്തുക്കൾ, മനുഷ്യൻ.

ആധുനിക ശാസ്ത്രത്തിന്റെ കണ്ണാടിയിലൂടെ നോക്കിയാൽ ഈ സൃഷ്ടിവിവരണം പൊതുവായി അടിസ്ഥാന രഹിതമാണെന്ന് കാണാൻ കഴിയും.പ്രപഞ്ചത്തിന്റെ പ്രകാശ സ്രോതസ്സുകളായ നക്ഷത്രങ്ങൾ ഉണ്ടാ കുന്നതിനു മുമ്പ് തന്നെ എങ്ങനെയാണ് വെളിച്ചമുണ്ടായത്? ഭൂമിയിൽ ഒന്നാം ദിവസം തന്നെ രാവും പകലും സന്ധ്യയും ഉഷസ്സുമെല്ലാമു ണ്ടായതെങ്ങനെയാണ്? സസ്യങ്ങളുടെ നിലനിൽപിനുതന്നെ സൂര്യൻ അനിവാര്യമാണെന്നിരിക്കെ നാലാം ദിവസം സൂര്യനും മൂന്നാം ദിവസം സസ്യങ്ങളും സൃഷ്ടിക്കപ്പെട്ടുവെന്ന സിദ്ധാന്തം ശരിയാകുന്നതെങ്ങനെ? ഇത്തരം ഒട്ടനവധി പ്രശ്നങ്ങൾ ഉൽപത്തി പുസ്തകത്തിലെ സൃഷ്ടി വിവരണങ്ങളിലുണ്ട്. ഇവയിലെ അശാസ്ത്രീയതകൾ വിശദീകരിക്കാനാ വാതെ അവസാനം അവ ഗ്രന്ഥകാരന്റെ അജ്ഞതയാണ് എന്ന് പറഞ്ഞ് രക്ഷപ്പെടുകയാണ് ക്രൈസ്തവ ഗ്രന്ഥകാരന്മാർ എന്നുള്ളതാണ് വാസ് തവം. ഡോക്ടർ ജോസഫ് കോട്ടയ്ക്കൽ എഴുതുന്നത് കാണുക:

'ഒന്നാം ദിവസം പ്രകാശവും നാലാം ദിവസം സൂര്യചന്ദ്രനക്ഷത്രാ ദിഗോളങ്ങളും സൃഷ്ടിച്ചുവെന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നത്





യുക്തിഹീനമായി പലർക്കും തോന്നിയേക്കാം. ശാസ്ത്രീയ ചിന്താഗതി വശമാക്കിയിട്ടുള്ള ഇന്നത്തെ മനുഷ്യന് മൂവ്വായിരമോ നാലായിരമോ വർഷങ്ങൾക്കപ്പുറം ജീവിച്ചിരുന്ന മനുഷ്യന്റെ ചിന്താഗതിയും ശൈലി കളും ഗ്രഹിക്കുക ബുദ്ധിമുട്ടാവുക സ്വാഭാവികമാണല്ലോ. ഗ്രന്ഥകാര ന്റെ മനഃസ്ഥിതിയും സാഹചര്യാദികളും കണക്കിലെടുക്കുന്ന പക്ഷം നമ്മുടേതായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും' *(ഡോ: ജോസഫ്, കോട്ട ക്കൽ: പഞ്ചഗ്രന്ഥത്തിന് ഒരു വ്യാഖ്യാനം, പുറം 41)*.*

ഭാരതീയ വേദഗ്രന്ഥങ്ങളുടെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ് തമല്ല. അവയിൽ ഒട്ടനവധി അശാസ്ത്രീയമായ പരാമർശങ്ങളുണ്ട്. അവ എഴുതപ്പെട്ട കാലത്തെ അജ്ഞതയാണ് ഇവ വ്യക്തമാക്കുന്നതെന്നു ള്ളതാണ് വാസ്തവം. ഭയം മൂലം നേരം വെളുക്കുമ്പോൾ തസ്കരൻ മാരെ കാണാതാകുന്നതു പോലെ നക്ഷത്രങ്ങളും സൂര്യനെ ഭയന്നാണ് പ്രഭാതത്തിൽ അപ്രത്യക്ഷമാകുന്നതെന്നും (1:50:2) ഏഴുകുതിരകളെ പൂട്ടി യ രഥത്തിലാണ് സൂര്യൻ ഭൂമിക്കുചുറ്റും സഞ്ചരിക്കുന്നതെന്നു (1:50: 7-9) മുള്ള ഋഗ്വേദ പരാമർശങ്ങൾ അവ എഴുതപ്പെട്ട കാലത്തെ അറി വില്ലായ്മയെയാണ് വ്യക്തമാക്കുന്നത്. ഗ്രഹണത്തിന് കാരണം രാഹു വെന്ന ക്ഷുദ്രഗ്രഹമാണെന്ന അഥർവ്വവേദ പരാമർശവും (19:9:10) തദൈ വ. രോഗശാന്തിക്ക് ആടുമാടുകളുമായി രമിക്കുവാൻ നിർദേശിക്കുന്ന ശുക്ലയജുർവേദത്തിലെ സൂക്തങ്ങൾ (21:60) അക്കാലത്തെ അജ്ഞത യെയും അന്നു നിലനിന്നിരിരുന്ന പ്രാകൃത ലൈംഗിക ധാരണകളെയും ഒരേപോലെ വ്യക്തമാക്കുന്നുണ്ട്.

ഖുർആനിന്റെ സ്ഥിതി ഇവയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.

ഖുർആനിന്റെ അവതരണകാലത്ത് ലോകം ശാസ്ത്രസാങ്കേതിക രംഗത്ത് ആധുനിക വീക്ഷണത്തിലൂടെ നോക്കുമ്പോൾ വട്ടപ്പൂജ്യത്തി ലായിരുന്നു. ദൂരദർശനികളോ സൂക്ഷമദർശിനികളോ അന്ന് കണ്ടെത്തി യിട്ടില്ല. ആകാശത്തിലൂടെ പറക്കുവാനും സമുദ്രത്തിനകത്ത് ഗവേഷണം നടത്താനുമുള്ള സാങ്കേതിക വിദ്യകളെകുറിച്ച് അക്കാലത്ത് ഒന്നുമറി യില്ല. അതിന്റെ അവതരണത്തിന് ശേഷമുള്ള പതിനാല് നൂറ്റാണ്ടുകൾ ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ മഹത്തായ വിപ്ലവങ്ങൾ നടന്ന നൂറ്റാ ണ്ടുകളാണ്. മനുഷ്യന് അറിയാത്ത പല വസ്തുക്കളും അവൻ കണ്ടു പിടിച്ചു. പ്രാപഞ്ചിക ഗോളങ്ങളുടെ നിലനിൽപിന് നിദാനമായ ശക്തി

* കൂടുതൽ വിവരണങ്ങൾക്ക് ലേഖകന്റെ 'ബൈബിളിന്റെ ദൈവികത, വിമർശനങ്ങൾ വസ്തുതകൾ' വായിക്കുക.

കളേതാണെന്ന് അവർ മനസ്സിലാക്കി. ആകാശത്തിന്റെ അനന്തതകളിലേക്ക് അവന്റെ ദൃഷ്ടികൾ നീണ്ടു. ആറ്റത്തിന്റെ അകത്തുള്ളതെന്താണെന്നതിനെകുറിച്ച് അവൻ പഠിച്ചു. ജീവകോശത്തിന്റെ പ്രത്യേകതകളും പ്രവർത്തനങ്ങളുമെന്താണെന്ന് അവന് വിശദീകരിക്കാൻ കഴിഞ്ഞു. പക്ഷേ വിശുദ്ധ ഖുർആനിന്റെ ഒരൊറ്റ വചനം പോലും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ വിപ്ലവങ്ങൾക്ക് മുന്നിൽ തെറ്റാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. ഖുർആൻ പറഞ്ഞ ഒരൊറ്റ സത്യം പോലും അസത്യമാണെന്ന് പറയാൻ ശാസ്ത്രത്തിന് സാധിച്ചിട്ടില്ല. മാത്രവുമല്ല, ശാസ്ത്രം പുതിയ കണ്ടെത്തലുകൾ നടത്തുമ്പോൾ ഖുർആനിന്റെ അപ്രമാദിത്വവും അജയ്യതയും കൂടുതൽ കൂടുതൽ തെളിഞ്ഞ് വരികയാണ് യഥാർഥത്തിൽ ചെയ്യുന്നത്. വാനശാസ്ത്രത്തിലോ ഭൂമി ശാസ്ത്രത്തിലോ സമുദ്ര ശാസ്ത്രത്തിലോ ഭ്രൂണശാസ്ത്രത്തിലോ അടിസ്ഥാന ജ്ഞാനം പോലുമില്ലാതിരുന്ന കാലത്ത് അവതരിക്കപ്പെട്ട ഖുർആനിലെ വചനങ്ങൾ പ്രസ്തുത ശാസ്ത്രശാഖകളിലെ ആധുനിക കണ്ടുപിടുത്തങ്ങളുമായി പൂർണമായും യോജിക്കുന്നുവെന്ന വസ്തുത ആ ഗ്രന്ഥത്തിന്റെ അമാനുഷികതയിലേക്കാണ് നമ്മെ നയിക്കുന്നത്.

മാനവരാശി കണ്ടുപിടിച്ച സകലമാന ശാസ്ത്ര സത്യങ്ങളും ഖുർആനിലുണ്ടെന്നോ എല്ലാ ശാസ്ത്ര കണ്ടുപിടുത്തങ്ങളും ഖുർആനിൽ മുമ്പ് തന്നെ പ്രവചിച്ചിട്ടുണ്ടെന്നോ അല്ല ഇപ്പറഞ്ഞതിന്റെ അർഥം. ശാസ്ത്രം പുതിയ പുതിയ കണ്ടെത്തലുകൾ നടത്തുമ്പോൾ ഖുർആനിന്റെ സത്യതയും കൃത്യതയും സൂക്ഷ്മതയും നമുക്ക് കൂടുതൽ കൂടുതൽ ബോധ്യപ്പെടുന്നുവെന്ന് മാത്രമാണ്. മനുഷ്യന് തന്റെ പരീഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്താൻ കഴിയുന്ന കാര്യങ്ങൾ വിശദീകരിക്കുവാനുള്ള ഗ്രന്ഥമല്ല ഖുർആൻ എന്നതുകൊണ്ടുതന്നെ മനുഷ്യരുടെ ശാസ്ത്രീയ മുന്നേറ്റത്തിന്റെ നാഴികക്കല്ലുകൾ തേടി ഖുർആൻ പരതുന്നത് വ്യർഥമാണ്. എന്നാൽ ശാസ്ത്രഗതിയുടെ വിഴിത്തിരിവുകൾ നിരവധി തവണ പിന്നിടുമ്പോഴും വിശുദ്ധഖുർആനിൽ ഒരൊറ്റ അശാസത്രീയത പോലും കണ്ടെത്തുവാൻ ആർക്കും കഴിയുന്നില്ലെന്നത് ഒരൽഭുതം തന്നെയാണ്. ഈ അൽഭുതം ഖുർആൻ അമാനുഷികമാണെന്ന വസ്തുത വ്യക്തമാക്കുന്നതാണ്. പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ച ഒരു നിരക്ഷരന്റെ സർഗവൈഭവത്തിൽ നിന്ന് ഉയിർകൊള്ളുന്ന വചനങ്ങളായിരുന്നു ഖുർആനിലുള്ളതെങ്കിൽ പ്രപഞ്ചത്തെയും പ്രകൃതിയെയും കുറിച്ച് പരാമർശിക്കുമ്പോൾ ഏറെ അബദ്ധങ്ങളുണ്ടാവേണ്ടതായിരുന്നു. എന്നാൽ ഖുർആനിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച് ഏറെ വർണിച്ചിട്ടും,





യാതൊരു വിധ അബദ്ധങ്ങളുമില്ലെന്നത് അതിന്റെ ദൈവികത വ്യക്തമാക്കുന്നുണ്ട്.

പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ച് ഖുർആൻ വിശദീകരിക്കുമ്പോൾ അബദ്ധങ്ങളൊന്നും വന്നുഭവിക്കാത്ത രീതിയിൽ സൂക്ഷ്മവും കൃത്യവുമായിട്ടാണ് പദങ്ങൾ ഉപയോഗിക്കപ്പെട്ടിട്ടുള്ളതെന്ന് കാണാൻ കഴിയും. ഓരോ സ്ഥലത്തും ഖുർആനിൽ പ്രയോഗിക്കപ്പെട്ട പദങ്ങൾ എത്രത്തോളം കൃത്യമാണെന്ന വസ്തുത ആധുനിക പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. മനുഷ്യന്റെ ഭ്രൂണപരിണാമവുമായി ബന്ധപ്പെട്ട് ഖുർആനിൽ വന്നിട്ടുള്ള പദപ്രയോഗങ്ങൾ ഇക്കാര്യം മനസ്സിലാക്കിതരുന്നവയാണ്. താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക.

സ്രവിക്കപ്പെടുന്ന ശുക്ലത്തിലെ ലക്ഷക്കണക്കിന് ബീജങ്ങളിൽ ഒരെണ്ണം മാത്രമാണ് അണ്ഡവുമായി ചേർന്ന് ഭ്രൂണമായിത്തീരുന്നതെന്ന് നമുക്കറിയാം. മൈക്രോസ്കോപിന്റെ കണ്ടു പിടുത്തത്തിന് മുമ്പ് ശുക്ലസ്രാവം മൊത്തമായി ഘനീഭവിച്ചാണ് കുഞ്ഞുണ്ടാകുന്നതെന്നായിരുന്നു പൊതു വിശ്വാസം. എന്നാൽ ശുക്ലസ്രാവത്തിലെ ചെറിയ അംശത്തിൽ നിന്നാണ് മനുഷ്യസൃഷ്ടിയുടെ പ്രാരംഭമെന്ന വസ്തുത പതിനാലു നൂറ്റാണ്ടു മുമ്പവതരിച്ച ഖുർആൻ സൂക്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 'അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ?'? *(ഖുർആൻ 75:37).*

ഈ ഖുർആൻ വചനത്തെ മുഹമ്മദ് നബി(സ) ഇങ്ങനെ വ്യാഖ്യാനിച്ചു 'മുഴുവൻ ദ്രാവകത്തിൽ നിന്നുമല്ല, അതിലെ ചെറിയൊരു അംശത്തിൽ നിന്നുമാത്രമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നത്' *(സഹീഹു മുസ്‌ലിം).*

പുരുഷബീജം അണ്ഡവുമായി കൂടിച്ചേരുമ്പോഴാണ് ഭ്രൂണം ഉണ്ടാകുന്നതെന്ന് നമുക്കറിയാം. എന്നാൽ പുരുഷബീജത്തിനകത്ത് ഒരു കൊച്ചുകുഞ്ഞ് ഒളിഞ്ഞിരിപ്പുണ്ടെന്നും അമ്മയുടെ ഗർഭാശയം ആ കുഞ്ഞിന് വളരാനുള്ള ഇടമൊരുക്കുക മാത്രമെ ചെയ്യുന്നുള്ളൂവെന്നുമായിരുന്നു പതിനെട്ടാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന വിശ്വാസം. ഇതിൽ നിന്ന് വ്യത്യസ്ഥമായി കൂടിച്ചേരുന്ന ബീജത്തിൽ നിന്നാണ് മനുഷ്യസൃഷ്ടി നടക്കുന്നതെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്.' കൂടിച്ചേർന്നുണ്ടാകുന്ന ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു'*(ഖുർആൻ 76:2)*

ഇവിടെ 'നുത്ഫത്തിൻ അംശാജിൻ' എന്നാണ് അറബിയിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. കൂടിച്ചേർന്നുണ്ടായ ബീജം എന്നർഥം.സ്ത്രീ-പുരുഷ ബീജങ്ങൾ കൂടിച്ചേർന്നുണ്ടാകുന്ന സിക്താണ്ഡത്തിന്റെ പ്രാഥമിക രൂപമായിരിക്കാം ഇവിടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. ബീജങ്ങളുടെ സങ്കലിതത്തിൽ നിന്നാണ് കുഞ്ഞുണ്ടാകുന്നതെന്ന് മുഹമ്മദ് നബി(സ) പറഞ്ഞതായിക്കാണാം ' മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് രണ്ടിൽ നിന്നും കൂടിയാകുന്നു. പുരുഷബീജത്തിൽ നിന്നും സത്രീബീജത്തിൽ നിന്നും' *(അഹ്മദ്).*

ഭ്രൂണത്തിന്റെ വളർച്ച നടക്കുന്നത് ഗർഭാശയത്തിനകത്തു വെച്ചാണല്ലോ. മൂന്ന് ആവരണങ്ങളാണ് അമ്മയുടെ വയറ്റിനകത്തുള്ളത്. ഒന്ന്, അടിവയറിന്റെ ഭിത്തി. രണ്ട്, ഗർഭാശയഭിത്തി. മൂന്ന്, ഗർഭാശയത്തിനകത്തെ ആംനിയോൺ കോറിയോൺ പാട. ഭ്രൂണത്തെ വെളിച്ചത്തിൽ നിന്ന് സംരക്ഷിക്കുകയെന്ന മർമപ്രധാനമായ ധർമം നിർവഹിക്കുന്ന ഈ ആവരണങ്ങളെ ഇരുട്ടുകൾ എന്ന് വിളിക്കുന്നതിൽ യാതൊരു അസാംഗത്യവുമില്ല. മൂന്ന് ഇരുട്ടുകൾക്കത്ത് വെച്ചാണ് ഭ്രൂണവളർച്ച നടക്കുന്നെതെന്ന വസ്തുത ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

'നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ മൂന്ന്തരം ഇരുട്ടുകൾക്കുള്ളിലായി സൃഷ്ടിയുടെ ഒരു ഘട്ടത്തിനു ശേഷം മറ്റൊരു ഘട്ടമായികൊണ്ട് നിങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നു' *(ഖുർആൻ 39:6).*

മനുഷ്യഭ്രൂണത്തിന്റെ വളർച്ചയിലെ വ്യത്യസ്ത ഘട്ടങ്ങളെക്കുറിച്ച ഖുർആനിന്റെ വിശദീകരണം അത് ഉപയോഗിച്ചിരുന്ന പദങ്ങൾ പോലും എത്ര മാത്രം കൃത്യവും സൂക്ഷ്മവുമാണെന വസ്തുത വ്യക്തമാക്കും.

ഭ്രൂണത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളെക്കുറിക്കുന്ന ഖുർആൻ വാക്യത്തിന്റെ സാരം ഇങ്ങനെയാണ്:

'തീർച്ചയായും മനുഷ്യനെ നാം കളിമണ്ണിന്റെ സത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ 'അലഖ' യായി രൂപപ്പെടുത്തി പിന്നെ അലഖയെ 'മുദ്അ' യായി രൂപപ്പെടുത്തി. തുടർന്ന് ആ 'മുദ്അ'യെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് ആ അസ്ഥികൂടത്തെ മാസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു' *(ഖുർആൻ 23:12-14).*





ഭ്രൂണത്തിന്റെ ഘട്ടങ്ങളായി ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്ന എല്ലാ അവസ്ഥകളും മനുഷ്യ ഭ്രൂണത്തിന്റെ വളർച്ചയിൽ കഴിഞ്ഞുപോകുന്നുവെന്നാണ് ആധുനിക പഠനങ്ങൾ വ്യക്തമാക്കുന്നത്.

1. അലഖ- ഈ പദത്തിന് എന്തെങ്കിലും ഒട്ടിപ്പിടിക്കുകയോ പറ്റിച്ചേരുകയോ ചെയ്യുന്നത് എന്നാണർഥം. ഗർഭാശയത്തിലെ ഭ്രൂണത്തിന്റെ ആദ്യത്തെ അവസ്ഥയെ കുറിക്കുന്ന പദമാണിത്. ബീജസങ്കലനം നടന്ന് ഏഴാമത്തെ ദിവസം ഭ്രൂണം ഗർഭാശയത്തിന്റെ ആന്തരപാളിയായ എൻഡ്രോമെട്രിയത്തിൽ പറ്റിപിടിക്കും. ഇങ്ങനെ പറ്റിപ്പിടിച്ച് വളരാനാരംഭിക്കുന്ന ഭ്രൂണത്തെകണ്ടാൽ ഗർഭാശയത്തിൽ പറ്റിപ്പിടിച്ച നീരട്ടയാണെന്ന് തോന്നും. അലഖ് എന്ന പദത്തിന് നീരട്ടയെന്നും അർഥമുണ്ട്. (പറ്റിപ്പിടിക്കുന്ന നീരട്ടയുടെ സ്വഭാവത്തിൽ നിന്നാണ് ഈ പേരു ലഭിച്ചത്) ഭ്രൂണത്തിന്റെ ആദ്യാവസ്ഥയെ കുറിക്കാൻ ഖുർആൻ ഉപയോഗിച്ചപദം-അലഖ- വളരെ കൃത്യമാണെന്നർഥം.

2. മുദ്അ- 'ചവച്ചരക്കപ്പെട്ടത് ' എന്നാണ് ഈ പദത്തിൻെറ അർഥം. 27 ദിവസം പ്രായമായ ഭ്രൂണത്തെക്കണ്ടാൽ അത് ചവച്ചുതുപ്പിയ ഒരു മാംസക്കഷ്ണമാണെന്നേ തോന്നൂ. ചവച്ചുതുപ്പിയത്പോലെ തോന്നിക്കുന്ന പല്ലടയാളങ്ങൾ പോലും അതിന്മേൽ ഉണ്ടായിരിക്കും. 'അലഖ' യിൽ നിന്ന് 'മുദ്അ' യായി രൂപപ്പെടുത്തിയെന്ന ഖുർആനിക പരാമർശം സത്യസന്ധമാണെന്ന വസ്തുത ഇവിടെ അനാവൃതമാകുന്നു.

3. അസ്ഥി- ചവച്ചരക്കപ്പെട്ട മാംസപിണ്ഡം പോലെ തോന്നിച്ചിരുന്ന അവസ്ഥയിൽ നിന്ന്  അഞ്ചാഴ്ച പ്രായമായാൽ അസ്ഥികൾ രൂപപ്പെടാൻ ആരംഭിക്കും. 'മുദ്ഗയിൽ നിന്ന് അസ്ഥികൂടം രൂപപ്പെടുത്തി' യെന്ന ഖുർആനിന്റെ വചനം ഏത്രശരി!

4. പേശികൾ- അസ്ഥികൾ രൂപപ്പെട്ട് അതിൽ മാംസപേശികൾ പൊതിയുന്നതോടെയാണ് രൂപം തെളിഞ്ഞ ശിശുവായിത്തീരുന്നത്. 'എന്നിട്ട് അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു.' വെന്ന ഖുർആനിക പരാമർശത്തിന്റെ സത്യത ഇവിടെയും നമുക്ക് ബോധ്യമാവുന്നു.

ഖുർആനിൽ പ്രായോഗിക്കപ്പെട്ടിരിക്കുന്ന ക്രിയകൾ പോലും വളരെ കൃത്യമാണെന്ന വസ്തുത അതിന്റെ അജയ്യതയും അമാനുഷികതയും വിളിച്ചോതുന്നു. മറ്റു സെമിറ്റിക് ഭാഷകളെപ്പോലെ, അറബിയിലും പുല്ലിംഗക്രിയയും സത്രീലിംഗക്രിയയുമുണ്ട്. മലയാളത്തിലോ ഇംഗ്ലീ

ഷിലോ ഇങ്ങനെയുള്ള ഒരു ക്രിയാവിഭജനമില്ല. സ്ത്രീയുടെയും പുരുഷന്റെയും ചെയ്തികളെ ദ്യോതിപ്പിക്കാൻ വ്യത്യസ്ത പ്രയോഗങ്ങളാണ് അറബിയിലുള്ളത്. ഇത്തരം പ്രയോഗങ്ങളിൽ പോലും കൃത്യതയും സൂക്ഷ്മതയും പുലർത്തുന്നുണ്ട്, ഖുർആൻ. തേനീച്ചകളെക്കുറിച്ച് വിശദീകരിച്ചിരിക്കുന്ന ഖുർആൻ സൂക്തങ്ങൾ നോക്കുക:

'നിന്റെ നാഥൻ തേനീച്ചക്ക് ഇപ്രകാരം ബോധനം നൽകുകയും ചെയ്തിരിക്കുന്നു: മലകളിലും മരങ്ങളിലും മനുഷ്യൻ കെട്ടിയുയർത്തുന്ന വയിലും നീ പാർപ്പിടങ്ങൾ ഉണ്ടാക്കികൊള്ളുക. പിന്നെ എല്ലാ ഫലങ്ങളിൽ നിന്നും നീ ഭക്ഷിച്ചുകൊള്ളുക. അവയുടെ ഉദരങ്ങളിൽ നിന്ന് വ്യത്യസ്ഥ വർണങ്ങളുള്ള പാനീയം പുറത്ത് വരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. ചിന്തിക്കുന്ന ആളുകൾക്ക് അതിൽ തീർച്ചയായും ദൃഷ്ടാന്തമുണ്ട്' *(ഖുർആൻ: 16:68,69).*

ഈ സൂക്തങ്ങളിൽ തേനീച്ചയോടുള്ള ദൈവിക ബോധനത്തെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. മൂന്ന് കൽപനകളാണ് ഈ വചനങ്ങളിലുള്ളത്. നീ പാർപ്പിടങ്ങൾ ഉണ്ടാക്കിക്കൊള്ളുക, നീ ഭക്ഷിച്ചുകൊള്ളുക, നീ പ്രവേശിച്ചുകൊള്ളുക എന്നിവയാണവ. ഇവയ്ക്ക് ഖുർആനിൽ യഥാക്രമം ഇത്തഖിദീ, കുലീ, ഫസ്‌ലുക്കീ എന്നിങ്ങനെയാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ഇവയെല്ലാം സ്ത്രീ ലിംഗ ക്രിയകളാണ്. അഥവാ, സ്ത്രീയോട് ഭക്ഷിക്കുവാനായി കൽപിക്കുമ്പോഴെ 'കുലീ' എന്ന് പറയുകയുള്ളൂ. പുരുഷനോടാണെങ്കിൽ "കുൽ" എന്നാണു പറയുക. ഇതിൽ നിന്ന് പാർപ്പിടമുണ്ടാക്കുവാനും ഭക്ഷണം ശേഖരിക്കുവാനുമെല്ലാം കഴിവു നൽകപ്പെട്ടിരിക്കുന്നത് പെൺതേനീച്ചക്കാണെന്ന കാര്യം അറിയാവുന്നവനാണ് ഖുർആൻ രചിച്ചിട്ടുള്ളതെന്ന വസ്തുത വ്യക്തമാവുന്നു. ക്രിസ്താബ്ദം 1876 ലാണല്ലോ ഹോളണ്ടുകാരനായ സ്വാമർഡാം തേനീച്ചകളുടെ സാമൂഹ്യജീവിതത്തിലെയും ജോലി വിഭജനത്തിലെയും അൽഭുതങ്ങളെക്കുറിച്ച് ലോകത്തിന് അറിവു നൽകിയത്. പത്തൊൻപതാം നൂറ്റാണ്ടിൽ മാത്രം മാനവരാശി നേടിയെടുത്ത പെൺ തേനീച്ചകളാണ് ജോലിക്കാരെന്ന അറിവ് ഖുർആനിലെ പരാമർശങ്ങളുടെ കൃത്യതക്ക് സാക്ഷ്യം നിൽകുന്നു. പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് ഈ വസ്തുതകൾ വ്യക്തമാക്കുവാൻ ഒരു മനുഷ്യനും കഴിയില്ല. കാലാതീതമായ അറിവിന്റെ ഉടമസ്ഥനിൽ നിന്നുള്ളതാണ് ഖുർആനെന്ന വസ്തുതയാണ് ഇവിടെയും വ്യക്തമാകുന്നത്.

ഇതുപോലെ ചിലന്തിയെക്കുറിച്ച് പരാമർശിക്കുന്നിടത്തും ഖുർആൻ





കൃത്യമായ പരാമർശനങ്ങൾ നടത്തുന്നത് കാണാം. ചിലന്തിയെപ്പറ്റിയുള്ള സൂക്തത്തിന്റെ സാരം കാണുക. 'അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ എട്ടുകാലിയുടേത് പോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി. വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായത് എട്ടുകാലിയുടെ വീട് തന്നെ. അവർ കാര്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ!' *(ഖുർആൻ 29:41).* ഇവിടെ 'അത് ഒരു വീടുണ്ടാക്കി' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'ഇത്തഖദത്ത് ബൈത്തൻ' എന്ന അറബി വാചകത്തെയാണ്. 'ഇത്തഖദത്' എന്നാൽ 'നിർമിച്ചു' വെന്നതിന്റെ സ്ത്രീലിംഗ ക്രിയയാണ്. (സ്ത്രീ) നിർമിച്ചുവെന്നാണർഥം. ചിലന്തിവീടുകൾ നിർമിക്കുന്നത് പെൺ എട്ടുകാലികളാണെന്ന വസ്തുത ഇന്നു നമുക്കറിയാം. പദങ്ങൾ പ്രയോഗിക്കുന്നിടത്തുള്ള അമാനുഷികതയ്ക്കുള്ള തെളിവുകളിലൊന്നാണിതും.

ഖഗോള ശാസ്ത്രം മുതൽ ആണവ ശാസ്ത്രം വരെയുള്ള ശാസ്ത്രശാഖകളിൽ പുതിയ കണ്ടെത്തലുകൾ നടക്കുമ്പോൾ ഖുർആനിന്റെ സത്യതയും ദൈവികതയും കൂടുതൽ കൂടുതൽ ബോധ്യപ്പെടുകയാണ് ചെയ്യുന്നത്. 1929 ൽ ബ്രിട്ടീഷ്, ജ്യോതി ശാസ്ത്രജ്ഞനായ എഡ്വിൻ പി. ഹബുൾ പ്രപഞ്ചം വികസിക്കുന്നുവെന്ന നിഗമനത്തിലെത്തി. ഗാലക്സികളിൽ നിന്നുള്ള പ്രകാശതരംഗങ്ങളുടെ ഫലമായി അനുഭവപ്പെടുന്ന അരുണഭ്രംശ (red shift) മാണ് ഗാലക്സികൾ അകന്നു നീങ്ങിക്കൊണ്ടിരിക്കുന്നുവെന്ന നിഗമനത്തിലെത്താൻ ഹബുളിനെ പ്രേരിപ്പിച്ചത്.ഈ അരുണഭ്രംശം യാഥാർഥ്യം തന്നെയാണെന്നും അതുകൊണ്ട് തന്നെ പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്നുവെന്നും അദ്ദേഹത്തിനു ശേഷവും പ്രഗത്ഭരായ പലരും ഗവേഷണം ചെയ്തു കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രപഞ്ചം വികസിക്കുന്നുവെന്ന യാഥാർഥ്യം പതിനാലു നൂറ്റാണ്ടുകൾക്കുമുമ്പു തന്നെ ഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ട്. 'ആകാശമാകട്ടെ നാമതിനെ കരങ്ങളാൽ നിർമിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനുമാകുന്നു' *(ഖുർആൻ 51:47)*വെന്ന് സ്രഷ്ടാവ് ഖുർആനിലൂടെ പ്രഖ്യാപിക്കുമ്പോൾ പ്രപഞ്ചവികാസമെന്ന പ്രതിഭാസമാണ് നമുക്കുമുന്നിൽ തെളിഞ്ഞുവരുന്നത്.

പ്രപഞ്ചം വികസിക്കുന്നുവെന്ന സങ്കൽപത്തിൻമേലാണ് ആധുനിക പ്രപഞ്ചമാതൃക നിർമിക്കപ്പെട്ടിട്ടുള്ളത്. ആ മാതൃക പ്രകാരമുള്ള പ്രപഞ്ചത്തിന്റെ ഉൽപത്തിയെ സബന്ധിച്ച സിദ്ധാന്തം മഹാ വി സ്ഫോടന സിദ്ധാന്ത (Big Bang Theory) മെന്ന പേരിലാണ് അറിയപ്പെടുന്നത്. ആകാ

ശഗോളങ്ങളും ഭൂമിയുമെല്ലാം ഒരൊറ്റ ആദി പദാർത്ഥത്തിന്റെ ഭാഗമായി രുന്നു. അനന്തസാന്ദ്രമായ ആ 'കോസ്മിക്' എഗ്ഗ് ഒരു ഹബിൾ സമയ ത്തിനുമുമ്പ് പൊട്ടിത്തെറിച്ചുവെന്നും അതിൽ നിന്നും ആകാശഗോളങ്ങ ളും ഭൂമിയുമെല്ലാം ഉണ്ടായി എന്നും ഈ സിദ്ധാന്തം സമർഥിക്കുന്നു.

മഹാ വിസ്ഫോടന സിദ്ധാന്തത്തിന്റെ സാധ്യത ചോദ്യം ചെയ്യുന്ന ശാസ്ത്രജ്ഞരുണ്ട്. എഡ്വേർഡ് ലെയ് മാത്രയിൽ നിന്നു തുടങ്ങി സ്റ്റീ ഫൺ ഹോക്കിംങ്ങ് വരെയുള്ള ശാസ്ത്രജ്ഞർ പ്രസ്തുത സിദ്ധാന്ത ത്തിലെ വിശദാംശങ്ങളെ പലതവണ തിരുത്തുകയും പുതിയ സങ്കൽ പങ്ങളും സങ്കേതങ്ങളും അവതരിപ്പിക്കുകയും ചെയ്തിട്ടുമുണ്ട്. എന്നാൽ പ്രപഞ്ചത്തിലെ പദാർത്ഥമെല്ലാം ഒരൊറ്റ ആദിപിണ്ഡത്തിൽ നിന്ന് തന്നെ യാണുണ്ടായത് എന്നകാര്യത്തിൽ ഈ ശാസ്ത്രജ്ഞർക്കിടയിൽ തർക്ക മൊന്നും നിലനിൽക്കുന്നില്ല. ആകാശവസ്തുക്കളും ഭൂമിയുമെല്ലാം ഒരൊറ്റ പിണ്ഡത്തിൽ നിന്നാണുണ്ടായതെന്നാണ് ഖുർആനും പറയുന്നത്. ഈ വസ്തുത വ്യക്തമാക്കുന്ന ഖുർആൻ വചനം കാണുക. ' ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും, എന്നിട്ട് നാം അവയെ വേർപെ ടുത്തുകയാണ് ഉണ്ടായതെന്നും സത്യ നിഷേധികൾ കണ്ടില്ലേ? വെള്ള ത്തിൽ നിന്ന് എല്ലാ ജീവ വസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ് തു. എന്നിട്ടും അവർ' വിശ്വസിക്കുന്നില്ലേ? *(ഖുർആൻ 21:30).*

ആധുനിക പ്രപഞ്ചമാതൃക പ്രകാരം നക്ഷത്രങ്ങളുടെ സൃഷ്ടിയെ സംബന്ധിച്ച സിദ്ധാന്തം ഇങ്ങനെയാണ്: ഒരു തരം സാന്ദ്രീകരണ പ്രക്രി യയിലൂടെയാണ് നക്ഷത്രങ്ങൾ രൂപം കൊള്ളുന്നത്. നക്ഷത്രാന്തരീയ വാതകങ്ങളും പൊടിപടലങ്ങളും മറ്റും അടങ്ങിയ മേഘമാണ് നെബുല. നെബുലകളിലെ എണ്ണമറ്റ വാതക തന്മാത്രകൾക്കിടയിലും ധൂളികണ ങ്ങൾക്കിടയിലും പ്രവർത്തിക്കുന്ന ഗുരുത്വാകർഷണമാണ് നക്ഷത്ര പരി ണാമത്തിലെ പ്രഥമഘട്ടം. നെബുലയിൽ ഒരു പ്രദേശത്ത് പദാർത്ഥ കേന്ദ്രീകരണം നടക്കുമ്പോൾ ഒരുതരം ഗരുത്വാകർഷണ മേഖല ഉരു ത്തിരിയുകയും അതോടുകൂടി അവിടേക്ക് പദാർത്ഥ കേന്ദ്രീകരണം നടക്കുകയും അങ്ങനെ ധൂളികളുടെയും വാതകങ്ങളുടെയും ശേഖര മുണ്ടാവുകയും ചെയ്തുകൊണ്ടാണ് നക്ഷത്രങ്ങൾ രൂപമെടുക്കുന്നത്. ഈ വസ്തുതകൾ മുഴുവൻ കൂടി ഖുർആൻ വിവരിക്കുന്നത് ഇങ്ങനെ യാണ്: 'അതിനുപുറമെ അവൻ ഉപരിലോകത്തിന്റെയും സംവിധാനം നടത്തി. അത് ഒരു പുകയായിരുന്നു. അതിനോടും ഭൂമിയോടും അ വൻ ആജ്ഞാപിച്ചു: നിങ്ങൾ രണ്ടും അനുസരണപൂർവമോ നിർബ





ന്ധിതമോ ആയി വരിക. അവ രണ്ടും പറഞ്ഞു. ഞങ്ങളിതാ അനുസര ണമുള്ളവ രായി വന്നിരിക്കുന്നു' *(ഖുർആൻ 41:11).*

അന്തരീക്ഷം ഒരു മേൽ കൂരയാണെന്ന് ഇന്ന് നമുക്കറിയാം ഉൽ ക്കാ നിപാതങ്ങളിൽ നിന്നും അൾട്രാ വൈലറ്റ് രശ്മിയിൽ നിന്നും ഭൂമി യെ രക്ഷിക്കുന്നത് അന്തരീക്ഷമെന്ന മേൽകൂരയാണ് 'ഉപരിലോകത്തെ നാം സംരക്ഷിതമായ ഒരു മേൽ കൂരയാക്കിയിട്ടുണ്ട്' (21:32) എന്ന ഖുർ ആനിക പരാമർശം എത്ര ശരി.

ഭൂകമ്പ തരംഗങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിൽ ഒരു നല്ല പങ്ക് വഹിക്കുന്നത് പർവതങ്ങളാണ്. ഭൂഗോളത്തിന്റെ ആന്തരികവും ബാ ഹ്യവുമായ ഘടന പരിരക്ഷിക്കുന്നതിൽ പർവ്വതങ്ങൾക്ക് ഗണ്യമായ പങ്കുണ്ട്. ഭൂമിയുടെ സന്തുലിതത്വം സംരക്ഷിക്കുന്നതിൽ പർവതങ്ങളു ടെ സംഭാവനയെക്കുറിച്ച് മനസ്സിലായത് ചന്ദ്രഗോളത്തെക്കുറിച്ച പഠന ത്തിൽ നിന്നായിരുന്നു. ഭൂമിയുടെ അടിയിൽ ബസാൾട്ടിൽ ചെന്നുമുട്ടു ന്നവേരുകളുണ്ട്, പർവതങ്ങൾക്ക്. ഈ വേരുകളാണ് ഭൂമിയെ സന്തു ലിതമായി നിലനിർത്തുന്നത്. ഭൂമിയുടെ പ്രതലത്തിൽ അടിച്ചുകയറ്റിയ ആണികളെപ്പോലെയാണ്പർവതങ്ങളുടെ കിടപ്പ്. 'ഭൂമിയെ നാമൊരു വിരിപ്പും പർവതങ്ങളെ ആണികളുമാക്കിയില്ലേ' (ഖുർആൻ 78:6,7) യെ ന്നും 'ഭൂമി അവരെയും കൊണ്ട് ഇളകാതിരിക്കുവാനായി അതിൽ നാം ഉറച്ച് നിൽക്കുന്ന പർവതങ്ങളുണ്ടാക്കുകയും ചെയ്തിരിക്കുന്നു' *(ഖുർ ആൻ 21:31)* എന്നും ഖുർആൻ പ്രഖ്യാപിക്കുമ്പോൾ ആധുനിക ശാസ് ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ഇത്ര കൃത്യമായി പറഞ്ഞതെങ്ങനെയെന്ന് നാം അത്ഭുതപ്പെട്ട് പോകുന്നു.

ജന്തുലോകത്ത് നടക്കുന്ന പ്രത്യുൽപാദനം പൊതുവെ ലൈംഗിക മാണ്. സസ്യലോകത്ത് ലൈംഗികവും അലൈംഗികവുമായ പ്രത്യുൽ പാദന രീതികളുണ്ട്. ലൈഗിക പ്രത്യുൽപാനത്തിൽ ഇണകളുടെ അ നിവാര്യത ആർക്കും ബോധ്യപ്പെടുത്തേണ്ടതില്ല. ഈ ഇണകളാണ് ജന്തു സസ്യങ്ങളുടെ നിലനിൽപിന് നിദാനം. ജീവികൾ മാത്രമല്ല അചേതന മായ പല വസ്തുക്കളും നിലനിൽക്കുന്നത് ഇണകളുടെ സംസർഗത്തിൽ നിന്നാണെന്ന് ആധുനിക ശാസ്ത്രം സിദ്ധാന്തിക്കുന്നണ്ട്. വൈദ്യുതി യുടെ നിലനിൽപിന് കാരണം പോസിറ്റീവ് നെഗറ്റീവ് ചാർജുകളുടെ അസ്തിത്വമാണല്ലോ. പദാർത്ഥത്തിലെ ഏറ്റവും മൗലിക കണങ്ങളായ ആറ്റത്തിനകത്തുള്ള ഇലക്ട്രോണും പ്രോട്ടോണും ഇണകളാണെന്നും നമുക്കെല്ലാമറിയാം. മൗലിക കണങ്ങൾ നിർമിക്കപ്പെട്ടിരിക്കുന്നതും കാർ

ക്കുകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും ഇണകളുടെ സംഗമത്തിൽ നിന്നാണ്. ഖുർആനിന്റെ പരാമർശം എത്ര ശരി. ''ഭൂമി മുളപ്പിക്കുന്ന സസ്യങ്ങളിലും അവരുടെ സ്വന്തം വർഗങ്ങളിലും അവർക്കറിയാത്ത വസ്തുക്കളിലും പെട്ട എല്ലാ ഇണകളെയും സൃഷ്ടിച്ചവൻ എത്ര പരിശുദ്ധൻ'' (36:36).

അത്ഭുതം! ഈ വചനങ്ങൾ മൊഴിയുന്നത് ആറാം നൂറ്റാണ്ടിൽ ജീവിച്ച നിരക്ഷരനായ ഒരു മനുഷ്യനാണ്. ഇരുപതാം നൂറ്റാണ്ടിൽ മാത്രം കണ്ടുപിടിക്കപ്പെട്ട ശാസ്ത്രവസ്തുതകൾ ഒരു തെറ്റും പറ്റാതെ ഈ വചനങ്ങളിൽ വ്യക്തമാകുന്നു. ഇനിയും നാം ചിന്തിക്കുക. ഈ ഗ്രന്ഥം ദൈവികമല്ലയെന്ന് പറയാനെങ്ങനെ സാധിക്കും? ഭൂതകാലവും ഭാവികാലവും വർത്തമാനകാലവും വ്യക്തമായി അറിയാവുന്ന രഹസ്യവും പരസ്യവും ശരിക്കറിയാവുന്ന ഒരുവനിൽ നിന്നല്ലാതെ ഈ ഗ്രന്ഥമുണ്ടാവുക സാധ്യമല്ല തന്നെ.

ഖുർആനിന്റെ പ്രഖ്യാപനം എത്ര ശരി 'പറയുക: ഈ ഖുർആനിന് സമമായൊന്ന് കൊണ്ടു വരുവാൻ വേണ്ടി മനുഷ്യരും ജിന്നും ഒരുമിച്ച് ചേർന്നാലും ഇതിന് സമമായത് അവർ കൊണ്ടുവരികയില്ല. അവർ തമ്മിൽ തമ്മിൽ സഹായിച്ചിരുന്നാലും ശരി' *(ഖുർആൻ 17:88).*

**<u>ഉപസംഹാരം</u>**

ഒരു വേദഗ്രന്ഥത്തിന് ആവശ്യമായഎല്ലാ ഗുണങ്ങളും ഒത്തു ചേർന്നിട്ടുള്ളത് ഖുർആനിൽ മാത്രമാണെന്നുള്ളതാണ് സത്യം.

ഖുർആൻ ദൈവിക ഗ്രന്ഥമാണെന്ന് സ്വയം പ്രഖ്യാപിക്കുന്നു. അത് നൽകുന്ന ധാർമിക സദാചാര നിയമങ്ങൾക്ക് തുല്യമായ നിയമങ്ങൾ മറ്റൊരു ഗ്രന്ഥത്തിലുമില്ല. അതു പഠിപ്പിക്കുന്ന ചരിത്രം കളങ്കരഹിതവും സത്യസന്ധവുമാണ്. അതിൽ യാതൊരു വൈരുധ്യങ്ങളുമില്ല. അവതരിപ്പിക്കപ്പെട്ട രീതിയിൽ ഇന്നും നിലനിൽക്കുന്ന ഏക വേദഗ്രന്ഥവും അതൊന്നുമാത്രമാണ്. അത് ലോകത്തിനുമുമ്പിൽ കൊണ്ടുവന്ന വ്യക്തി ഒരിക്കലെങ്കിലും കളവുപറഞ്ഞിട്ടില്ല. അത് സൃഷ്ടിച്ച വിപ്ലവം അതുല്യമാണ്. അത് ഒരേസമയം ഒരു വേദഗ്രന്ഥവും അമാനുഷിക ദൃഷ്ടാന്തവുമാണ്. അതിലേതിന് തുല്യമായി ഒരധ്യായമെങ്കിലും കൊണ്ടുവരാൻ വേണ്ടി ഖുർആൻ നടത്തിയ വെല്ലുവിളിക്ക് ഇതുവരെയും ഉത്തരം നൽകപ്പെട്ടിട്ടില്ല. അതുനടത്തിയ പ്രവചനങ്ങളൊന്നും തെറ്റിയിട്ടില്ല. ശാസ്ത്ര സാങ്കേതിക രംഗത്ത് നടന്ന അതി ശക്തമായ വിപ്ലവങ്ങൾ





ക്കൊന്നും തന്നെ ഖുർആനിലെ ഒരു വചനം പോലും തെറ്റാണെന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല.

എങ്കിൽ എന്തുകൊണ്ട് ഖുർആൻ ദൈവികമായി അംഗീകരിച്ചുകൂടാ?. ദൈവിക ഗ്രന്ഥത്തിനുണ്ടായിരിക്കണമെന്ന് നമ്മുടെ മനസ്സ് മന്ത്രിക്കുന്ന എല്ലാ സവിശേഷ ഭാവങ്ങളുമുള്ള ഒരൊറ്റ ഗ്രന്ഥം മാത്രമെ നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ-ഖുർആൻ. തീർച്ചയായും നമുക്കംഗീകരിക്കാം, അതൊരു ദൈവിക ഗ്രന്ഥമാണെന്ന്.

ഖുർആൻ സത്യവേദമാണോയെന്ന് പരിശോധിക്കാൻ വേണ്ടി അത് മനുഷ്യരോട് ആഹ്വാനം ചെയ്യുന്നു. പരിശോധനയിൽ അത് ദൈവികമാണെന്ന് തെളിഞ്ഞു കഴിഞ്ഞാൽ തൻെറ ജീവിത മാർഗരേഖയായി അതിനെ സ്വീകരിക്കേണ്ടത് ഓരോ മനുഷ്യന്റെയും ബാധ്യതയാണ്. കേവല നിഷേധികളായി ഖുർആനിനെ അംഗീകരിക്കാത്തവർക്ക് കഠിനമായ ശിക്ഷയാണ് മരണാനന്തരം നൽകപ്പെടുകയെന്ന സത്യം ഖുർആൻ തന്നെ ഉൽഘോഷിക്കുന്നുണ്ട്. ' നമ്മുടെ ദാസന്ന് നാം അവതരിപ്പിച്ചു കൊടുത്തതിനെ (വിശുദ്ധ ഖുർആനിനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടു വരിക. അല്ലാഹുവിന്നു പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരാണങ്കിൽ. (അതാണല്ലൊ വേണ്ടത്) നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ലെങ്കിൽ – നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല- മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്ത് സൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്ക് വേണ്ടി ഒരുക്കപ്പെട്ടതാകുന്നു അത്' *(ഖുർആൻ 2:23,24).*

*****